بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ نَحۡمَدُہٗ وَنُصَلِّیۡ عَلٰی رَسُوۡلِہِ الۡکَرِیۡمِ وَعَلٰی عَبۡدِہِ الۡمَسِیۡحِ الۡمَوۡعُوۡدِ

وَلَقَدۡ نَصَرَکُمُ اللّٰہُ بِبَدۡرٍ وَّاَنۡتُمۡ اَذِلَّۃٌ

# ബദർ

വീക്കിലി ഖാദിയാൻ

The weekly
BADAR Qadian
Malayalam

വാള്യം 3

ലക്കം 19

വാർഷിക വരിസംഖ്യ 500 രൂപ

പത്രാധിപർ എച്ച്.ശംസുദ്ദീൻ

സഹപത്രാധിപർ മുഹമ്മദ് ഇസ്മായീൽ

www.akhbarbadrqadian.in

2018 മെയ് 10/ഹി:ശം:1397 ഹിജ്റത്ത് 10/ഹി:ഖ:1439 ശഅ്ബാൻ 23


## അല്ലാഹുവിന്റെ വചനം

یٰۤاَیُّہَا الَّذِیۡنَ اٰمَنُوۡا کُتِبَ عَلَیۡکُمُ الصِّیَامُ کَمَا کُتِبَ عَلَی الَّذِیۡنَ مِنۡ قَبۡلِکُمۡ لَعَلَّکُمۡ تَتَّقُوۡنَ ﴿۱۸۴﴾

സത്യവിശ്വാസികളേ! നിങ്ങൾക്കു മുമ്പേയുള്ളവർക്കു നിർബന്ധമാക്കപ്പെട്ടിരുന്നതുപോലെ നിങ്ങൾക്കും വ്രതാനുഷ്ഠാനം നിർബന്ധമാക്കപ്പെട്ടിരിക്കുന്നു; നിങ്ങൾ ദോഷബാധയെ സൂക്ഷിക്കുവാൻ വേണ്ടി. (2:184)

## അഹ്മദിയ്യാ വാർത്ത

അൽഹംദുലില്ലാഹ് സയ്യിദുനാ അമീറുൽ മുഅ്മിനീൻ അയ്യദഹുല്ലാഹ് അല്ലാഹുവിന്റെ അനുഗ്രഹത്താൽ സുഖത്തിലും ക്ഷേമത്തിലുമാണ്. സ്നേഹിതന്മാർ അമീറുൽ മുഅ്മിനീന്റെ പൂർണാരോഗ്യത്തിനും സ്വാസ്ഥ്യത്തിനും ദീർഘായുസ്സിനും ഉന്നതലക്ഷ്യങ്ങളിൽ വിജയവും പ്രത്യേകകാവലും ഉണ്ടാകുന്നതിനും ദുആ ചെയ്യുക. അല്ലാഹു എപ്പോഴും അമീറുൽ മുഅ്മിനീന്റെ സംരക്ഷകനും സഹായിയുമായിരിക്കട്ടെ. ആമീൻ

**സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറഞ്ഞു:കശ്തിയെ നൂഹ് എന്ന ഗ്രന്ഥത്തിലുള്ള നമ്മുടെ അധ്യാപനം എന്ന ഭാഗം ഒരു അഹ്മദി തീർച്ചയായും വായിക്കേണ്ടതാണ്. എന്നല്ല കശ്തിയെ നൂഹ് മുഴുവനും തന്നെ വായിക്കേണ്ടതാണ്.**

**20,22 കൊല്ലക്കാലമായി പ്രചരിച്ചുപോന്നിട്ടുള്ള ഈ പ്രവചനം പുലരാതിരുന്നാൽ ഞാൻ അല്ലാഹുവിൽനിന്നുള്ളവനല്ല. എന്റെ ഭവനത്തിന്റെ നാലുകെട്ടിനകത്തുള്ള ആത്മാർഥരായിട്ടുള്ളവർ ഈ രോഗത്താലുള്ള മരണത്തിൽനിന്ന് സുരക്ഷിതരായിരിക്കും. എന്റെ പ്രസ്ഥാനത്തിലുള്ളവർ താരതമ്യേന പ്ലേഗിന്റെ ആക്രമണത്തിൽനിന്ന് അതീതരായിരിക്കും അവരിൽ കാണപ്പെടാവുന്ന സുരക്ഷിതത്വം മറ്റൊരു വിഭാഗത്തിലും ദൃശ്യമാകാത്തവിധം നിസ്തുല്യമായിരിക്കും.**

## സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശങ്ങൾ

ആ സർവ്വശക്തനായ അല്ലാഹുവിന്റെ വാഗ്ദാനങ്ങൾ സത്യമാണെന്ന് ആത്മീയദൃഷ്ടിയാൽ ഞാൻ പറയുന്നു. വരുവാനുള്ള ആ ദുരന്തദിനങ്ങൾ വന്നുകഴിഞ്ഞെന്നോണം ഞാൻ കാണുന്നു. ഏതെങ്കിലും പ്രകാരത്തിൽ പ്ലേഗിൽനിന്ന് ജനങ്ങൾ രക്ഷപ്പെടണമെന്നതാണ് നമ്മുടെ ഗവൺമെന്റിന്റെ യഥാർഥ ഉദ്ദേശ്യമെന്നും എനിക്കറിയാം. ഭാവിയിൽ ഏതെങ്കിലും കാലത്ത് പ്ലേഗിൽനിന്ന് രക്ഷപ്പെടാൻ കുത്തിവെപ്പിനേക്കാൾ മികച്ചതായ എന്തെങ്കിലും ഉപായം സർക്കാരിന് കിട്ടിയാൽ അവർ അതിനെ സസന്തോഷം സ്വീകരിക്കുന്നതാണ്. ഈ രീതിയിൽ അല്ലാഹു എന്നെ നയിച്ചിട്ടുള്ള മാർഗം ഈ സർക്കാറിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കെതിരല്ലെന്ന് വ്യക്തമാണ്. ഇന്നേക്ക് ഇരുപത് വർഷം മുമ്പേ, കൊടുംനാശകാരിയായ ഈ പ്ലേഗിനെക്കുറിച്ച് എന്റെ ഗ്രന്ഥമായ ബറാഹീനെ അഹ്മദിയ്യായിൽ വാർത്തയുണ്ട്. ഈ പ്രസ്ഥാനത്തിന് പ്രത്യേകമായ അനുഗ്രഹങ്ങളുടെ വാഗ്ദാനവുമുണ്ട്. നോക്കുക, ബറാഹീനെ അഹ്മദിയ്യ, പേജ് – 518, 519. ഇതിനുപുറമെ, അല്ലാഹുവിന്റേയും അവന്റെ ഭൃത്യന്റേയും മുമ്പിൽ അഹങ്കരിക്കാത്ത, എന്റെ ഭവനത്തിന്റെ നാലുകെട്ടിനുള്ളിലെ, ആത്മാർഥതയുള്ളവരേയും പ്ലേഗിന്റെ വിപത്തിൽനിന്ന് രക്ഷിക്കുമെന്നുള്ള വലിയ ശക്തമായ പ്രവചനവും അല്ലാഹുവിൽനിന്നുണ്ട്. ആപേക്ഷികമായും തുലനം ചെയ്യുമ്പോഴും ഈ ജമാഅത്തിനുമേൽ അവന്റെ പ്രത്യേകാനുഗ്രഹമുണ്ടാകും. ആരുടെയെങ്കിലും വിശ്വാസപരമായ ദൗർബല്യമോ കർമ്മനഷ്ടമോ ദൈവവിധിയോ അല്ലെങ്കിൽ അല്ലാഹുവിന്റെ അറിവിലുള്ള മറ്റെന്തെങ്കിലും കാരണത്താലോ ഈ ജമാഅത്തിലും ഒറ്റപ്പെട്ട കേസുണ്ടായാൽത്തന്നെ അതില്ലാത്തതിന് സമമായിരിക്കും. എപ്പോഴും പോരാട്ടസമയത്ത് ആധിക്യമാണ് നോക്കാറുള്ളത്. ഏതുപോലെയെന്നാൽ പ്രതിരോധ കുത്തിവെപ്പ് എടുത്തിട്ടുള്ളവർ മറ്റുള്ളവരെ അപേക്ഷിച്ച് വളരെ കുറച്ചേ മരിക്കുന്നുള്ളുവെന്ന് സർക്കാർ സ്വന്തം പരീക്ഷണം നടത്തി മനസ്സിലാക്കിയിരിക്കുന്നു. അതിനാൽ ഒറ്റപ്പെട്ട മരണത്തിന് പ്രതിരോധ കുത്തിവെപ്പിന്റെ നിലവാരം കുറയ്ക്കാൻ പറ്റാത്തതുപോലെതന്നെ, തുലനം ചെയ്തു നോക്കുമ്പോൾ വളരെ കുറഞ്ഞ നിലയിൽ ഖാദിയാനിൽ പ്ലേഗിന്റെ അനിഷ്ട സംഭവങ്ങൾ ഉണ്ടാകുകയോ ഒറ്റപ്പെട്ടനിലയിൽ ഈ ജമാഅത്തിൽനിന്ന് ആരെങ്കിലും ഈ രോഗത്താൽ മരിക്കുകയോ ചെയ്താൽത്തന്നെ ഈ ദൃഷ്ടാന്തത്തിന്റെ നിലവാരം കുറയുകയില്ല. അല്ലാഹുവിന്റെ പരിശുദ്ധവചനങ്ങളിൽനിന്ന് വെളിവാകുന്ന വാക്കുകളനുസരിച്ചാണ് ഈ പ്രവചനം എഴുതപ്പെട്ടിരിക്കുന്നത്. ആദ്യംതന്നെ ദൈവിക കാര്യങ്ങളെ പരിഹസിക്കുകയെന്നത് ബുദ്ധിമാന്റെ പണിയല്ല. ഇത് അല്ലാഹുവിന്റെ വചനമാകുന്നു: ഏതെങ്കിലും ജ്യോത്സ്യന്റെ വാക്കുകളല്ല. ഇത് ജ്ഞാനപ്രകാശത്തിന്റെ അരുവിയിൽനിന്നുള്ളതാകുന്നു. അന്ധകാരത്തിന്റെ അനുമാനത്തിൽനിന്നുള്ളതല്ല. പ്ലേഗ് ഇറക്കിയവന്റെ വചനമാണിത്. അവനു മാത്രമേ അതകറ്റാനും കഴിയുകയുള്ളൂ. കുത്തിവെപ്പ് നടത്തിയവരെ അപേക്ഷിച്ച് ഇക്കൂട്ടർ, രോഗ വിമുക്തരും ആരോഗ്യവാന്മാരുമായിരിക്കുന്നുവെന്ന് കാണുമ്പോൾ നമ്മുടെ ഗവൺമെന്റ് ഈ പ്രവചനത്തെ വിലമതിച്ചുകൊള്ളുമെന്നതിൽ എനിക്ക് ഒരു സംശയവുമില്ല. ഞാൻ സത്യമായും പറയുന്നു: 20,22 കൊല്ലക്കാലമായി പ്രചരിച്ചുപോന്നിട്ടുള്ള ഈ പ്രവചനം പുലരാതിരുന്നാൽ ഞാൻ അല്ലാഹുവിൽനിന്നുള്ളവനല്ല. എന്റെ ഭവനത്തിന്റെ നാലുകെട്ടിനകത്തുള്ള ആത്മാർഥരായിട്ടുള്ളവർ ഈ രോഗത്താലുള്ള മരണത്തിൽനിന്ന് സുരക്ഷിതരായിരിക്കും. എന്റെ പ്രസ്ഥാനത്തിലുള്ളവർ താരതമ്യേന പ്ലേഗിന്റെ ആക്രമണത്തിൽനിന്ന് അതീതരായിരിക്കും അവരിൽ കാണപ്പെടാവുന്ന സുരക്ഷിതത്വം മറ്റൊരു വിഭാഗത്തിലും ദൃശ്യമാകാത്തവിധം നിസ്തുല്യമായിരിക്കും. ഖാദിയാനിൽ പ്ലേഗിന്റെ നാശം വിതയ്ക്കുന്ന ഭയാനകമായ വിപത്ത് വരികയില്ല– ഒന്നോ ഒറ്റയോ അല്ലാതെ – അഹോ കഷ്ടം! ഇക്കൂട്ടർ ഋജുമാനസരും ദൈവഭയമുള്ളവരുമായിരുന്നെങ്കിൽ പൂർണമായും രക്ഷിക്കപ്പെടുമായിരുന്നു. എന്തുകൊണ്ടെന്നാൽ മതങ്ങളുടെ അഭിപ്രായവ്യത്യാസങ്ങൾ കാരണത്താൽ ലോകത്ത് ആരുടെമേലും ശിക്ഷ ഇറങ്ങുകയില്ല. അത് ചോദിക്കപ്പെടുന്നത് പരലോകത്തായിരിക്കും. ലോകത്ത് ശിക്ഷ വരുന്നത് കേവലം ദുഷ്ടതകളുടെ ധൂർത്തും പാപങ്ങളുടെ ആധിക്യവും കൊണ്ടാണ്. വിശുദ്ധ ഖുർആനിൽ എന്നല്ല തൗറാത്തിന്റെ ചില ഏടുകളിലും വാഗ്ദത്ത മസീഹിന്റെ കാലത്ത് പ്ലേഗുണ്ടാകുമെന്ന് പറഞ്ഞിട്ടുള്ളതും ഓർക്കുക. മാത്രമല്ല, നസ്റേത്തുകാരനായ മസീഹും(അ) ഇഞ്ചീലിൽ ഇത് പറഞ്ഞുതന്നിരിക്കുന്നു. പ്രവാചകന്മാരുടെ പ്രവചനങ്ങൾ പുലരാതിരിക്കുക സംഭവ്യമല്ല. ഈ കാര്യംകൂടി ഓർത്തിരിക്കേണ്ടതാണ്. അതായത്, ദൈവികമായ വാഗ്ദാനത്തിന്നെതിരെ മാനുഷികമായ പ്രതിവിധികളെ നാം സ്വീകരിക്കാതിരിക്കുന്നത് ഈ ദിവ്യദൃഷ്ടാന്തം ഏതെങ്കിലും ശത്രു ദുർവ്യാഖ്യാനം ചെയ്യാതിരിക്കുവാൻ വേണ്ടിയാണ്. എന്നാൽ, അതോടൊപ്പം അല്ലാഹു തന്റെ ദിവ്യവചനം മുഖേന സ്വയം വല്ല പ്രതിവിധിയോ മരുന്നോ പറഞ്ഞുതരികയാണെങ്കിൽ അത്തരം പ്രതിവിധിയോ മരുന്നോ ഈ ദിവ്യദൃഷ്ടാന്തത്തിന്നെതിരാവുകയില്ല. കാരണം ഈ ദൃഷ്ടാന്തം വെളിപ്പെടുന്നവനിൽനിന്നുതന്നെയാണ് ആ പ്രതിവിധിയും. നമ്മുടെ ജമാഅത്തിൽനിന്ന് പേരിനാരെങ്കിലും പ്ലേഗുമൂലം മരണപ്പെടുന്നെങ്കിൽത്തന്നെ പ്രസ്തുത ദൃഷ്ടാന്തത്തിന്റെ നിലയ്ക്കോ പദവിക്കോ ഒരു കോട്ടവും വരികയില്ല. കാരണം പൂർവ്വകാലങ്ങളിൽ ഹദ്റത്ത് മൂസായ്ക്കും, യൂശഅ്നും, അവസാനം നമ്മുടെ നബികരീം(സ)നും കല്പനയുണ്ടായത്, വാളെടുത്തു നൂറുക്കണക്കിനാളുകളെ വധിച്ചവരെ വാൾകൊണ്ടുതന്നെ വധിക്കുക എന്നായിരുന്നു. അത് നബിമാരുടെ ഭാഗത്തുനിന്നുള്ള ഒരു ദൃഷ്ടാന്തമായിട്ടായിരുന്നു. അതിനുശേഷമാണ് അവർക്ക് മഹത്തായ വിജയമുണ്ടായത്. വാസ്തവത്തിൽ, കുറ്റവാളികളുടെ വാൾകൊണ്ട് സത്യാത്മാക്കളും വധിക്കപ്പെട്ടിരുന്നു; പക്ഷേ, വളരെ കുറവുമാത്രം. ഈ കുറഞ്ഞ നഷ്ടംകൊണ്ട് ദിവ്യദൃഷ്ടാന്തത്തിന് ഒരു കോട്ടവും വന്നിരു

(ശേഷം പേജ് 10ൽ)

പ്രിന്റർ & പബ്ലിഷർ ജമീൽ അഹ്മദ് നാസിർ, ഫദ്ലെ ഉമർ പ്രിന്റിംഗ് പ്രസ്സ് ഖാദിയാനിൽ അച്ചടിപ്പിച്ച് ഖാദിയാനിലെ ബദ്ർ പത്ര ഓഫീസിൽ നിന്ന് പ്രസിദ്ധീകരിച്ചത്: പ്രൊപ്രൈറ്റർ നിഗ്രാൻ ബദ്ർ ബോർഡ്,ഖാദിയാൻ

# അനുഗൃഹീതമായ റമളാൻ

## ഹദ്റത്ത് അഹ്മദ് (അ)

"വ്രതാനുഷ്ഠാനം കൊണ്ടുള്ള വിവക്ഷിതം ഒരു ക്ലിപ്തകാലംവരെ ആഹാരപാനീയങ്ങൾ ഉപേക്ഷിച്ച് വിശപ്പു സഹിക്കുക മാത്രമല്ല എന്നത് സ്മർത്തവ്യമാണ്. എല്ലാത്തരം ദോഷങ്ങളിൽനിന്നും അകന്നു നിൽക്കുമാറ് നോമ്പുകാരൻ ദൈവസ്മരണയിൽ അധികമധികം ഏർപ്പെട്ടിരിക്കേണ്ടത് അത്യാവശ്യമാകുന്നു. തിരുനബി(സ) റമദാൻ മാസത്തിൽ വളരെയധികം ദൈവാരാധനയിൽ വ്യാപൃതനാകുക പതിവായിരുന്നു. അതുകൊണ്ട് നോമ്പുകാലത്ത് ഭക്ഷണപാനിയാദികളെ സംബന്ധിച്ച ചിന്തകളിൽനിന്ന് വിരമിക്കുകയും ആ വക കാര്യങ്ങളുമായുള്ള കെട്ടുപാടുകളെ ഉപേക്ഷിക്കുകയും ചെയ്തുകൊണ്ട് ശ്രദ്ധ മുഴുവൻ ദൈവത്തിൽ ആക്കിത്തീർക്കേണ്ടതാണ്. ഭൗതികമായ ഭക്ഷണസാധനങ്ങൾ ലഭിച്ചിരിക്കെ ആത്മീയാഹാരത്തെക്കുറിച്ചു ചിന്തിക്കാത്ത മനുഷ്യൻ ഭാഗ്യഹീനനാണെന്നു വേണം പറയാൻ. ഭക്ഷണം കഴിക്കുന്നതു മൂലം ശരീരത്തിന് ബലവും ഓജസം നിലനില്ക്കുന്നതുപോലെ ആത്മീയാഹാരം മൂലം ആത്മാവിന് രക്ഷയും ആത്മശക്തികൾക്കു ചൈതന്യവും സിദ്ധിക്കുന്നു. എല്ലാവിധ സഫലതകളുടേയും കവാടം ദൈവാനുഗ്രഹത്താൽ തുറക്കുമാറാകുന്നതിനാൽ വിജയലബ്ധിക്കു അവനിൽനിന്നുതന്നെ സഹായം തേടേണ്ടതാണ്." (ഇസ്‌ലാമിലെ അഞ്ചു കാര്യങ്ങൾ പേജ് 15,16).

### നോമ്പിന്റെ ഉദ്ദേശ്യവും നോമ്പുകാരന്റെ കടമയും

"ഇസ്‌ലാമിന്റെ അനുഷ്ഠാന കർമങ്ങളിൽ മൂന്നാമത്തേത് നോമ്പാകുന്നു. നോമ്പിന്റെ യാഥാർഥ്യത്തെക്കുറിച്ചും ജനങ്ങൾ അജ്ഞരാണ്. വാസ്തവം എന്താണെന്നു വെച്ചാൽ, പോയി കണ്ടിട്ടില്ലാത്ത രാജ്യത്തെക്കുറിച്ചും അറിവില്ലാത്ത ലോകത്തെക്കുറിച്ചും മനുഷ്യന് എന്താണ് പറയാൻ കഴിയുക? മനുഷ്യൻ വിശന്നും ദാഹിച്ചും ഇരിക്കുകയെന്നതു മാത്രമല്ല നോമ്പ്; അതിനൊരു തത്ത്വമുണ്ട്. അതിനൊരു പ്രഭാവമുണ്ട്. അത് അനുഭവത്തിലൂടെയാണ് അറിയാൻ കഴിയുക. ഭക്ഷണം കുറയ്ക്കുന്നതനുസരിച്ച് ആത്മാവ് പരിശുദ്ധമാകുന്നുവെന്നത് മനുഷ്യ പ്രകൃതിയിലുള്ളതാണ്. ദർശനശക്തി വർധിക്കുന്നു. ഭൗതികഭക്ഷണം കുറച്ച് ആത്മീയഭക്ഷണം അധികമാക്കുക എന്നതാണ് അല്ലാഹു ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. വിശപ്പ് മാത്രമല്ല അവനിൽനിന്ന് പ്രതീക്ഷിക്കുന്നതെന്ന കാര്യം നോമ്പുകാരന്റെ ദൃഷ്ടിയിലുണ്ടായിരിക്കണം. എന്നല്ല, ഏകാന്തവാസവും ഭൗതികതയിൽനിന്നുള്ള അകൽച്ചയും ലഭിക്കാനായി ദൈവസ്മരണയിൽ അധിമധികം ലയിക്കുകയും വേണം. കേവല ശരീരത്തിന് പോഷണം നൽകുന്ന ഭക്ഷണം ഉപേക്ഷിച്ച് ആത്മാവിന്റെ തൃപ്തിയ്ക്കും സമ്പുഷ്ടിക്കും ഉതകുന്ന ഭക്ഷണം സ്വീകരിക്കുക എന്നതാണ് നോമ്പു കൊണ്ടുള്ള ഉദ്ദേശ്യം. ഒരു ചടങ്ങുതീർക്കുന്നുവെന്ന നിലയിലല്ലാതെ ആരാണോ അല്ലാഹുവിനുവേണ്ടി നോമ്പു നോല്ക്കുന്നത് അയാൾ ആധ്യാത്മിക ഭക്ഷണം ലഭിക്കുന്നതിന്നായി അല്ലാഹുവിനെ സ്തുതിക്കുന്നതിലും അവനെ പ്രകീർത്തിക്കുന്നതിലും അവന്റെ ഏകത്വ കീർത്തനത്തിലും മുഴുകേണ്ടതാണ്." (മൽഫൂദാത്ത് വാള്യം 9 പേജ് 123, 1984)

### റമദാൻ എന്ന നാമം

"സൂര്യന്റെ ചൂടിനാണ് റമദ എന്നു പറയുന്നത്. റമദാനിൽ മനുഷ്യൻ ഭക്ഷണപാനീയങ്ങളിലും ശാരീരിക സുഖങ്ങളിലും ക്ഷമ കൈക്കൊള്ളുന്നു. രണ്ടാമതായി അല്ലാഹുവിന്റെ കല്പനകൾ പാലിക്കുന്നതിൽ ഒരു ചൂടും ആവേശവും ഉണ്ടാക്കുന്നു. ആത്മീയവും ശാരീരികവുമായ ചൂടും താപവും ചേർന്ന് റമദാൻ (രണ്ടുചൂട്) ഉണ്ടായി. ചൂടു മാസത്തിൽ വന്നു, അതുകൊണ്ട് റമദാൻ എന്നു പറയപ്പെട്ടു എന്ന് നിഘണ്ടുകർത്താക്കൾ പറയുന്നത് എന്റെ അഭിപ്രായത്തിൽ ശരിയല്ല. എന്തുകൊണ്ടെന്നാൽ, അറബികൾക്കു മാത്രം ഈ പ്രത്യേകത ഉണ്ടാകാവതല്ല. ആത്മീയമായ ചൂടു കൊണ്ടുള്ള ഉദ്ദേശ്യം ആത്മീയമായ താൽപര്യവും ആസക്തിയും മതപരമായ കാര്യങ്ങൾ നിർവഹിക്കുന്നതിലുള്ള ചൂടുമാണ്. കല്ലുകൾ തുടങ്ങിയവ ചൂടാക്കുന്ന വെയിലിനും റമദ എന്നു പറയും." (തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264)

### റമദാൻ മാസത്തിന്റെ മഹത്ത്വം

"ശഹ്റു റമദാനല്ലദീ ഉൻസില ഫീഹിൽ ഖുർആൻ ഈ വാക്യത്തിൽനിന്ന് റമദാൻ മാസത്തിന്റെ മഹത്ത്വം മനസ്സിലാകുന്നുണ്ട്. മനസ്സിനെ പ്രകാശിപ്പിക്കുന്നതിന് ഉത്തമമായ മാസമാണിതെന്ന് സൂഫീവര്യന്മാർ എഴുതിയിരിക്കുന്നു. ഇതിൽ ധാരാളമായി കശ്ഫുകൾ (ജാഗ്രദർശനങ്ങൾ) ഉണ്ടാകുന്നു. നമസ്ക്കാരം ആത്മാവിനെ ശുദ്ധീകരിക്കുന്നു. നോമ്പ് മനസ്സിനെ പ്രകാശിപ്പിക്കുന്നു. ദോഷപ്രവണമായ ആത്മാവിന്റെ ഭോഗേച്ഛകളിൽനിന്ന് അകൽച്ച ലഭിക്കുക എന്നതാണ് ആത്മാവിന്റെ ശുദ്ധീകരണം കൊണ്ടുദ്ദേശിക്കുന്നത്. മനസ്സിന്റെ പ്രകാശനം കൊണ്ടുദ്ദേശിക്കുന്നത് അല്ലാഹുവിനെ കാണുംവിധം അവനിൽ കശ്ഫിന്റെ കവാടം തുറക്കുക എന്നതാണ്. ഈ സുചനയാണ് ഉൻസില ഫീഹിൽഖുർആൻ എന്നതിലുള്ളത്. ഇതിൽ സംശയമോ സന്ദേഹമോ ഒന്നുമില്ല. നോമ്പിന്റെ പ്രതിഫലം വളരെ വലുതാണ്. പക്ഷേ, രോഗങ്ങളും ഉദ്ദേശ്യങ്ങളും ഈ അനുഗ്രഹത്തിൽനിന്ന് മനുഷ്യനെ തടയുന്നു." (തഫ്സീർ, ഹദ്റത്ത് മസീഹ് മൗഊദ്(അ) വാള്യം 1, പേജ് 264 - 265)

### ധർമശാസ്ത്രങ്ങൾ കൊണ്ടുള്ള ഫലം

"ഈ നിയന്ത്രണങ്ങളുടെ ഫലമായി അവൻ സമസൃഷ്ടികളുടെ അവകാശങ്ങൾ യഥാക്രമം തിരിച്ചറിയുകയും അവരോടുള്ള പെരുമാറ്റത്തിൽ നീതി, പരോപകാരത, സഹതാപം എന്നീ ധർമങ്ങളെ യഥാർഹം അനുവർത്തിക്കുകയും ചെയ്യുന്നു. തനിക്കു അല്ലാഹു നൽകിയ ജ്ഞാനവിജ്ഞാനങ്ങളിലും സുഖൈശ്വര്യങ്ങളിലും മറ്റനുഗ്രഹങ്ങളിലും അന്യരേയും യഥായോഗ്യം പങ്കാളികളാക്കിത്തീർക്കുന്നു. സൂര്യനെപ്പോലെ അവൻ തന്റെ പ്രകാശസമ്പത്ത് എല്ലാവർക്കും പകർന്നുകൊടുക്കുകയും ചന്ദ്രനെപ്പോലെ അവൻ സർവ പ്രകാശകേന്ദ്രമായ അല്ലാഹുവിൽനിന്ന് സ്വീകരിക്കുന്ന പ്രഭാപൂരം അന്യർക്ക് ചൊരിഞ്ഞുകൊടുക്കുകയും ചെയ്യുന്നു. പകലിനെപ്പോലെ അവൻ പ്രകാശവാനായി സത്യത്തിന്റേയും സൽഗതിയുടേയും മാർഗങ്ങൾ ലോകർക്ക് കാണിച്ചുകൊടുക്കുന്നു. രാവിനെപ്പോലെ ബലഹീനരുടെ ദൗർബല്യങ്ങളേയും ചാപല്യങ്ങളേയും മറച്ചുവെക്കുകയും ക്ഷീണിതർക്കും ദുഃഖിതർക്കും വിശ്രമം നൽകുകയും ചെയ്യുന്നു. അവൻ ആകാശത്തെപ്പോലെ പരവശർക്കും അഭയാർഥികൾക്കും ശരണമേകുകയും അവസരോചിതം തന്റെ കൃപാവർഷം അവരിൽ ചൊരിയുമാറാകുകയും ചെയ്യുന്നു. ഭൂമിയെപ്പോലെ അത്യന്തം വിനയത്തോടുകൂടി മറ്റുള്ളവർക്ക് സൗഖ്യവും ക്ഷേമവും നൽകുന്നതിന് സ്വയം കഷ്ടതകൾ വരിക്കുകയും സകലരേയും തന്റെ ദാക്ഷിണ്യാങ്കണത്തിൽ അണച്ചു കൂട്ടുകയും അവർക്ക് വിവിധ തരത്തിലുള്ള ആത്മീയ ഫലങ്ങൾ വെച്ചു കൊടുക്കുകയും ചെയ്യുന്നു." (ഇസ്‌ലാംമത തത്ത്വജ്ഞാനം പേജ് 191, 192)

### ഫിദ്‌യഃ കൊടുക്കുന്നതിന്റെ ഉദ്ദേശ്യം

എന്തിനാണ് ഫിദ്‌യഃ നിശ്ചയിച്ചിട്ടുള്ളതെന്ന് ഒരിക്കൽ ഞാൻ ചിന്തിച്ചു. ഭാഗ്യം തെളിയാൻവേണ്ടിയാണതെന്ന് മനസ്സിലായി; അതുമുഖേന നോമ്പു പിടിക്കാനുള്ള ഭാഗ്യം ലഭിക്കുക. ഭാഗ്യം നൽകാൻ അല്ലാഹുവിനു മാത്രമേ കഴിയൂ. സകല കാര്യങ്ങളും അവനോടുതന്നെ ചോദിക്കണം. അവനുദ്ദേശിച്ചാൽ ഒരു ശ്വാസരോഗിക്കുപോലും നോമ്പ് പിടിക്കാൻ കഴിവു നൽകാവുന്നതാണ്.'

### നോമ്പിന്റെ പ്രാധാന്യം

"മരണത്തോടടുത്തെത്തിയെങ്കിൽ മാത്രമേ നോമ്പ് ഉപേക്ഷിക്കുകയുള്ളു എന്നതാണ് എന്റെ അവസ്ഥ. നോമ്പ് ഉപേക്ഷിക്കാൻ മനസ്സാഗ്രഹിക്കുന്നില്ല. ഇത് അനുഗൃഹീതമായ ദിനങ്ങളാണ്. അല്ലാഹുവിന്റെ അനുഗ്രഹങ്ങളും കാരുണ്യങ്ങളും ഇറങ്ങുന്ന നാളുകളാണ്." (മൽഫൂദാത്ത് വാള്യം 2, പേജ് 203, 1984)

### മനസ്സിന്റെ ആർദ്രത

"നോമ്പും നമസ്ക്കാരവും രണ്ടു ആരാധനകളാണ്. നോമ്പിന്റെ സ്വാധീനശക്തി ശരീരത്തിലും നമസ്ക്കാരത്തിന്റെ സ്വാധീനശക്തി ആത്മാവിലുമാണ്. നമസ്ക്കാരംകൊണ്ട് (ആത്മാവിന്)ഒരു ചുട്ടുനീറ്റലും അലിവും അനുഭവപ്പെടുന്നു. എന്നാൽ, ഈ അവസ്ഥ ചിലപ്പോൾ യോഗികളിലും ഉണ്ടാകാവുന്നതാണ്. പക്ഷേ, ദുആ മുഖേനയുണ്ടാകുന്ന ആത്മീയമായ ആർദ്രതയിൽ ആരും പെടുകയില്ല." (മൽഫൂദാത്ത് വാള്യം 7, പേജ് 374, 1984)

### തറാവീഹ് നമസ്ക്കാരം

? റമദാനിൽ തറവീഹ് എട്ട് റക്അത്ത് ഉറങ്ങുന്നതിനു മുമ്പേ ജമാഅത്തായിട്ട് പള്ളിയിൽ പോയി നമസ്ക്കരിക്കണോ അതോ രാത്രിയുടെ അവസാന യാമത്തിൽ തനിച്ച് വീട്ടിൽ നമസ്ക്കരിച്ചാൽ മതിയോ?

"തറാവീഹ് നമസ്ക്കാരം വേറിട്ടൊരു നമസ്ക്കാരമല്ല. യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരത്തിന്റെ എട്ട് റക്അത്ത് രാത്രിയുടെ ആദ്യയാമത്തിൽ നമസ്ക്കരിക്കുന്നതിന്റെ പേരാണ് തറാവീഹ്. ചോദിച്ചതുപോലെ രണ്ടു രീതിയിലും ഇത് അനുവദനീയമാണ്. നബി(സ)തിരുമേനി രണ്ടുരീതിയിലും ഇതനുഷ്ഠിച്ചിട്ടുണ്ട്. എന്നാൽ, ആ മഹാത്മാവ് അധികവും രാത്രിയുടെ അവസാന യാമത്തിൽ വീട്ടിൽ തനിച്ചാണ് നമസ്ക്കരിച്ചിരുന്നത്." വേറൊരു ചോദ്യത്തിനു മറുപടിയായി പറഞ്ഞു: "തറാവീഹും സുന്നത്താണ്. അതനുഷ്ഠിച്ചുകൊള്ളുവിൻ. ഇടയ്ക്കിടെ വീട്ടിൽ തനിച്ചും നമസ്ക്കരിക്കുക. കാരണം തറാവീഹ് യഥാർഥത്തിൽ തഹജ്ജുദ് നമസ്ക്കാരമാണ്. പുതിയൊരു നമസ്ക്കാരമല്ല. വിത്ർ താങ്കൾ നമസ്ക്കരിക്കുന്നതുപോലെ തന്നെ നമസ്ക്കരിച്ചു കൊള്ളുക.

(ശേഷം പേജ് 5ൽ)




**"അല്ലാഹുവിന് പങ്കുകാരെ ചേർക്കൽ കൊടുംപാപമാകുന്നു." (ബുഖാരി)**

**ജൽസസാലാന ഖാദിയാൻ 2018**
**എല്ലാ ജമാഅത്തംഗങ്ങൾക്കും**
**ആശംസകളോടെ......**

**എം. അബ്ദുൽ വഹാബ് (Business)**
അങ്ങാടിക്കട ബ്രാന്റ്, ടൗൺ മസ്ജിദിനു സമീപം,
പത്തനാപുരം- 689 695. Phone: 9744653179.

# ഖുത്ബ ജുമുഅ

**സ്വതന്ത്രമായ നിലയിൽ നമുക്കു നമ്മുടെ വിശ്വാസമനുസരിച്ച് മുസ്‌ലിമെന്ന് പറയാനോ ആരാധനാകർമങ്ങൾ നടത്താനോ മതപരമായ ആചാരങ്ങൾ അനുഷ്ഠിക്കാനോ ഉള്ള സാഹചര്യമല്ല പാക്കിസ്താനിലുള്ളത്. മതത്തിന്റെ പേരിൽ പാക്കിസ്താനിൽ നടന്നകൊണ്ടിരിക്കുന്ന ബലാൽക്കാരങ്ങൾ മാത്രം പറഞ്ഞുകൊണ്ട്, അത്തരം അവസ്ഥകളിൽ തനിക്ക് അവിടെ കഴിയുക എന്നത് മാനസിക സമ്മർദ്ദം ഉണ്ടാക്കുന്നുവെന്നും, അത് സ്ഥിരമായ പീഡനമായിരിക്കുന്നുവെന്നുമുള്ള കാര്യം ബോധിപ്പിക്കുകയാണെങ്കിൽത്തന്നെ, സഹായത്തിനും അനുകമ്പയ്ക്കും ഇവർ അർഹരാണെന്ന് ജനങ്ങളും ഭരണകർത്താക്കളും അല്ലെങ്കിൽ ജഡ്ജിയും മനസ്സിലാക്കുന്നതാണ്. അതിനാൽ കേസ് വാദിക്കുന്നനേരത്ത് മറ്റുള്ളവരും വക്കീലുമാരും പറയുന്നതുകേട്ട് തങ്ങളെത്തന്നെയോ, തങ്ങളുടെ കാര്യമോ അതിശയോക്തിയോടുകൂടി അവതരിപ്പിക്കേണ്ട ആവശ്യമില്ല.**

**നമ്മുടെ വിശ്വാസം രക്ഷിക്കുന്നതിനും നമ്മുടെ മതത്തിൽ ഉറച്ചുനില്ക്കുന്നതിനും നമ്മുടെ നാട്ടിൽനിന്ന് നമ്മൾ ഇറങ്ങിപുറപ്പെട്ടിരിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ കല്പനകൾക്ക് നമ്മൾ ഏറ്റവും കൂടുതൽ പ്രാധാന്യം നല്കേണ്ടതാണ്. ഭൗതികനേട്ടങ്ങൾ കരസ്ഥമാക്കലും ഭൗതികതയുടെ വർണങ്ങളിൽ ഇഴുകിച്ചേരലും നമ്മുടെ ഉദ്ദേശ്യമല്ലെന്ന കാര്യം ഓർമിക്കേണ്ടതാണ്. ഇതൊരു മുഅ്മിന്റെ സൃഷ്ടി ഉദ്ദേശ്യവുമല്ല.**

**എവിടെയൊക്കെ അഹ്മദിയുണ്ടോ നിങ്ങളുടെ ചുറ്റുവട്ടത്തുള്ളവർക്ക് യഥാർഥ ഇസ്‌ലാം എന്താണെന്ന് പറഞ്ഞുകൊടുക്കുക. മറ്റുള്ളവരുടെ ശ്രദ്ധ നമ്മളിലേക്ക് തിരിയുംവിധം ഓരോ അഹ്മദിയുടെയും കർമം, അവന്റെ സൽസ്വഭാവം, അവന്റെ ആരാധനയുടെ നിലവാരം ഉയർന്നതായിരിക്കേണ്ടതാണ്. ഇത് അഹ്മദികളെ മറ്റുള്ളവരിൽനിന്ന് ഉയർത്തുന്നതോടൊപ്പം ഇവിടത്തെ തദ്ദേശവാസികളിൽ തബ്‌ലീഗിനുള്ള വഴികൾ തുറക്കുന്നതിലും സഹായി ആയിരിക്കും.**

**ഏതൊരു നാശത്തിലേക്കാണോ ലോകം കുതിക്കുന്നത് അതിന്റെ യഥാർഥ കാരണം, പാശ്ചാത്യലോകത്തിന്റെ അഭിവൃദ്ധി അവരെ രക്ഷിക്കുമെന്ന് മനസ്സിലാക്കുന്നുവെന്നതാണ്. ഇനി നഷ്ടമുണ്ടായാൽത്തന്നെയും അത് തങ്ങൾക്കു നികത്താൻ കഴിയുമെന്ന ധാരണയാണ്. പക്ഷേ, ഇത് അവരുടെ തെറ്റായ ധാരണയാണ്.**

**ഖുത്ബ ജുമുഅ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്‌രിൽ അസീസ്**

**ഖുത്ബ ജുമുഅ 2018 ഏപ്രിൽ 6/1397 ശഹാദത്ത് 6**
**മസ്ജിദ് ബയ്ത്തുർറഹ്മാൻ സ്പെയിൻ**

اَشْهَدُ اَنْ لَّا اِلٰهَ اِلَّا اللّٰهُ وَحْدَهٗ لَا شَرِيْكَ لَهٗ وَاَشْهَدُ اَنَّ مُحَمَّدًا عَبْدُهٗ وَ رَسُوْلُهٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيْمِ - بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيْمِ -
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِيْنَ - الرَّحْمٰنِ الرَّحِيْمِ - مٰلِكِ يَوْمِ الدِّيْنِ - اِيَّاكَ نَعْبُدُ وَاِيَّاكَ نَسْتَعِيْنُ -
اِهْدِنَا الصِّرَاطَ الْمُسْتَقِيْمَ - صِرَاطَ الَّذِيْنَ اَنْعَمْتَ عَلَيْهِمْ ۙ غَيْرِ الْمَغْضُوْبِ عَلَيْهِمْ وَلَا الضَّآلِّيْنَ -

പാശ്ചാത്യരാഷ്ട്രങ്ങളിൽ ഒരു രാഷ്ട്രമാണ് സ്പെയിൻ എന്നത് ശരിതന്നെ. പക്ഷേ, സാമ്പത്തിക കെട്ടുറപ്പിന്റെ അടിസ്ഥാനത്തിൽ യൂറോപ്പിലെ ശേഷികുറഞ്ഞ രാഷ്ട്രങ്ങളിലാണ് അത് പെടുന്നത്. ജോലി സാധ്യതകളും വരുമാനങ്ങളും ജീവിതനിലവാരവും യൂറോപ്പിലെ മറ്റുരാജ്യങ്ങളായ ഉദാഹരണത്തിന് ഫ്രാൻസ്, ജർമനി, ഹോളണ്ട്, യു.കെ തുടങ്ങിയവയെക്കാൾ ഇവിടെ കുറവാണെന്നാണ് പൊതുവെ പറയപ്പെടുന്നത്. പക്ഷേ, ഇതൊക്കെയാണെങ്കിലും പാക്കിസ്താനെ അപേക്ഷിച്ച് ഇവിടെത്തെ സാമ്പത്തികാവസ്ഥകൾ, പാക്കിസ്താനിൽനിന്ന് ഇവിടെ വരുന്നവർക്ക് മെച്ചപ്പെട്ടതാണ്. ഇക്കാരണത്താലാണ് ധാരാളം പാക്കിസ്താനികൾ ഇവിടെ തൊഴിൽ സംബന്ധമായും ഉദ്യോഗസംബന്ധമായും വരുന്നത്. അഹ്മദികളെ സംബന്ധിച്ചിടത്തോളം അവർ പാക്കിസ്താനിൽനിന്ന് പുറത്തുവരുന്നത് രണ്ടു കാരണത്താലാണ്. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് അഹ്മദികളുടെമേലുള്ള മതപരമായ നിയന്ത്രണങ്ങളും അവർക്ക് അവിടെ സ്വാതന്ത്ര്യമില്ലാത്തതുമാണ്. രണ്ടാമത്തേത് സാമ്പത്തികാവസ്ഥകളുടെ നേട്ടമാണ്. ഇവിടെ വരുന്ന ഭൂരിഭാഗമാളുകളും അസൈലം എടുക്കുന്നതോ അല്ലെങ്കിൽ സ്ഥിരമായ താമസത്തിനുള്ള വിസയെടുക്കാൻ ശ്രമിക്കുന്നതോ അഹ്മദികൾക്ക് പാക്കിസ്താനിൽ തങ്ങളുടെ വിശ്വാസം അനുസരിച്ച് മുസ്‌ലിമെന്ന് പറയാനോ ആരാധനാകർമങ്ങൾ നടത്താനോ മതപരമായ ആചാരങ്ങൾ അനുഷ്ഠിക്കാനോ ഉള്ള അവസ്ഥ ഇല്ലെന്ന് പറഞ്ഞാണ്. ചിലയാളുകൾ ശരിയായ നിലയിൽ തങ്ങളുടെ അവസ്ഥകൾ വിവരിക്കാറുണ്ട്. ഇവിടെ കേസുകൊടുക്കുമ്പോൾ ചിലർ യാചിക്കാറുമുണ്ട്. പാശ്ചാത്യരാഷ്ട്രങ്ങളിൽ ഇവിടെ കുറവും മറ്റുള്ള യൂറോപ്യൻ രാജ്യങ്ങളിൽ ഇതു കൂടുതലുമാണ്. വാസ്തവത്തിൽ അതിന്റെ ആവശ്യമില്ല.

യഥാർഥവും സത്യസന്ധവുമായ കാര്യം പറയുകയും മതത്തിന്റെ പേരിൽ പാക്കിസ്താനിൽ നടന്നകൊണ്ടിരിക്കുന്ന ബലാൽക്കാരങ്ങൾ മാത്രം പറഞ്ഞുകൊണ്ട്, അത്തരം അവസ്ഥകളിൽ തനിക്ക് അവിടെ കഴിയുക എന്നത് മാനസിക സമ്മർദ്ദം ഉണ്ടാക്കുന്നുവെന്നും, അത് സ്ഥിരമായ പീഡനമായിരിക്കുന്നുവെന്നുമുള്ള കാര്യം ബോധിപ്പിക്കുകയാണെങ്കിൽതന്നെ, സഹായത്തിനും അനുകമ്പയ്ക്കും ഇവർ അർഹരാണെന്ന് ജനങ്ങളും ഭരണകർത്താക്കളും അല്ലെങ്കിൽ ജഡ്ജിയും മനസ്സിലാക്കുന്നതാണ്. അതിനാൽ കേസ് വാദിക്കുന്നനേരത്ത് മറ്റുള്ളവർ പറയുന്നതുകേട്ട്, വക്കീലുമാർ പറയുന്നതുകേട്ട് തങ്ങളെത്തന്നെയോ, തങ്ങളുടെ കാര്യമോ അതിശയോക്തിയോടുകൂടി അവതരിപ്പിക്കേണ്ട ആവശ്യമില്ല. ഇപ്രകാരം ആദ്യം മുതൽ അവസാനംവരെ പറയുന്ന കാര്യം ഒന്നായിരിക്കണം. മാറ്റിപ്പറയാൻ പാടില്ല. മാറ്റപ്പറഞ്ഞാൽ ഉദ്യോഗസ്ഥർക്ക് കളവാണെന്ന സംശയമുണ്ടാകും. കളവിൽനിന്ന് അല്ലെങ്കിൽത്തന്നെ ഒരു അഹ്മദി രക്ഷപ്പെടേണ്ടതാണ്.

അല്ലാഹു കളവിനെ ശിർക്കിന് സമാനമായിട്ടാണ് പറഞ്ഞിട്ടുള്ളത്. ഒരു അഹ്മദി ശിർക്ക് ചെയ്യുമെന്ന് ഊഹിക്കാനേ പറ്റുകയില്ല. താൻ ഏറ്റവുമധികം അല്ലാഹുവിന്റെ തൗഹീദിനെ അംഗീകരിക്കുന്നവനും നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ ഉള്ളവനും കാലത്തിന്റെ ഇമാമിനേയും മസീഹ് മൗഊദിനേയും മഹ്ദിയെ മഅ്ഹൂദിനേയും വിശ്വസിക്കുന്നവനുമാണെന്ന് അഹ്മദി ഒരുഭാഗത്ത് വാദിക്കുന്നു. മറുഭാഗത്ത് ഒരു ഏകദൈവവിശ്വാസിയുടെ നിർബന്ധകടമയായ ശിർക്കിൽനിന്ന് രക്ഷപ്പെടുക എന്ന അടിസ്ഥാനപരമായ പാപത്തിൽനിന്ന് മനുഷ്യൻ രക്ഷപ്പെടാത്തവനാകാതിരിക്കുന്നതെങ്ങനെ? ഇതിന്റെ അടിസ്ഥാനത്തിൽ ഭൗതികനേട്ടങ്ങൾക്കുവേണ്ടി നമ്മളിൽനിന്ന് അത്തരം എന്തെങ്കിലും പ്രവർത്തനം ഉണ്ടാകുന്നുണ്ടോ, അല്ലാഹുവിന്റെ പക്കൽ അങ്ങേയറ്റം പാപിയാക്കുന്ന എന്തെങ്കിലും പ്രവർത്തനം ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടോ? എന്ന് ഓരോ അഹ്മദിയും ആത്മപരിശോധന നടത്തേണ്ടതാണ്.

അതിനാൽ ഞാൻ പറഞ്ഞതുപോലെ നമ്മുടെ വിശ്വാസം രക്ഷിക്കുന്നതിനും നമ്മുടെ മതത്തിൽ ഉറച്ചുനില്ക്കുന്നതിനും നമ്മുടെ നാട്ടിൽനിന്ന് നമ്മൾ ഇറങ്ങിപുറപ്പെട്ടിരിക്കുന്നുവെങ്കിൽ അല്ലാഹുവിന്റെ കല്പനകൾക്ക് നമ്മൾ ഏറ്റവും കൂടുതൽ പ്രാധാന്യം നല്കേണ്ടതാണ്. അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്‌ലാം സ്വീകരിച്ചതിനുശേഷം നമ്മൾ എന്തിനാണ് മുൻഗണന നല്കേണ്ടതെന്നും എന്തിനായിരിക്കണം മുൻഗണന നല്കേണ്ടതെന്നും നാം നോക്കേണ്ടതാണ്. ഈ മുൻഗണന അല്ലാഹുവിന്റെ കല്പനകളനുസരിച്ചല്ലെങ്കിൽ നമ്മൾ ഹിജ്റത്ത് ചെയ്തതിന്റെ ഉദ്ദേശ്യം പ്രാപിച്ചവരല്ല. ഇനി അതനുസരിച്ചാണെങ്കിൽ നമ്മൾ നമ്മുടെ ഹിജ്റത്തിന്റെ ലക്ഷ്യം പ്രാപിക്കുകയും ചെയ്തു. അത്തരം അവസ്ഥയിൽ അല്ലാഹുവിന്റെ കൃപയും നമ്മോടൊപ്പമുണ്ടായിരിക്കുന്നതാണ്. എന്നാൽ, നമ്മുടെ അടിത്തറതന്നെ കളവിലാണെങ്കിൽ, ഭൗതികനേട്ടം കരസ്ഥമാക്കുന്നതാണ് നമ്മുടെ ഉദ്ദേശ്യമെന്ന് മനസ്സിലാക്കുന്നുവെങ്കിൽ നമ്മൾ അല്ലാഹുവിന്റെ കൃപകളുടെ അനന്തരാവകാശികളാകുകയില്ല. അല്ലാഹുവിനെ ഏകനായി വിശ്വസിക്കുന്നവനും അല്ലാഹുവിനെ ആരാധിക്കുന്നവനും ഒരിക്കലും ശിർക്കു ചെയ്യുകയില്ല. തന്റെ ജീവിതോദ്ദേശ്യത്തിന്റെ യാഥാർഥ്യം മനസ്സിലാക്കുന്നവന്റെ ജീവിതത്തിന്റെ ആദ്യ ഉദ്ദേശ്യം അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കലായിരിക്കും. ഭൗതികനേട്ടങ്ങൾ കരസ്ഥമാക്കലും ഭൗതികതയുടെ വർണങ്ങളിൽ ഇഴുകിച്ചേരലും നമ്മുടെ ഉദ്ദേശ്യമല്ലെന്ന കാര്യം ഓർമിക്കേണ്ടതാണ്. ഇതൊരു മുഅ്മിന്റെ സൃഷ്ടി ഉദ്ദേശ്യവുമല്ല. നമ്മൾ അല്ലാഹുവിനെ തൃപ്തിപ്പെടുത്തുന്നതിനുവേണ്ടി അവൻ പറഞ്ഞിട്ടുള്ള സൃഷ്ടി ഉദ്ദേശ്യം കരസ്ഥമാക്കുന്നതിനുവേണ്ടി ശ്രമിക്കുമ്പോഴാണ് യഥാർഥ വിജയം കരസ്ഥമാക്കാനും ഈ ലോകത്ത് വന്നതിന്റെ ഉദ്ദേശ്യം പൂർത്തിയാക്കാനും കഴിയുന്നത്. ഈ ദുൻയാവും ഇതിലെ അനുഗ്രഹങ്ങളും നമുക്ക്

കിട്ടുകതന്നെ ചെയ്യും. അല്ലാഹു തന്നിലേക്ക് വരുന്നവരെ ദീനിന്റേയും ദുൻയാവിന്റേയും അനുഗ്രഹങ്ങളിൽനിന്ന് തള്ളിക്കളയുകയില്ല. തന്റെ തൃപ്തി കരസ്ഥമാക്കാൻ ശ്രമിക്കുന്നവരെ അല്ലാഹു ഭൗതികാനുഗ്രഹങ്ങളിൽനിന്ന് തടയുകയില്ല. മറിച്ച്, അല്ലാഹു നമ്മളോടു ദുൻയാവിന്റേയും ആഖിറത്തിന്റേയും നന്മകൾ തേടാൻ ഇങ്ങനെ ദുആയും പഠിപ്പിച്ചിരിക്കുന്നു.

റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ വഫിൽ ആഖിറത്തി ഹസനത്തൻവ്വഖിനാ അദാബന്നാർ.(2:202) ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതു സംബന്ധമായി പറയുന്നു:

"മനുഷ്യൻ തന്റെ ആത്മാവിന്റെ സുഖസമൃദ്ധിക്കായി രണ്ടുകാര്യത്തിന് ആശ്രിതനാണ്. ഒന്ന് ഹ്രസ്വമായ ഇഹലോകജീവിതം. അതിലുണ്ടാകുന്ന വിപത്തുകൾ, ബുദ്ധിമുട്ടുകൾ തുടങ്ങിയ പരീക്ഷണങ്ങളിൽനിന്ന് സമാധാനത്തിലിരിക്കുക. രണ്ടാമത്തേത് ദൈവത്തിൽനിന്നകറ്റുന്ന ആജ്ഞാലംഘനങ്ങൾ, കുറ്റകൃത്യങ്ങൾ, ആത്മീയമായ രോഗങ്ങൾ തുടങ്ങിയവയിൽനിന്ന് രക്ഷപ്പെടുക. ഇതാണ് ആ രണ്ടുകാര്യങ്ങൾ. ഒന്ന് ഭൗതികമായ ബുദ്ധിമുട്ടുകളും രോഗങ്ങളും മനുഷ്യനുണ്ടാകുന്നു. ഒന്ന് ആത്മീയമായ ബുദ്ധിമുട്ടുകളും രോഗങ്ങളും മനുഷ്യനുണ്ടാകുന്നു. മനുഷ്യൻ ഇവ രണ്ടിൽനിന്നും രക്ഷപ്പെടാൻ പരിശ്രമിക്കുന്നു." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഇഹലോക നന്മ എന്നു പറയുന്നത് ശാരീരികവും ആത്മീയവുമായ നിലയിൽ എല്ലാ ഓരോ ബലായിൽനിന്നും വൃത്തികെട്ട ജീവിതത്തിൽനിന്നും നിന്ദ്യതയിൽനിന്നും സുരക്ഷിതനായിരിക്കുക എന്നതാണ്."(മൽഫൂദാത്ത് വാല്യം 4 പേജ് 302, 1985 ലണ്ടൻ പതിപ്പ്)

'റബ്ബനാ' എന്നതിന് കൂടുതൽ വിശദീകരണം നല്കിക്കൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: റബ്ബനാ ആത്തിനാ ഫിദ്ദുൻയാ ഹസനത്തൻ എന്ന് അല്ലാഹു പറയുന്നു. യഥാർത്ഥത്തിൽ 'റബ്ബനാ' എന്ന പദത്തിൽ തൗബയിലേക്കുള്ള അതിസൂക്ഷ്മമായ സൂചനയാണുള്ളത്. മനുഷ്യൻ 'റബ്ബനാ' എന്നു പറയുമ്പോൾ ഞങ്ങളുടെ രക്ഷിതാവേ! എന്നു പറയുമ്പോൾ അല്ലാഹുവിലേക്ക് അങ്ങേയറ്റം കുനിയുകയാണ്. കാരണം 'റബ്ബനാ' എന്ന പദം ആഗ്രഹിക്കുന്നത് അവൻ ആദ്യമേ ഉണ്ടാക്കിവച്ചിട്ടുള്ള റബ്ബുമാരിൽനിന്ന് ജാഗരൂകനായി ഈ യഥാർത്ഥ റബ്ബിലേക്ക് വന്നിരിക്കുന്നുവെന്നാണ്. ഈ പദം യഥാർത്ഥമായ വേദനയും വിലാപവും കൂടാതെ മനുഷ്യമനസ്സിൽനിന്ന് പുറപ്പെടുകയില്ല. യഥാർത്ഥമായി 'റബ്ബനാ' എന്ന് മനുഷ്യൻ വിളിക്കുമ്പോൾ വേദനയോടെയാണ് അത് പുറത്തുവരിക. ബാഹ്യമായ നിലയിൽ 'റബ്ബനാ' എന്ന ഈ ദുആ ചെയ്യുന്നവരുമുണ്ട്; എന്നാൽ, മനസികമായ യഥാർത്ഥ അവസ്ഥ അവർക്കുണ്ടാകുകയില്ല. പക്ഷേ, മനുഷ്യൻ മാനസികമായ അവസ്ഥയോടുകൂടി ദുആ ചെയ്യുകയാണെങ്കിൽ, അപ്പോഴാണ് യഥാർത്ഥത്തിൽ 'റബ്ബനാ' എന്ന പദം വായിൽനിന്ന് പുറപ്പെടുന്നത്."

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതനുസരിച്ച് 'റബ്ബനാ' എന്ന പദം യഥാർത്ഥമായ വേദനയും അലിവും കൂടാതെ വായിൽനിന്ന് പുറപ്പെടുകയേയില്ല. അവിടന്ന് പറയുന്നു:

"യഥാർത്ഥത്തിൽ മനുഷ്യൻ തന്റേതായ ഒരുപാട് രക്ഷിതാക്കളെ ഉണ്ടാക്കിവച്ചിട്ടുണ്ട്. തന്റെ തന്ത്രങ്ങളും വഞ്ചനകളും അവന്റെ റബ്ബാണെന്ന് അവൻ പൂർണമായും വിശ്വസിക്കുന്നു. അവന് തന്റെ അറിവിന്റേയോ കൈക്കരുത്തിന്റേയോ അഹങ്കാരമുണ്ടെങ്കിൽ അതാണ് അവന്റെ റബ്ബ് അഥവാ രക്ഷിതാവ്! അവന് തന്റെ സൗന്ദര്യത്തിലും സമ്പത്തിലും അഭിമാനമുണ്ടെങ്കിൽ അതാണ് അവന്റെ റബ്ബ്! ചുരുക്കിപ്പറഞ്ഞാൽ ഇപ്രകാരം ആയിരക്കണക്കിന് കാര്യഹേതുക്കൾ അവനോടൊപ്പം ഉണ്ടാകുന്നു. ഇത് സകലവും ഉപേക്ഷിച്ച് അതിൽനിന്ന് ഉണർന്ന് ആ ഏകനും പങ്കുകാരനില്ലാത്തവനും സത്യവാനും യഥാർഥ രക്ഷിതാവുമായവന്റെ മുന്നിൽ തല കുനിക്കുകയും, 'റബ്ബനാ' എന്നതിന്റെ വേദനാനിർഭരവും മനസ്സിനെ അലിയിക്കുന്നതുമായ ശബ്ദങ്ങൾകൊണ്ട് അവന്റെ തിരുസന്നിധിയിൽ വീഴുകയും ചെയ്യാത്തിടത്തോളം അവൻ യഥാർഥ റബ്ബിനെ മനസ്സിലാക്കിയില്ല. ഞാൻ പറഞ്ഞതുപോലെ, 'റബ്ബനാ'യുടെ ദുആതന്നെ തങ്ങൾ ചെയ്യുന്നുണ്ടെന്ന് ആളുകൾ പറയുന്നു." പക്ഷേ, പറഞ്ഞു: "യഥാർഥ 'റബ്ബനാ' നിറവേറ്റപ്പെടുന്നത് വേദനാനിർഭരവും മനസ്സിനെ ഉരുക്കിക്കളയുന്നതുമായ ശബ്ദം പുറപ്പെടുമ്പോഴാണ്. താൻ 'റബ്ബനാ'എന്നു പറഞ്ഞപ്പോൾ താൻ പങ്കുകാരനില്ലാത്ത ഏകനായ തന്റെ റബ്ബിനെയാണ് വിളിച്ചതെന്ന യാഥാർഥ്യം അറിയുന്നവനാകുമ്പോഴുമാണ് അവൻ യഥാർഥ രക്ഷിതാവിനെ മനസ്സിലാക്കുന്നതും അവനോടു ദുആ ഇരക്കുന്നതും." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "അത്തരം മനോവേദനയോടും ജീവഹാനിവരുത്തുന്ന വിഷമത്തോടും അവന്റെ സന്നിധിയിൽ സ്വന്തം പാപങ്ങൾ ഏറ്റുപറഞ്ഞ് തൗബ ചെയ്യുകയും അവനെ 'റബ്ബനാ' എന്നു വിളിക്കുകയും അതായത് യഥാർഥവും അസലുമായ രക്ഷിതാവ് നീ തന്നെയായിരുന്നു, എന്നാൽ ഞങ്ങൾ ഞങ്ങളുടെ അബദ്ധംകൊണ്ട് മറ്റു സ്ഥലങ്ങളിൽ അലഞ്ഞുതിരിയുകയായിരുന്നുവെന്നും ആ വ്യാജബിംബങ്ങളേയും വ്യർഥമായ ആരാധ്യരേയും കൈവെടിഞ്ഞ് സത്യഹൃദയത്തോടുകൂടി നിന്റെ പരിപാലനം അംഗീകരിച്ചുകൊണ്ട് നിന്റെ സന്നിധിയിൽ വരികയും ചെയ്യുന്നുവെന്നും പറയുക.(മൽഫൂദാത്ത് വാല്യം 5 പേജ് 188–189, 1985 ലണ്ടൻ പതിപ്പ്)

ആത്മാർഥനായിക്കൊണ്ട് അല്ലാഹുവിന്റെ മുമ്പിൽ കുനിയുകയും അവനെ ആരാധിക്കുകയും നമ്മുടെ സൃഷ്ടി ഉദ്ദേശ്യം മനസ്സിലാക്കുകയും ചെയ്യുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നമ്മളിൽ കാണാനാഗ്രഹിക്കുന്നത് ഇതാണ്. നമ്മൾ ഈ രീതിയിൽ നമ്മുടെ റബ്ബിനെ വിളിക്കുന്ന കടമ നിറവേറ്റുകയാണെങ്കിൽ ഇഹലോകത്തെ നന്മകളും നമുക്ക് കിട്ടുന്നതായിരിക്കും. ആഖിറത്തിലെ നന്മകളും നമുക്കു കിട്ടുന്നതായിരിക്കും. എന്നല്ല മനുഷ്യൻ പരലോകത്തെ നന്മകൾ കരസ്ഥമാക്കുന്നതിനാണ് ഭൗതികമായ നന്മകൾ ചോദിക്കുന്നത്; ആരോഗ്യം കിട്ടുന്നതിനും അങ്ങനെ അല്ലാഹുവിനെ ആരാധിക്കുന്നതിന്റെ കടമ നിറവേറ്റുന്നതിനും. ആരോഗ്യം ഒരു ഭൗതികമായ നന്മയാണ്. ഗുണമാണ്. നന്മകളിൽപെട്ടതാണ്. ആരോഗ്യമുണ്ടെങ്കിൽ ആരാധനയും ശരിയായനിലയിൽ മനുഷ്യന് നടത്താൻ കഴിയും. ധനമുണ്ടെങ്കിൽ അത് അല്ലാഹുവിന്റെ മതത്തിനുവേണ്ടി ത്യാഗം ചെയ്യാനുള്ള കടമ നിറവേറ്റാൻ കഴിയും. അങ്ങനെ അവന്റെ ദാസരോടുള്ള കടമകൾ നിറവേറ്റാൻ തൗഫീഖ് അവന് കിട്ടാവുന്നതാണ്.

ഈ സുപ്രധാനമായ അടിസ്ഥാന കാരണം എപ്പോഴും മുന്നിൽവെക്കേണ്ടതാണ്. ആരാധനയുടെ കടമ നിറവേറ്റുന്നതിനെ സംബന്ധിച്ചാണ് പറഞ്ഞത്. ഇതുസംബന്ധമായി ഓർമവെക്കേണ്ടതാണ്. നമ്മൾ അല്ലാഹുവിന്റെ കല്പനയനുസരിച്ച് നമ്മുടെ സൃഷ്ടി ഉദ്ദേശ്യം പൂർത്തിയാക്കുന്നവരാകുമ്പോഴായിരിക്കും ഇതു നിറവേറ്റാനുള്ള ശ്രമം നടക്കുന്നത്. ഇതിനെകുറിച്ച് അല്ലാഹു പറയുന്നു: വമാ ഖലഖ്ത്തുൽ ജിന്ന വൽഇൻസ ഇല്ലാ ലിയഅ്ബുദൂൻ.(51:57) നാം ജിന്നുകളേയും മനുഷ്യരേയും സൃഷ്ടിച്ചിട്ടുള്ളത് എന്നെ ആരാധിക്കാൻ മാത്രമാണ്.

അതിനാൽ അല്ലാഹുവിന്റെ കല്പനകളിലേക്ക് നാം നോക്കുമ്പോൾ, ഒരു കല്പനയ്ക്കുശേഷം മറ്റൊരു കല്പനയിലേക്ക് നമ്മെ അതുകൊണ്ടുപോകുന്നു. അത് അല്ലാഹുവിനെ ഒരിക്കലും മറക്കാതിരിക്കാനാണ്. നിങ്ങളുടെ ഭൗതികമായ ശ്രമങ്ങളും നിങ്ങളെ അല്ലാഹുവിന്റെ സ്മരണയിൽനിന്ന് അശ്രദ്ധരാക്കാതിരിക്കേണ്ടതാണ്. ഒരിക്കലും ഭൗതികമായ ആഗ്രഹങ്ങളുടെ പൂർത്തീകണം കേവലം ഭൗതികത കരസ്ഥമാക്കുക എന്ന ഉദ്ദേശ്യം നിങ്ങളുടെ ലക്ഷ്യമാകരുത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി ഒരിടത്ത് പറയുന്നു: "അല്ലാഹു പറയുന്നു, എന്നെ തിരിച്ചറിയുന്നതിനും എന്നെ ആരാധിക്കുന്നതിനും വേണ്ടിയാണ് ഞാൻ ജിന്നിനേയും മനുഷ്യനേയും സൃഷ്ടിച്ചിട്ടുള്ളത്! ഈ ആയത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യജീവിതത്തിന്റെ യഥാർഥ ലക്ഷ്യം അല്ലാഹുവിനെ ആരാധിക്കലും അല്ലാഹുവിനെ തിരിച്ചറിയലും അവന്റേതായിത്തീരുകയും ചെയ്യുക എന്നതാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "മനുഷ്യന് തന്റെ ജീവിതത്തിന്റെ ലക്ഷ്യം സ്വയം നിശ്ചയിക്കാനുള്ള അധികാരമില്ല; അതിനുള്ള പദവിയുമില്ല. കാരണം മനുഷ്യൻ സ്വന്തം ഇഷ്ടപ്രകാരമല്ല വന്നത്. സ്വന്തം ഇഷ്ടപ്രകാരം പോകുകയുമില്ല. മറിച്ച് അവനൊരു സൃഷ്ടിയാണ്. ആരാണോ അവനെ സൃഷ്ടിച്ചത്, അവൻ എല്ലാ മൃഗങ്ങളേയും അപേക്ഷിച്ച് മനോഹരവും ഉന്നതവുമായ ശക്തിയും അവന് പ്രദാനം ചെയ്തു. അതായത് മറ്റുള്ള ജീവജാലങ്ങളെ അപേക്ഷിച്ച് മനുഷ്യനെ അശ്റഫുൽ മഖ്ലൂഖാത്ത് ആക്കിയിരിക്കുന്നു. ഉദാത്തമായ കഴിവുകൾ പ്രദാനം ചെയ്തിരിക്കുന്നു. അവൻതന്നെ മനുഷ്യജീവിതത്തിന് ഒരു ലക്ഷ്യം വെച്ചിരിക്കുന്നു. ഏതെങ്കിലും മനുഷ്യൻ ഈ ലക്ഷ്യത്തെ മനസ്സിലാക്കിയാലും വേണ്ടില്ല. മനസ്സിലാക്കിയില്ലെങ്കിലും വേണ്ടില്ല. എന്നാൽ, മനുഷ്യന്റെ സൃഷ്ടി ഉദ്ദേശ്യത്തിന്റെ ലക്ഷ്യം അല്ലാഹുവിനെ ആരാധിക്കുകയും അല്ലാഹുവിനെ തിരിച്ചറിയുകയും അല്ലാഹുവിൽ വിലയം പ്രാപിക്കുകയും ചെയ്യുക എന്നതുതന്നെയാണ്. മനുഷ്യൻ ഈ ലക്ഷ്യം മുന്നിൽവെക്കുമ്പോൾ അവൻ യഥാർഥ വിശ്വാ

---

"ദുൻയാവ് സമ്പാദനത്തിന്റെ യഥാർഥ ഉദ്ദേശ്യം ദീൻ ആയിരിക്കേണ്ടതാണ്. ദീനിന്റെ സേവകൻ എന്ന നിലയിൽ ദുൻയാവിനെ കരസ്ഥമാക്കുക."
(ഖുത്ബ ജുമുഅ, 2017 മെയ് 5)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**മുഹമ്മദ് സ്വഫ്വാനും കുടുംബവും, എറണാകുളം ജില്ലാ ഖായിദ് (കേരള)**

---

"ദുഷ്കരമായ അവസ്ഥകളിൽനിന്ന് പുറത്തു കടക്കാനുള്ള മാർഗം അല്ലാഹുവിന്റെ മുമ്പിൽ കുനിയുക മാത്രമാണ്."
(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**ത്വാലിബെ ദുആ:**
**ഖാഇദ് മജ്ലിസ് ഖുദ്ദാമുൽ അഹ്മദിയ്യാ ആലപ്പുഴ(കേരള)**

സിയായിത്തീരുന്നു. ഇഹലോകത്തെ നന്മകളും അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് മാർഗമാക്കുന്നു. അതിനാൽ മനുഷ്യന്റെ മാനസികമായ കഴിവുകൾ, മനുഷ്യന്റെ ശാരീരികമായ ശക്തികൾ, മനുഷ്യന്റെ മികച്ച സാമ്പത്തികാവസ്ഥകൾ മനുഷ്യനെ വർത്തമാനകാലത്തെ കണ്ടുപിടിത്തങ്ങളിൽനിന്ന് അല്ലെങ്കിൽ അക്കാര്യങ്ങളിൽനിന്ന് ഒരിക്കലും അശ്രദ്ധനാക്കരുത്. ആരോഗ്യവും ധനവും മാനസികമായ കഴിവുകളും നമ്മുടെ ചുറ്റുപാടുള്ള ഭൗതികമായ അലങ്കാരങ്ങളും നമ്മുടെ സൃഷ്ടിയുദ്ദേശ്യം മറന്നുപോകുന്നതിന് നമ്മെ അശ്രദ്ധരാക്കരുത്." ഞാൻ പറഞ്ഞതുപോലെ, അഹ്മദികളിൽ ഭൂരിഭാഗവും ഈ രാജ്യങ്ങളിൽ ദീൻ കാരണത്താലാണ് വന്നിട്ടുള്ളത്. അവരുടെ രാജ്യത്തുണ്ടായ മതപരമായ നിയന്ത്രണങ്ങൾ കാരണത്താലാണ് വന്നിട്ടുള്ളത്. അതിനാൽ ഇക്കാര്യം എപ്പോഴും മുമ്പിൽ വെക്കുക. അഹ്മദി വിളംബരം ചെയ്യുന്നത്, ഒരു ദീർഘമായ അന്ധകാരത്തിനുശേഷം ഇസ്‌ലാമിന്റെ പ്രകാശിക്കുന്ന സൂര്യൻ മസീഹ് മൗഊദിന്റെ കാലഘട്ടത്തിൽ ഉദിച്ചുയരണമായിരുന്നുവെന്നും നബി(സ)തിരുമേനിയുടെ പ്രവചനമനുസരിച്ച് യഥാർഥമായ അധ്യാപനവും അനാചാരങ്ങളിൽനിന്ന് സംശുദ്ധമായ അധ്യാപനവും പറഞ്ഞുകൊടുത്തുകൊണ്ട് അദ്ദേഹം മുസ്‌ലിംകളുടെ മനസ്സുകളെ അന്ധകാരങ്ങളിൽനിന്ന് വെളിച്ചത്തിലേക്ക് കൊണ്ടുവരണമായിരുന്നുവെന്നുമാണ്; അമുസ്‌ലിംകൾക്കും ഇസ്‌ലാമിന്റെ യഥാർഥവും മനോഹരവുമായ അധ്യാപനം പറഞ്ഞുകൊടുക്കണമായിരുന്നു!

ഈ രാജ്യങ്ങളിൽ വന്നിട്ട് ഇപ്പോൾ എല്ലാ അഹ്മദികളുടേയും നിർബന്ധകടമയാണ്, അവർ ഈ ഈ കടമ പൂർണമായും നിറവേറ്റാൻ ശ്രമിക്കുക എന്നത്. എവിടെയൊക്കെ അഹ്മദിയുണ്ടോ നിങ്ങളുടെ ചുറ്റുവട്ടത്തുള്ളവർക്ക് യഥാർഥ ഇസ്‌ലാം എന്താണെന്ന് പറഞ്ഞുകൊടുക്കുക. മറ്റുള്ളവരുടെ ശ്രദ്ധ നമ്മളിലേക്ക് തിരിയുംവിധം ഓരോ അഹ്മദിയുടെയും കർമം, അവന്റെ സൽസ്വഭാവം, അവന്റെ ആരാധനയുടെ നിലവാരം ഉയർന്നതായിരിക്കേണ്ടതാണ്. ഇത് അഹ്മദികളെ മറ്റുള്ളവരിൽനിന്ന് ഉയർത്തുന്നതോടൊപ്പം ഇവിടത്തെ തദ്ദേശവാസികളിൽ തബ്‌ലീഗിനുള്ള വഴികൾ തുറക്കുന്നതിലും സഹായി ആയിരിക്കും. ഇക്കാര്യം ഓരോ അഹ്മദിയും മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. ഇത് ഓരോ അഹ്മദിയുടേയും വളരെ വലിയ ഉദ്ദേശ്യമാണ്. ആദ്യം സ്വയമേ തങ്ങളുടെ സൃഷ്ടി ഉദ്ദേശ്യം മനസ്സിലാക്കുക. പിന്നീട് മറ്റുള്ളവർക്ക് ഈ സൃഷ്ടി ഉദ്ദേശ്യം മനസ്സിലാക്കിക്കൊടുക്കാൻ ശ്രദ്ധിക്കുക. ലോകത്തിന് ഈ യാഥാർഥ്യം പറഞ്ഞുകൊടുക്കണം. അതായത് അല്ലാഹു സൃഷ്ടിച്ചിട്ടുള്ള ലോകത്തിലെ അനുഗ്രഹങ്ങൾ അവനിൽനിന്ന് അകറ്റികൊണ്ടുപോകുന്നതിനുള്ളതല്ല. മറിച്ച്, അല്ലാഹുവിനോടു അടുപ്പിക്കുന്നതിനു വേണ്ടിയുള്ളതാണ്. അതുകൊണ്ട് അതിൽ മധ്യമനില കൈക്കൊള്ളുക. ഇല്ലെങ്കിൽ മധ്യമനില ലംഘിക്കുന്ന കാരണത്താൽ നിങ്ങൾ നാശത്തിലേക്ക് മുൻകടക്കുന്നതായിരിക്കും. ഇന്നേക്ക് നാലഞ്ചു വർഷം മുമ്പേ ലോകം ഇങ്ങനെ നാശത്തിലേക്ക് കുതിക്കുമെന്ന് സങ്കല്പിക്കാൻ പോലും പറ്റുമായിരുന്നില്ല. അല്ലെങ്കിൽ അതംഗീകരിക്കാൻ തയ്യാറല്ലായിരുന്നു. പക്ഷേ, ഇന്ന് അവസ്ഥകൾ തികച്ചും മാറിപ്പോയി. ഏതൊരു നാശത്തിലേക്കാണോ ലോകം കുതിക്കുന്നത് അതിന്റെ യഥാർഥ കാരണം, പാശ്ചാത്യലോകത്തിന്റെ അഭിവൃദ്ധി അവരെ രക്ഷിക്കുമെന്ന് മനസ്സിലാക്കുന്നുവെന്നതാണ്. ഇനി നഷ്ടമുണ്ടായാൽത്തന്നെയും അത് തങ്ങൾക്കു നികത്താൻ കഴിയുമെന്ന ധാരണയാണ്. പക്ഷേ, ഇത് അവരുടെ തെറ്റായ ധാരണയാണ്. അങ്ങനെ ചിന്തിക്കുന്നവർ യുദ്ധങ്ങളുടെ നാശം ഉണ്ടാകുമ്പോൾ, സാമ്പത്തികാടിസ്ഥാനത്തിൽ കൂടുതൽ കെട്ടുറപ്പുള്ള ഭരണകൂടങ്ങളാണെങ്കിൽത്തന്നെയും ആ യുദ്ധത്തിനുശേഷവും ഇപ്പോഴും തങ്ങളെ രക്ഷിക്കാനായിരിക്കും ആദ്യം ശ്രദ്ധിക്കുക. ഈ കെട്ടുറപ്പുള്ള രാജ്യം, ചില യൂറോപ്യൻ രാജ്യങ്ങൾ ഇനിയും കൂടുതൽ മോശമായ അവസ്ഥകളിലേക്ക് പോകാവുന്നതാണ്. അതിനാൽ എവിടെയൊക്കെയാണോ അഹ്മദിയുള്ളത്, അവർ കർമപരമായ ശ്രമങ്ങളും എല്ലാത്തിനെക്കാളുമുപരി ദുആകൾകൊണ്ട്, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിലേക്ക് ശ്രദ്ധിക്കുക. അല്ലാഹുവിന്റെ കൃപയൊന്നുമാത്രമാണ് ലോകത്തെ നാശത്തിൽനിന്ന് രക്ഷിക്കുന്നത്. അല്ലാഹുവിന്റെ കൃപ ആകർഷിച്ചെടുക്കുന്നതിന് ഇക്കാര്യങ്ങൾ അനുസരിച്ച് പ്രവർത്തിക്കേണ്ട ആവശ്യമുണ്ട്; തന്റെ സന്നിധിയിൽ കുനിഞ്ഞുകൊണ്ടമാത്രമേ തന്നെ തൃപ്തിപ്പെടുത്താൻ കഴിയുകയുള്ളൂവെന്ന് അല്ലാഹു പറഞ്ഞിട്ടുള്ളത് ഓരോ അഹ്മദിയും ഓർമവയ്ക്കേണ്ടതാണ്.

സ്വയം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുന്നതുകൊണ്ടുമാത്രം ദുൻയാവിന്റേയും ആഖിറത്തിന്റേയും ഉടമസ്ഥനാക്കുകയില്ല. അഗ്നിയുടെ ശിക്ഷയിൽനിന്ന് രക്ഷിക്കാനും സാധ്യമല്ല. മറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ വിശ്വസിക്കുക എന്നത് കൂടുതൽ ഉത്തരവാദിത്തം നമ്മളിലിടുന്നു. സ്വന്തം ജീവിതം അല്ലാഹുവിന്റെ തൃപ്തിക്കനുസരിച്ച് വാർത്തെടുക്കേണ്ടതാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:

"ഓർമിച്ചുകൊള്ളുവിൻ! വെറും ബയ്അത്ത് ഒന്നുമല്ല. യഥാർഥ ബയ്അത്തിന്റെ പൊരുൾ നിറവേറ്റാത്തിടത്തോളം അല്ലാഹു ഈ ആചാരം കൊണ്ട് തൃപ്തിപ്പെടുകയില്ല. അതുനിറവേറ്റാത്തിടത്തോളം ഈ ബയ്അത്ത്, ബയ്അത്താകുകയുമില്ല. അത് കേവലം ആചാരമായിരിക്കും. അതുകൊണ്ട് ബയ്അത്തിന്റെ യഥാർഥമായ ഉദ്ദേശ്യത്തെ പൂർത്തിയാക്കാൻ ശ്രദ്ധിക്കുക എ ന്നത് നിർബന്ധമാണ്. യഥാർഥമായ ഉദ്ദേശ്യമെന്താണ്?"ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "അതായത് തഖ്‌വ കൈക്കൊള്ളുക. വിശുദ്ധഖുർആൻ ശ്രദ്ധിച്ച് പാരായണം ചെയ്യുക. അതിൽ ചിന്തിക്കുക. പിന്നീട് പ്രവർത്തിക്കുക. കാരണം അല്ലാഹു കേവലം വാക്കുകളും കാര്യങ്ങളുംകൊണ്ട് ഒരിക്കലും സന്തോഷിക്കുകയില്ലെന്നതാണ് അവന്റെ നടപടിക്രമം. മറിച്ച്, അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നതിന് അവന്റെ കല്പനകൾ പിൻപറ്റേണ്ടത് നിർബന്ധമാണ്. അവൻ നിരോധിച്ചിട്ടുള്ള കാര്യങ്ങളിൽനിന്ന് രക്ഷപ്പെടുക. അവൻ വിലക്കിയിട്ടുള്ളത് ചെയ്യാതിരിക്കുക. ഇത് എത്രമാത്രം വ്യക്തമായ കാര്യമാണെന്നാൽ, മനുഷ്യനും വെറും പറച്ചിൽകൊണ്ട് സന്തോഷിക്കുന്നില്ലെന്ന് നമ്മൾ കാണുന്നു. മറിച്ച്, അവനും സേവനം കൊണ്ടാണ് സന്തോഷിക്കുന്നത്." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "സത്യവാനായ മുസ്‌ലിമും വ്യാജനായ മുസ്‌ലിമും തമ്മിൽ വ്യത്യാസമുണ്ട്. വ്യാജനായ മുസ്‌ലിം കാര്യങ്ങൾ തയ്യാറാക്കും എന്നാൽ, ചെയ്യുകയില്ല. അതിനെതിരിൽ യഥാർഥ മുസ്‌ലിം ചെയ്തു കാണിക്കുന്നു; കാര്യങ്ങൾ പറഞ്ഞുനിറുത്തുകയില്ല. തന്റെ ദാസൻ തനിക്കുവേണ്ടി ആരാധന നടത്തുന്നുവെന്ന് അല്ലാഹു കാണുമ്പോൾ, തനിക്കുവേണ്ടി തന്റെ സൃഷ്ടികളോടു അനുകമ്പ കാണിക്കുന്നുവെന്ന് കാണുമ്പോൾ തന്റെ മലക്കുകളെ അവനുമേൽ ഇറക്കുന്നു. സത്യവാനും വ്യാജനുമായ മുസ്‌ലിംകളെ തമ്മിൽ അവന്റെ വാഗ്ദാനമനുസരിച്ച് വ്യത്യാസപ്പെടുത്തിക്കാണിക്കുന്നു."(മൽഫൂദാത്ത് വാല്യം 6 പേജ് 404 –405, 1985 ലണ്ടൻ പതിപ്പ്)

നമ്മളിലോരോരുത്തരുടേയും നിർബന്ധകടമയാണ് സത്യവാനായ മുസ്‌ലിമാകാൻ ശ്രമിക്കുക എന്നത്. പരലോകത്തെ നന്മകളുടെ അനന്തരാവകാശിയാക്കുമെന്ന നിലയിൽ ലോകത്തിലെ നന്മകളിൽനിന്നും അനുഗ്രഹങ്ങളിൽനിന്നും ഫലമെടുക്കുക. നമ്മൾ നമ്മുട ആരാധനകളുടെ കടമകൾ നിറവേറ്റുന്നവരാകട്ടെ. ദീൻ കാരണത്താൽ നിർബന്ധിതരായി നമുക്ക് നമ്മുടെ രാജ്യത്തെ ഉപേക്ഷിക്കേണ്ടി വന്നതാണ്. അതുകൊണ്ട് ഇവിടെ വന്നിട്ട് നമ്മുടെ ദീനീപരമായ അധ്യാപനങ്ങളോടുള്ള കടമ വീണ്ടും നിറവേറ്റുന്നവരാകട്ടെ. അല്ലാഹു എല്ലാവർക്കും ഇതിന് തൗഫീഖ് നല്കുമാറാകട്ടെ.

## തസ്ബീഹ് പിന്നീടു കണ്ടുപിടിച്ചതാണ്:

'ഒരാൾ നീളമുള്ള ജപമാല- തസ്ബീഹ് കൈയിൽപിടിച്ച് ഒരു ഇടവഴിയിലൂടെ പോകുകയായിരുന്നു. അല്ലാഹുവിന്റെ നാമം അയാൾ ജപമാലയുടെ മുത്തുകൾ നീക്കി നീക്കി എണ്ണുന്നത് ഒരു വൃദ്ധ കണ്ടു. അവർ ചോദിച്ചു, നീ നിന്റെ പ്രേമഭാജനത്തിന്റെ നാമം എണ്ണിയെണ്ണിയാണോ സ്മരിക്കുന്നത്? അയാൾ അവിടെത്തന്നെ ആ ജപമാല വലിച്ചെറിഞ്ഞു. അല്ലാഹുവിന്റെ അനുഗ്രഹങ്ങൾ അസംഖ്യമാണ്. ആർക്കാണ് അത് എണ്ണിത്തിട്ടപ്പെടുത്താൻ കഴിയുക?'

**(മൽഫൂദാത്ത് വാല്യം 5, പേജ് 13)**

(പേജ് 2 ൽ നിന്ന്)

? തറാവീഹ്, തഹജ്ജുദ് നമസ്കാരമാണെങ്കിൽ 20 റക്അത്ത് നമസ്ക്കരിക്കുന്നതിനെ സംബന്ധിച്ച് എന്താണ് നിർദ്ദേശം. കാരണം തഹജ്ജുദ്, വിത്ർ ഉൾപ്പെടെ 11 റക്അത്താണല്ലോ?

"നബി(സ)തിരുമേനിയുടെ സ്ഥിരമായിട്ടുള്ള സുന്നത്ത് 8 റക്അത്താണ്. ആ മഹാത്മാവ് തഹജ്ജുദിന്റെ സമയത്തു തന്നെയാണ് നമസ്ക്കരിച്ചിരുന്നത്. ശ്രേഷ്ഠകരവും ഇതു തന്നെ. എന്നാൽ, ആദ്യ നേരത്തും നമസ്ക്കരിക്കുന്നത് അനുവദനീയമാണ്. നബി(സ) രാത്രിയുടെ ആദ്യ ഭാഗത്തു നമസ്ക്കരിച്ചിരുന്നതായി ഒരു രിവായത്തുണ്ട്. 20 റക്അത്ത് പിന്നീട് നമസ്ക്കരിക്കപ്പെട്ടതാണ്. എന്നാൽ, നബി(സ) തിരുമേനിയുടെ സുന്നത്ത് ആദ്യം നമസ്കരിച്ചതുതന്നെയാകുന്നു." (മൽഫൂദാത്ത് വാല്യം 10 പേജ് 113)


**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"താൽക്കാലികവും ഭൗതികവുമായ ആഗ്രഹങ്ങളും ആനന്ദാനുഭൂതികളും നമ്മുടെ ലക്ഷ്യമാക്കാതിരിക്കുമ്പോഴാണ് നാം യഥാർഥ അഹ്മദിയായിത്തീരുന്നത്."**
**(ഖുത്ബ ജുമുഅ,2017 മെയ് 5.)**

**ത്വാലിബെ ദുആ:**
**സുനിൽ അഹ്മദ്,അഹ്മദിയ്യാ ജമാഅത്ത്, മാത്ര. (കേരള)**

**അമീറുൽ മുഅ്മിനീന്റെ ഉപദേശം:-**

**"ഏറ്റവും കൂടുതൽ 'വാഖ്ഫിനെ നൗ'യിനെ ജാമിഅ അഹ്മദിയ്യായിൽ വിദ്യാഭ്യാസത്തിനായി അയക്കേണ്ടതാണ്."**
**(ഖുത്ബ ജുമുഅ, 2017 മാർച്ച് 10.)**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ, പള്ളൂരുത്തി (കേരള)**

# ഈദു ഖുത്ബ

**അല്ലാഹു കഴിവ് നല്കിയിട്ടുള്ള മുസ്‌ലിംകൾ ഹജ്ജ് ചെയ്താലും ഇല്ലെങ്കിലും ബലിയർപിക്കാനുള്ള കഴിവുള്ളതുകൊണ്ട് ഈ ദിനങ്ങളിൽ നിർബന്ധമായും മൃഗങ്ങളെ ബലിയറുക്കണമെന്ന് കല്പിക്കപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ ലോകത്തുള്ള കോടിക്കണക്കിന് മുസ്‌ലിംകൾ ഹജ്ജിനേയും ഹദ്റത്ത് ഇബ്‌റാഹിം ഹദ്റത്ത് ഇസ്മായീൽ എന്നിവരേയും അടിസ്ഥാനപ്പെടുത്തി ആഘോഷിക്കുന്ന ഈദുൽഅള്ഹിയായുടെ അവസരത്തിൽ മൃഗങ്ങളെ ബലിയറുക്കുന്നു. പക്ഷേ, വെറും ബലിയറുക്കുന്നതുകൊണ്ട് മനുഷ്യൻ അല്ലാഹുവിന്റെ ദൃഷ്ടിയിൽ സ്വീകാരാർഹൻ ആകുകയില്ല. മറിച്ച്, യഥാർഥ കാര്യം നിങ്ങളുടെ മനസ്സുകളുടെ പരിശുദ്ധിയും ദൈവഭക്തിയുമാണെന്ന വിഷയമാണ് ഈ ഖുർആനിക വചനത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളതും മുഅ്മിനീംകളുടെ ശ്രദ്ധ അല്ലാഹു ക്ഷണിച്ചിട്ടുള്ളതും; അതാണ് അല്ലാഹു വിലമതിക്കുന്നത്.**

**അല്ലാഹുവിനോടുള്ള സ്നേഹം, അവനോടുള്ള ഭയവും അവന്റെ സ്ഥാനത്തിന്റേയും അവന്റെ സത്തയുടേയും തിരിച്ചറിവുമാണ് ദൈവത്തെക്കുറിച്ചുള്ള ജ്ഞാനമുണ്ടാക്കുന്നത്. ഈ ഈശ്വരീയജ്ഞാനമുണ്ടാകുമ്പോൾ മനുഷ്യൻ എല്ലാ പാപങ്ങളിൽനിന്നും രക്ഷപ്പെടുന്നു.**

**ബാഹ്യമായ നമസ്കാരവും നോമ്പും അതിനോടൊപ്പം ആത്മാർഥതയും സത്യസന്ധതയുമില്ലെങ്കിൽ ഒരു ഗുണവും അതുൾക്കൊള്ളുന്നില്ല.**

**തഖ്‌വകാർക്കുള്ള നിബന്ധന, അവർ തങ്ങളുടെ ജീവിതം നിസഹായതയിലും(ഗുർബത്ത്) നിരാലംബതയിലും(മിസ്ക്കീനി) കഴിക്കുക എന്നതാണ്**

**മനുഷ്യന് കോപമുണ്ടാകുന്നത് എന്തുകൊണ്ടാണ്? അവന്റെ ഉള്ളിൽ ചില അവസ്ഥകളിൽ അഹങ്കാരവും ഗർവ്വും ഉണ്ടാകുന്നതുകൊണ്ടാണത്. മറ്റുള്ളവരെ തന്നെക്കാൾ താഴ്ന്നവനായി മനസ്സിലാക്കുന്നു. സ്വയം വലിയവനായി കരുതുന്നു. അവന്റെ നിസാരമായ തെറ്റിൽ ഇവന് ദ്വേഷം വരുന്നു. ആരാണോ പെട്ടെന്ന് കോപത്തിൽവന്ന് അടിക്കാനും തല്ലാനും തുടങ്ങുന്നത് അവൻ ചിന്തിക്കേണ്ട സ്ഥാനമാണിത്. കുടുംബപരമായ ബന്ധങ്ങളിൽ ഉണ്ടാകുന്ന ദ്വേഷമായാലും, ഭാര്യാഭർത്താക്കന്മാരുടെ ബന്ധങ്ങളിലുണ്ടാകുന്ന ദ്വേഷമായാലും സാമൂഹികമായ ബന്ധങ്ങളിലുണ്ടാകുന്ന ദ്വേഷത്തിന്റെ പ്രകടമായാലും വേണ്ടില്ല. എല്ലായിടത്തും എവിടെയായാലും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകമായനിലയിൽ ഈ ബലിപെരുന്നാളിൽ ഈ ഭാഗത്ത് ശ്രദ്ധിക്കേണ്ടതാണ്; നമ്മൾ നമ്മുടെ ദ്വേഷത്തേയും ബലിയറുത്തിടുക. സ്വന്തം ശരീരേച്ഛയെ ബലിയറുത്തു അതിനെ ഉത്തമമാക്കുക.**

**സത്യമായ ഈശ്വരീയജ്ഞാനം വിനയത്തിൽനിന്നും എളിമയിൽനിന്നുമാണ് വരുന്നത്, അതുകൊണ്ട് മനുഷ്യൻ അങ്ങേയറ്റം വിനയത്തോടെ അല്ലാഹുവിന്റെ സന്നിധിയിൽ വീഴുകയും അവനോടു സഹായം തേടുകയും ചെയ്യേണ്ടതാണ്.**

**അല്ലാഹുവിന്റെ ദൃഷ്ടിയിൽ മുത്തഖിയാകാത്തിടത്തോളം ഒരു ജമാഅത്തും അല്ലാഹുവിന്റെ സഹായമുള്ള ജമാഅത്താകുകയില്ല. അതിനാൽ ഈ ഭാഗത്തേക്ക് ശ്രദ്ധ തിരിക്കേണ്ട ആവശ്യമുണ്ട്.**

**ഈദു ഖുത്ബ സയ്യിദുനാ അമീറുൽ മുഅ്മിനീൻ ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് അയ്യദഹുല്ലാഹുത്തആല ബിനസ്രിൽ അസീസ്**

**ഈദു ഖുത്ബ: 2017 സെപ്റ്റംബർ 2/1396 തബൂക് 2**
**മസ്ജിദ് ബയ്ത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

اَشْھَدُ اَنْ لَّا اِلٰہَ اِلَّا اللّٰہُ وَحْدَہٗ لَا شَرِیْکَ لَہٗ وَاَشْھَدُ اَنَّ مُحَمَّدًا عَبْدُہٗ وَرَسُوْلُہٗ
اَمَّا بَعْدُ فَاَعُوْذُ بِاللّٰہِ مِنَ الشَّیْطٰنِ الرَّجِیْمِ۔ بِسْمِ اللّٰہِ الرَّحْمٰنِ الرَّحِیْمِ۔
اَلْحَمْدُ لِلّٰہِ رَبِّ الْعٰلَمِیْنَ۔ الرَّحْمٰنِ الرَّحِیْمِ۔ مٰلِکِ یَوْمِ الدِّیْنِ۔ اِیَّاکَ نَعْبُدُ وَاِیَّاکَ نَسْتَعِیْنُ۔
اِھْدِنَا الصِّرَاطَ الْمُسْتَقِیْمَ۔ صِرَاطَ الَّذِیْنَ اَنْعَمْتَ عَلَیْھِمْ غَیْرِ الْمَغْضُوْبِ عَلَیْھِمْ وَلَا الضَّآلِّیْنَ۔
لَنْ یَّنَالَ اللّٰہَ لُحُوْمُھَا وَلَا دِمَآؤُھَا وَلٰکِنْ یَّنَالُہُ التَّقْوٰی مِنْکُمْ۔ کَذٰلِکَ سَخَّرَھَا لَکُمْ لِتُکَبِّرُوا اللّٰہَ عَلٰی مَا ھَدٰکُمْ۔ وَبَشِّرِ الْمُحْسِنِیْنَ (الحج:38)

"അവയുടെ മാംസമോ രക്തമോ അല്ലാഹുവിന് ഒരിക്കലും എത്തുകയില്ല. പക്ഷേ, നിങ്ങളുടെ ഹൃദയഭക്തിയാണ് അവനെത്തുന്നത്. ഇപ്രകാരം അവൻ അവയെ നിങ്ങൾക്ക് അധീനപ്പെടുത്തിത്തന്നിരിക്കുന്നു. അല്ലാഹു നിങ്ങൾക്ക് നേർമാർഗം കാണിച്ചുതന്നതു നിമിത്തം നിങ്ങൾ അവനെ മഹത്ത്വപ്പെടുത്തുന്നതിനുവേണ്ടി സദ്യത്തന്മാരെ നീ സന്തോഷവാർത്ത അറിയിക്കുക." (22:38)

ബലികളുടെ വിഷയം വിവരിക്കുന്ന വചനങ്ങളിൽപ്പെട്ടതാണ് ഈ ഖുർആനിക വചനം. ഹജ്ജിന്റെ വിഷയം വിവരിക്കുന്ന വചനങ്ങളോടൊപ്പമാണ് ഇത് പറഞ്ഞിട്ടുള്ളത്. അല്ലാഹു കഴിവ് നല്കിയിട്ടുള്ള മുസ്‌ലിംകൾ ഹജ്ജ് ചെയ്താലും ഇല്ലെങ്കിലും ബലിയർപിക്കാനുള്ള കഴിവുള്ളതുകൊണ്ട് ഈ ദിനങ്ങളിൽ നിർബന്ധമായും മൃഗങ്ങളെ ബലിയറുക്കണമെന്ന് കല്പിക്കപ്പെട്ടിരിക്കുന്നു. ഇക്കാരണത്താൽ ലോകത്തുള്ള കോടിക്കണക്കിന് മുസ്‌ലിംകൾ ഹജ്ജിനേയും ഹദ്റത്ത് ഇബ്‌റാഹിം ഹദ്റത്ത് ഇസ്മായീൽ എന്നിവരേയും അടിസ്ഥാനപ്പെടുത്തി ആഘോഷിക്കുന്ന ഈദുൽഅള്ഹിയായുടെ അവസരത്തിൽ മൃഗങ്ങളെ ബലിയറുക്കുന്നു. പക്ഷേ, വെറും ബലിയറുക്കുന്നതുകൊണ്ട് മനുഷ്യൻ അല്ലാഹുവിന്റെ ദൃഷ്ടിയിൽ സ്വീകാരാർഹൻ ആകുകയില്ല. മറിച്ച്, യഥാർഥ കാര്യം നിങ്ങളുടെ മനസ്സുകളുടെ പരിശുദ്ധിയും ദൈവഭക്തിയുമാണെന്ന വിഷയമാണ് ഈ ഖുർആനിക വചനത്തിൽ വിവരിക്കപ്പെട്ടിട്ടുള്ളതും മുഅ്മിനീംകളുടെ ശ്രദ്ധ അല്ലാഹു ക്ഷണിച്ചിട്ടുള്ളതും; അതാണ് അല്ലാഹു വിലമതിക്കുന്നത്.

അതുകൊണ്ട് താൻ പെരുന്നാളിന് ഇത്ര തടിച്ചതും വിലപിടിച്ചതുമായ മൃഗത്തെ ബലിയറുത്തു എന്ന കാര്യത്തിൽ ഒരു മുഅ്മിൻ സന്തോഷിക്കാൻ പാടില്ല. ഹൃദയഭക്തിയില്ലെങ്കിൽ, ബലികൾ നിങ്ങളുടെ മനസ്സുകളിൽ പരിശുദ്ധപരിവർത്തനം ഉണ്ടാക്കുന്നതിലേക്ക് ശ്രദ്ധ തിരിക്കുന്നില്ലെങ്കിൽ എത്ര തടിച്ചതും വിലപിടിച്ചതുമായ ബലിയറുത്താലും അല്ലാഹുവിന്റെ ദൃഷ്ടിയിൽ നിഷ്ഫലമാണ്. ഈ വിഷയത്തിന്റെ യുക്തിയും അതിന്റെ ആഴവും വിശദീകരണവും ഹദ്റത്ത് മസീഹ് മൗഊദ്(അ) വിവിധ സ്ഥലങ്ങളിൽ വിവരിച്ചിരിക്കുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ ആ മഹാത്മാവ് എഴുതിയിട്ടുള്ള കാര്യങ്ങൾ ഞാൻ സമർപിക്കുകയാണ്.

മനുഷ്യൻ തന്റെ ആത്മാവിനെ, സമ്പൂർണ സംതൃപ്തിയോടെ അല്ലാഹുവിന്റെ തൃപാദങ്ങളിൽ വെക്കുകയോ ബലിയറുക്കുന്നതിനുവേണ്ടി സ്വയംതന്നെ സമർപിക്കുകയോ ചെയ്യുന്നതിന്റെ പേരാണ് ഇസ്‌ലാം എന്ന കാര്യം വിവരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: "ഈ സ്ഥാനം അല്ലാഹുവിനെ കുറിച്ചുള്ള പരിപൂർണജ്ഞാനം കരസ്ഥമാക്കിയതിനുശേഷമാണ് ലഭിക്കുന്നത്." സമ്പൂർണമായ ജ്ഞാനം എങ്ങനെയാണ് കരസ്ഥമാകുന്നത്. ഇതുസംബന്ധമായി അവിടന്ന് പറയുന്നു: "ഭയത്തിന്റേയും സ്നേഹത്തിന്റേയും ആത്മപരിശോധനയുടേയും പേരാണ് സമ്പൂർണ മഅ്രിഫത്ത് അഥവാ ഈശ്വരീയജ്ഞാനം. ആർക്കാണോ സമ്പൂർണ ഈശ്വരീയജ്ഞാനം നല്കപ്പെട്ടിട്ടുള്ളത് അവന് ഭയവും സ്നേഹവും സമ്പൂർണമായി നല്കപ്പെട്ടിരിക്കുന്നു. ആർക്കാണോ ഭയവും സ്നേഹവും സമ്പൂർണമായി നല്കപ്പെട്ടിരിക്കുന്നത് അവന് ഭയമില്ലാത്ത അവസ്ഥയിൽ ചെയ്തുകൂട്ടുന്ന എല്ലാ ഓരോ പാപത്തിൽനിന്നും മോക്ഷം നല്കപ്പെട്ടിരിക്കുന്നു. അതിനാൽ അല്ലാഹുവിനോടുള്ള സ്നേഹം, അവനോടുള്ള ഭയവും അവന്റെ സ്ഥാനത്തിന്റേയും അവന്റെ സത്തയുടേയും തിരിച്ചറിവുമാണ് ദൈവത്തെക്കുറിച്ചുള്ള ജ്ഞാനമുണ്ടാക്കുന്നത്. ഈ ഈശ്വരീയജ്ഞാനമുണ്ടാകുമ്പോൾ മനുഷ്യൻ എല്ലാ പാപങ്ങളിൽനിന്നും രക്ഷപ്പെടുന്നു." അവിടന്ന് പറയുന്നു: "പിന്നീട് മനുഷ്യന് പാപങ്ങളിൽനിന്ന് മോക്ഷം ലഭിക്കുന്നു. കാരണം അവന് അല്ലാഹുവിന്റെ സത്തയെക്കുറിച്ചുള്ള ശരിയായ ഗ്രാഹ്യവും തിരിച്ചറിവും കൈവരുന്നു." അവിടന്ന് പറയുന്നു: "ഇത്തരത്തിലുള്ള പാപമോചനത്തിന്നായി നമുക്ക് ആരുടെയും രക്തം ചിന്തേണ്ടതിന്റെയോ കുരിശുമരണത്തിന്റെയോ ഇതര "പാപപരിഹാര സിദ്ധാന്ത" ത്തിന്റെയോ അവശ്യമേ ഇല്ല. നമുക്കാവശ്യം നമ്മുടെ മാനസീകേച്ഛകളുടെ ത്യാഗം ആണ്. നമ്മുടെ പ്രകൃതിയും ഇതാണാവശ്യപ്പെടുന്നത്. ഇത്തരത്തിലുള്ള മഹൽത്യാഗങ്ങളുടെ മറ്റൊരു പേരാണ് ഇസ്‌ലാം എന്നുള്ളത്." ആത്മാവിനെ ബലിയിടുക. അപ്പോൾ മനുഷ്യൻ ശരിയായ മുസ്‌ലിമായിത്തീരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഇസ്‌ലാം എന്നാൽ സ്വയം അർപ്പിതമായിക്കൊണ്ട് പരിപൂർണതൃപ്തിയോടെ തന്റെ ആത്മാവിനെ ദൈവസമക്ഷം അർപ്പിക്കുക എന്നുള്ളതാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ശരീഅത്തിന്റെ എല്ലാ

കൽപനകളുടെയും ജീവനാഡിയായിരിക്കുന്നതും ഇസ്‌ലാം എന്ന പ്രിയപ്പെട്ട നാമമാണ്. പരിപൂർണ്ണ തൃപ്തിയോടും സന്തോഷത്തോടും കൂടി ദൈവത്തിന്റെ തിരുസന്നിധിയിൽ തന്നെ അർപ്പണം ചെയ്യുവാൻ പരിപൂർണ്ണമായ സ്നേഹവും ബന്ധവും ആവശ്യമാണ്." സന്തോഷത്തോടും തൃപ്തിയോടുംകൂടി കഴുത്ത് മനുഷ്യന് വെച്ചുകൊടുക്കാൻ കഴിയുന്നത്, അല്ലെങ്കിൽ ബലി സമർപിക്കാൻ കഴിയുന്നത് സ്നേഹവും അനുരക്തിയും സമ്പൂർണമാകുമ്പോഴാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈ ദൈവസ്നേഹവും ബന്ധവും പരിപൂർണമായ ആത്മീയജ്ഞാനം ഒന്നുകൊണ്ട് മാത്രമെ കരഗതമാവുകയുള്ളൂ.

ചുരുക്കത്തിൽ യഥാർഥമായ ത്യാഗവും അർപണമനോഭാവവും ദൈവത്തോടുള്ള സ്നേഹബന്ധത്താലും ആത്മീയജ്ഞാനത്താലും മാത്രമേ സാധിക്കുകയുള്ളൂ എന്ന് ഇസ്‌ലാം എന്ന പദം തന്നെ സൂചിപ്പിക്കുന്നു.

ഇതിനെക്കുറിച്ചാണ് വിശുദ്ധ ഖുർആൻ ഇപ്രകാരം പറയുന്നത്.

നിങ്ങളുടെ (ബലിമൃഗങ്ങളുടെ) മാംസമോ രക്തമോ അല്ലാഹുവെ സമീപിക്കുന്നില്ല. മറിച്ചു നിങ്ങളുടെ ഭയഭക്തിയും തഖ്‌വയും മാത്രമെ അവന്നു വന്നു ചേരുകയുള്ളൂ." (22:38) എന്താണ് ബലി? നിങ്ങൾ എന്നെ ഭയപ്പെടുകയും എനിക്കുവേണ്ടി ഹൃദയഭക്തി കൈക്കൊള്ളുകയും ചെയ്യുക." (ലക്ചർ ലാഹോർ, റൂഹാനീഖസായിൻ, വാള്യം 20, പേജ് 151–152)

അതിനാൽ ഈ പോയന്റും തത്ത്വവും മനസ്സിലാക്കേണ്ട ആവശ്യമുണ്ട്. അല്ലാഹു ഭയങ്കരനായതുകൊണ്ടല്ല തന്നെ ഭയപ്പെടാൻ പറയുന്നത്. അതായത് അവൻ ഭയാനകനായതുകൊണ്ട് അവനെ പേടിക്കേണ്ടത് നിർബന്ധമാണെന്നല്ല പ്രത്യുത അല്ലാഹുവിനോടുള്ള ഭയം എങ്ങനെയുള്ളതാണെന്നാൽ, നമുക്ക് അങ്ങേയറ്റം പ്രിയങ്കരമായ ഒരു ബന്ധം നമ്മെ വെറുക്കുമ്പോൾ ഉണ്ടാകുന്ന ഭയമാണ്. കുട്ടി അമ്മയെ ഭയപ്പെടുന്നത് അമ്മ തന്നെ വെറുക്കരുതെന്നുള്ളതുകൊണ്ടാണ്; അമ്മ ഏതെങ്കിലും ഭയാനക വസ്തു ആയതുകൊണ്ടല്ല. എന്നല്ല അമ്മയിൽനിന്നുള്ള സ്നേഹം മറ്റെങ്ങുനിന്നും കിട്ടുകയുമില്ല. കുട്ടിക്ക് അമ്മയോടു ഒരു പ്രത്യേക ബന്ധമാണുള്ളത്. ഇക്കാരണത്താൽ അമ്മയുടെ വെറുപ്പ് കുട്ടിക്ക് സഹിക്കാൻ പറ്റുകയില്ല. അമ്മയുടെ എല്ലാ കാര്യത്തേയും ആദരിക്കണമെന്ന് അവനറിയാം. മാതാപിതാക്കളെ സ്നേഹിക്കുന്ന കുട്ടികൾ വലിയ പ്രായമായിക്കഴിഞ്ഞാലും അവർ വെറുക്കുന്നത് ഇഷ്ടപ്പെടുകയില്ല. അവരെ സന്തോഷിപ്പിക്കുന്നതിന് എല്ലാവിധത്തിലും പരിശ്രമിക്കുന്നു. അല്ലെങ്കിൽ ഭൗതികമായ സ്നേഹങ്ങളിൽ നമ്മൾ കാണാറുണ്ട്. പ്രേമഭാജനത്തിന്റെ ഹാവഭാവം സഹിക്കുന്നതിനുവേണ്ടി ചില ലൗകികരായ ആളുകൾ എന്തൊന്നാണ് ചെയ്യാതിരിക്കുന്നത്? അതാണെങ്കിൽ താൽക്കാലികമായ സ്നേഹങ്ങളാണ്. അത് ഒരു സമയത്ത് പാരമ്യത്തിലെത്താറുണ്ട്. മിക്കപ്പോഴും അത്തരം സ്നേഹങ്ങൾ ക്ഷണത്തിൽ തകരുകയും ചെയ്യുന്നു. പക്ഷേ, അല്ലാഹുവിന്റെ സ്നേഹമെന്നത് ദുൻയാവും ആഖിറവും സുവർണമാക്കുന്നതാണ്. അതുകൊണ്ടാണ് അല്ലാഹുവിനോടുള്ള ഭയം മനസ്സുകളിൽ ഉണ്ടാക്കാൻ അവൻ പറയുന്നത്. ഇത് സ്നേഹം കാരണത്താലും അല്ലാഹുവിന്റെ സ്ഥാനത്തെ ആദരിക്കുന്നതുകൊണ്ടുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം കരസ്ഥമാകാത്തിടത്തോളം, അവനോടുള്ള യഥാർഥ ഭയമുണ്ടാകുകയില്ല. അല്ലാഹുവിനെക്കുറിച്ചുള്ള ജ്ഞാനം മനുഷ്യന് ലഭിക്കാത്തതുകൊണ്ടാണ് ധാരാളം പാപങ്ങൾ മനുഷ്യൻ ചെയ്തുകൂട്ടുന്നത്. ഇപ്രകാരംതന്നെ അല്ലാഹുവിനെ സ്നേഹിക്കുന്നുവെന്ന് നാവുകൊണ്ട് വാദിക്കാറുണ്ട്. പക്ഷേ, മിക്ക സമയങ്ങളിലും ഭൗതികസാധനങ്ങളോടുള്ള സ്നേഹം അല്ലാഹുവിനോടുള്ള സ്നേഹത്തെ അതിജയിക്കുന്നു. അതിനാൽ മനുഷ്യൻ താൽക്കാലികമായ ഭൗതികനേട്ടങ്ങൾക്കുവേണ്ടി അല്ലാഹുവിന്റെ കല്പനകളെ വിസ്മരിച്ചുകളയുന്നു. അല്ലാഹുവിനെ എല്ലാ ശക്തികളുടേയും ഉടമസ്ഥനെന്ന് പറയാറുണ്ട്. പക്ഷേ, ഭൗതികരായ ഉടമകളെ സന്തോഷിപ്പിക്കുന്നതിനുവേണ്ടി അല്ലാഹുവിന്റെ കല്പനകളെ ചില ഘട്ടങ്ങളിൽ പിൻപുറംതള്ളിക്കളയുന്നു. മനുഷ്യന് ഒന്നും വകവെക്കാതെ ജോലിയെടുക്കുന്ന ഉറച്ചശീലങ്ങളും ഉണ്ടാകാറുണ്ട്. തന്നെ കണ്ടുകൊണ്ടിരിക്കുന്ന ഒരു ദൈവമുണ്ടെന്ന ചിന്തപോലും അവനുണ്ടാകുന്നില്ല." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ആരാണോ അല്ലാഹുവിനെക്കുറിച്ച് പൂർണമായും അറിയുന്നത് അവൻ അല്ലാഹുവിനോടുള്ള ഭയത്തിന്റേയും അവനോടുള്ള സ്നേഹത്തിന്റേയും ഉന്നതനിലവാരവും ഉൾക്കൊള്ളുന്നു. ഈ നിലവാരമുൾക്കൊള്ളുന്നവർ പിന്നീട് പാപം ചെയ്യുന്നതിൽ ഭയമില്ലാത്തവനാകുകയില്ല. അവൻ ആ പാപങ്ങളിൽനിന്ന് പരിശുദ്ധനാകുന്നു. തന്റെ പ്രേമഭാജനത്തെ എങ്ങനെ സന്തോഷിപ്പിക്കണമെന്ന ചിന്തയിൽ അവൻ രാവും പകലും കഴിച്ചുകൂട്ടുന്നു. എപ്പോഴും അവന്റെ കല്പനകൾ പ്രാവർത്തികമാക്കുന്നതിന് ശ്രമിച്ചുകൊണ്ടിരിക്കുന്നു. ഭൗതികനേട്ടങ്ങൾക്ക് അല്ലാഹുവിന്റെ കല്നപകളുടെമേൽ മുൻഗണന നല്കുകയില്ല. അതിനുവേണ്ടി തന്റെ ആത്മാവിനേയും തന്റെ ആഗ്രഹങ്ങളേയും ബലിയർപ്പിക്കേണ്ടിവന്നാൽ ബലിയർപ്പിക്കുകയും ചെയ്യുന്നു." ഈ ബലിയർപണത്തിന്റെ പേരാണ് ഇസ്‌ലാം എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു. അല്ലെങ്കിൽ ബയ്അത്തിന്റെ പ്രതിജ്ഞയിൽ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന് നമ്മൾ പറയുമ്പോൾ ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുന്നതിന്റെ യഥാർഥ നിലവാരം അല്ലാഹുവിന്റെ സ്ഥാനത്തിന്റേയും അതിന്റെ സത്തയുടേയും ജ്ഞാനം കരസ്ഥമാകുക എന്നതാണ്. അവിടന്ന് പറഞ്ഞതുപോലെ ആത്മാവിന്റെ ബലിയും ദീനിനെ ദുൻയാവിനെക്കാൾ മുന്തിക്കുമെന്ന പ്രതിജ്ഞയും എന്തെങ്കിലും നിർബന്ധത്താലോ മനസ്സില്ലാതെയോ ആകരുത്. മറിച്ച് മനഃസന്തോഷത്തോടും തൃപ്തിയോടും കൂടെയായിരിക്കണം. അവിടന്ന് പറഞ്ഞു: "മനുഷ്യൻ അല്ലാഹുവിനോടുള്ള തഖ്‌വ സ്വീകരിക്കുന്ന നേരത്താണ് ഇതുണ്ടാകുന്നത്."

ഈ വിഷയം അവിടന്ന് മറ്റു സ്ഥലങ്ങളിലും വിവരിച്ചിട്ടുണ്ട്. ഒരിടത്ത് അവിടന്ന് പറയുന്നു: "അല്ലാഹു ഇസ്‌ലാമിക ശരീഅത്തിൽ നിർബന്ധമായ കല്പനകൾക്കുവേണ്ടി ധാരാളം മാതൃകകൾ സ്ഥാപിച്ചിരിക്കുന്നു. പൂർണമായും തന്റെ മുഴുവൻ കഴിവുകളോടുംകൂടി അല്ലാഹുവിന്റെ വഴിയിൽ ബലിയാകണമെന്നത് മനുഷ്യനുള്ള കല്പനയാണ്. അതിനാൽ ബാഹ്യമായ ബലികൾ അതേ അവസ്ഥയ്ക്കുള്ള മാതൃകയാക്കിയിരിക്കുന്നു. പക്ഷേ, യഥാർഥ ഉദ്ദേശ്യം ആത്മാവിന്റെ ത്യാഗമാണ്. ലൻയ്യനാലല്ലാഹ ലുഹൂമുഹാ വലാ ദിമാഉഹാ വലാക്കിൻ യ്യനാലുഹുത്തഖ്‌വ മിൻകും എന്ന് അല്ലാഹു പറഞ്ഞതുപോലെ. ആടുമാടുകളെ അറുക്കുക എന്നത് ഒരു മാതൃകയാണ്. എപ്രകാരം ഈ ചെറിയ വസ്തുക്കൾ നമുക്കുവേണ്ടി ബലിയായിക്കൊണ്ടിരിക്കുകയും നമ്മൾ അവയെ ബലിയറുക്കുകയും ചെയ്യുന്നുവോ നമ്മളും അല്ലാഹുവിനുവേണ്ടി നമ്മുടെ ആത്മാവിനെ ബലിയറുക്കാനും അല്ലെങ്കിൽ അറുക്കാൻ തയ്യാറുമാകുമോ എന്ന് പരിശോധിക്കാനാണ്. മനുഷ്യൻ ആത്മപരിശോധന നടത്തിക്കൊണ്ടിരിക്കാൻ അവന്റെ മുമ്പിൽ വെക്കപ്പെട്ടിട്ടുള്ള ബാഹ്യമായ മാതൃകകളാണിത്. ഈ ആയത്തിന്റെ അർഥമെഴുതിക്കൊണ്ട് അവിടന്ന് പറയുന്നു: "അതായത് അല്ലാഹുവിന് നിങ്ങളുടെ ബലിയുടെ മാംസമെത്തുന്നില്ല. രക്തവും എത്തുന്നില്ല. എന്നാൽ, നിങ്ങളുടെ ഹൃദയഭക്തി അവനെത്തുന്നുണ്ട്. അതായത് അവനെ എത്രമാത്രം ഭയക്കണമെന്നാൽ, നിങ്ങൾ നിങ്ങളുടെ കൈകൊണ്ട് ബലികൾ അറുക്കുന്നതുപോലെ അവന്റെ വഴിയിൽ മരിക്കുകതന്നെ ചെയ്യുക. ഇപ്രകാരം നിങ്ങളും അല്ലാഹുവിന്റെ വഴിയിൽ ബലിയാകുക. ഈ പദവിയെക്കാൾ തഖ്‌വ കുറവാണെങ്കിൽ അവൻ അപ്പോൾ ന്യൂനതയുള്ളവനായിരിക്കും." (ചശ്മയെ മഅ്രിഫത്ത്, റൂഹാനീ ഖസായിൻ, വാള്യം 23, പേജ് 99, അടിക്കുറിപ്പ്)

തുടർന്ന് ബാഹ്യമായ ബലികളും ബാഹ്യമായ നമസ്കാരം, നോമ്പ്, ആരാധനകളുടെ യുക്തിയും വിവരിച്ചുകൊണ്ട് അതെന്തിനാണ് വെച്ചിരിക്കുന്നതെന്ന് കൂടുതൽ വ്യക്തമാക്കിക്കൊണ്ട് ഒരിടത്ത് പറയുന്നു:

"ബാഹ്യമായ നമസ്കാരവും നോമ്പും അതിനോടൊപ്പം ആത്മാർഥതയും സത്യസന്ധതയുമില്ലെങ്കിൽ ഒരു ഗുണവും അതുൾക്കൊള്ളുന്നില്ല. യോഗിയും സന്യാസിയും അവരവരുടെ സ്ഥാനത്ത് വലിയവലിയ ആത്മീയവ്യായാമങ്ങൾ(രിയാള്) ചെയ്യാറുണ്ട്. അവരിൽ ചിലർ തങ്ങളുടെ കൈകൾവരെ ഉണക്കിക്കളയുന്നത് അധികവും കാണാറുണ്ട്." യോഗികളുടെ ചില ആത്മീയവ്യായാമങ്ങളുണ്ട്. അവർ തങ്ങളുടെ കൈ ഒരു സ്ഥലത്ത് ഒരു പൊസിഷനിൽ വെക്കുന്നു. പലരും ദിനങ്ങളും മാസങ്ങളും അനക്കാതെ വെക്കുന്നതാണ്. അങ്ങനെ അവരുടെ കൈകൾ പ്രവർത്തനരഹിതമായിത്തീരുന്നു. പറയുന്നു: "വലിയ വലിയ ബുദ്ധിമുട്ടുകൾ വഹി


**കലാമുൽ ഇമാം:-**

**"വിശുദ്ധഖുർആൻ മനസ്സിലാക്കുന്നതിനും അതനുസരിച്ച് സന്മാർഗം പ്രാപിക്കുന്നതിനും തഖ്‌വ അത്യാവശ്യമായ മൂലധനമാണ്."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 121)**

**ത്വാലിബെ ദുആ:**
**കെ. മുഹമ്മദ് ശരീഫും കുടുംബവും അഹ്മദിയ്യാ ജമാഅത്ത്, വാണിയമ്പലം (കേരള)**

**കലാമുൽ ഇമാം:-**

**"ഇസ്‌ലാം യഥാർഥമായ ഈശ്വരജ്ഞാനം പ്രദാനം ചെയ്യുന്നു. അതുമുഖേന മനുഷ്യന്റെ പാപപങ്കിലമായ ജീവിതത്തിനുമേൽ മരണം സംഭവിക്കുന്നു."(മൽഫൂദാത്ത്, വാള്യം 4, പേജ് 344).**

**ത്വാലിബെ ദുആ:**
**അഹ്മദിയ്യാ ജമാഅത്തംഗങ്ങൾ മുറിയക്കണ്ണി (കേരള)**

ക്കുന്നു. തങ്ങളെ സ്വയമേവ ബുദ്ധിമുട്ടുകളിലും വിപത്തുകളിലും ഇടുന്നു. പക്ഷേ, ഈ ബുദ്ധിമുട്ടുകൾ അവർക്ക് ഒരു ദൈവികപ്രകാശവും നല്കുന്നില്ല." അവർ ബുദ്ധിമുട്ടുന്നുണ്ട്. പക്ഷേ അതുമുഖേന അവർക്ക് ഒരു ദൈവിക പ്രകാശവും ലഭിക്കുന്നില്ല. ശാന്തിയും സമാധാനവും അവർക്ക് കിട്ടുന്നില്ല. എന്നല്ല ആന്തരികമായ അവരുടെ അവസ്ഥ മോശമായിരിക്കും. അവർ ശാരീരികമായ വ്യായാമങ്ങൾ ചെയ്യുന്നുണ്ടെങ്കിലും അതിന് ആന്തരികവുമായി കുറച്ചു ബന്ധമേയുള്ളൂ. ഒരു സ്വാധീനവും അവരുടെ ആത്മീയതയിൽ പതിയുന്നില്ല. അവർ സ്വയം ചെയ്യുന്ന ആ വ്യായാമവും ആ പരിശ്രമവും ആ ബുദ്ധിമുട്ടും ഒരു ആത്മീയ സ്വാധീനം അവരിലുണ്ടാക്കുന്നില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "അതുകൊണ്ടാണ് വിശുദ്ധഖുർആനിൽ ലൻയ്യനാലല്ലാഹ ലുഹൂമുഹാ വലാ ദിമാഉഹാ വലാക്കിൻ യ്യനാലുഹുത്തഖ്‌വാ മിൻകും എന്ന് അല്ലാഹു പറഞ്ഞത്. അതായത് അല്ലാഹുവിന് നിങ്ങളുടെ ബലികളുടെ മാംസമോ രക്തമോ എത്തുകയില്ല. പ്രത്യുത ഹൃദയഭക്തിയാണ് എത്തുന്നത്. യഥാർഥത്തിൽ അല്ലാഹു പുറന്തോട് ഇഷ്ടപ്പെടുന്നില്ല. മറിച്ച് കാമ്പാണ് അവൻ ആഗ്രഹിക്കുന്നത്." കേവലം ബാഹ്യമായ തൊലിയും ബാഹ്യമായ തിളക്കവും ശോഭയും അവനു വേണ്ട. മറിച്ച് കാമ്പാണ് അല്ലാഹു ആഗ്രഹിക്കുന്നത്. പറഞ്ഞു: "മാംസവും രക്തവും എത്തുകയില്ല. മറിച്ച് തഖ്‌വയാണ് എത്തുന്നതെങ്കിൽ പിന്നെ ബലിയറുക്കേണ്ട ആവശ്യമെന്താണ്? ഇപ്രകാരംതന്നെ നമസ്കാരം, നോമ്പ്, ആത്മാവിന്റേതാണെങ്കിൽ പിന്നെ ബാഹ്യമായി ചെയ്യേണ്ട ആവശ്യമെന്താണ്? നമസ്കരിക്കേണ്ടതും നോമ്പു പിടിക്കേണ്ടതും ആവശ്യമെന്താണ്? ആത്മാവിൽ കേവലം ഒരു വികാരമുണ്ടാകണം, അത്രതന്നെ; അതായത് നമ്മൾ അല്ലാഹുവിന്റെ മുമ്പിൽ കുനിയുവെന്ന് മനസ്സിൽ വിചാരിച്ചാൽ മതിയല്ലോ? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "ഇതിനുള്ള മറുപടി ആരാണോ ശരീരംകൊണ്ടുള്ള സേവനം വിട്ടുകളയുന്നത് അവരുടെ ആത്മാവ് അതംഗീകരിക്കുന്നില്ലെന്നതാണ്. അവരിൽ അനുസരണവും ദാസത്വവും ഉണ്ടാകുകയില്ല." ശരീരത്തെ ബുദ്ധിമുട്ടിൽ ഇടുന്നില്ലെങ്കിൽ, ആത്മാവിനെ ശരീരത്തോടൊപ്പം നടത്തുന്നില്ലെങ്കിൽ അല്ലെങ്കിൽ ആത്മാവിനെ ശരീരത്തോടൊപ്പം നടത്തുന്നില്ലെങ്കിൽ അനുസരണവും ദാസത്വവുമുണ്ടാകുകയില്ല. എല്ലാ ആവശ്യങ്ങൾക്കും നമുക്ക് അല്ലാഹുവിന്റെ മുമ്പിൽ കുനിയണമെന്നും അവനെ ആരാധിക്കണമെന്നും അവന്റെ ദാസത്വം സ്വീകരിക്കണമെന്നുമുള്ള ബോധമുണ്ടാകുകയില്ല. ഈ രണ്ടു കാര്യങ്ങളുമില്ലെങ്കിൽ അതുണ്ടാകുകയില്ല. പറഞ്ഞു: "ആത്മാവിനെ പങ്കെടുപ്പിക്കാതെ ശരീരംകൊണ്ടുമാത്രം പ്രവർത്തിക്കുന്നവർ ഭയാനകമായ അബദ്ധത്തിലാണുള്ളത്. ഈ യോഗികൾ ഇത്തരത്തിലുള്ളവരാണ്. ആത്മാവും ശരീരവും തമ്മിൽ അല്ലാഹു ഒരു പരസ്പരബന്ധം വെച്ചിരിക്കുന്നു. ശരീരത്തിന്റെ സ്വാധീനം ആത്മാവിൽ പതിയുന്നു." പറയുന്നു: "ചുരുക്കിപ്പറഞ്ഞാൽ ശാരീരികവും ആത്മീയവുമായ പരമ്പര രണ്ടും സമാനമായാണ് നടക്കുന്നത്. ആത്മാവിൽ വിനയമുണ്ടാകുമ്പോൾ, ശരീരത്തിലും അതുണ്ടാകുന്നു. അതിനാൽ ആത്മാവിൽ യഥാർഥത്തിൽ വിനയവും അനുസരണവുമുണ്ടെങ്കിൽ, ശരീരത്തിൽ അതിന്റെ ലക്ഷണങ്ങൾ സ്വയമേവ പ്രകടമാകുന്നു. അപ്രകാരംതന്നെ ശരീരത്തിൽ ഒരു വേറിട്ട സ്വാധീനം പതിയുമ്പോൾ ആത്മാവും അതുമായി ആകർഷിക്കപ്പെടുന്നു."(മൽഫൂദാത്ത്, വാല്യം 4, പേജ് 420-421, 1985 ലണ്ടൻപതിപ്പ്)

അതിനാൽ രണ്ടും ഒന്നു മറ്റൊന്നിനോടു ചേർന്ന് നടക്കേണ്ട ആവശ്യമുണ്ട്. ഒരു മുഅ്മിനുള്ള കല്പന ബാഹ്യമായ ആരാധനകളും ബലികളും സ്വന്തം ഹൃദയഭക്തി വർധിപ്പിക്കുന്നതിനും സ്വന്തം ആത്മാവിന്റെ ഗുണത്തിനും സ്വന്തം മനസ്സിനെ, സ്വന്തം ഹൃദയത്തെ പരിശുദ്ധമാക്കുന്നതിനും വേണ്ടി ചെയ്യുക എന്നതാണ്.

തഖ്‌വ എന്താണ്? അത് അവസാനത്തെ ഉദ്ദേശ്യത്തേയും നമ്മുടെ ബലികളേയും ആരാധനകളേയും അല്ലാഹുവിന്റെ തിരുസന്നിധിയിൽ സ്വീകാരാർഹമാക്കുന്നു. ഇതുസംബന്ധമായി വിശദീകരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ നിരവധി ലേഖനങ്ങളിലും പ്രസംഗങ്ങളിലും വിവരിച്ചിട്ടുണ്ട്. ഒരവസരത്തിൽ തഖ്‌വയുടെ നിബന്ധനകളെ കുറിച്ച് പറഞ്ഞു: "തഖ്‌വ കാർക്കുള്ള നിബന്ധന, അവർ തങ്ങളുടെ ജീവിതം നിസഹായതയിലും(ഗുർബത്ത്) നിരാലംബതയിലും(മിസ്ക്കീനി) കഴിക്കുക എന്നതാണ്. ഇത് തഖ്‌വയുടെ ഒരു ശാഖയാണ്. ഇതുമുഖേന നമുക്ക് അനുവദനീയമല്ലാത്ത കോപത്തോടു പോരാടണം. വലിയ വലിയ ദൈവജ്ഞാനികൾക്കും സിദ്ദീഖുമാർക്കും അവസാനത്തേതും കാഠിന്യമേറിയതുമായ ഘട്ടം ദ്വേഷത്തിൽനിന്നുള്ള രക്ഷപ്പെടലാണ്. ദ്വേഷം അടക്കുക." കോപത്തിൽനിന്നു രക്ഷപ്പെടുക എന്നത് വളരെ ദുഷ്കരമായ നിലയാണ്, എന്നല്ല, ആരിഫീംകൾക്കും സിദ്ദീഖുമാർക്കും വലിയ ദുർഘടംപിടിച്ച ഘട്ടമാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "എടുത്തുചാട്ടവും അഹങ്കാരവും കോപത്തിൽനിന്നാണുണ്ടാകുന്നത്. അഹന്തയും ഗർവും ദ്വേഷാവസ്ഥയിലാണുണ്ടാകുന്നത്. അപ്രകാരംതന്നെ ചിലപ്പോൾ കോപവും എടുത്തുചാട്ടവും അഹങ്കാരത്തിന്റെ ഫലമായും ഉണ്ടാകാറുണ്ട്." മനുഷ്യന് കോപമുണ്ടാകുന്നത് എന്തുകൊണ്ടാണ്? അവന്റെ ഉള്ളിൽ ചില അവസ്ഥകളിൽ അഹങ്കാരവും ഗർവ്വും ഉണ്ടാകുന്നതുകൊണ്ടാണത്. മറ്റുള്ളവരെ തന്നെക്കാൾ താഴ്ന്നവനായി മനസ്സിലാക്കുന്നു. സ്വയം വലിയവനായി കരുതുന്നു. അവന്റെ നിസാരമായ തെറ്റിൽ ഇവന് ദ്വേഷം വരുന്നു. അതുകൊണ്ടാണ് പറഞ്ഞത് കോപവും അഹങ്കാരവും ഗർവും കാരണത്താലുണ്ടാകുന്നുവെന്ന്. പറഞ്ഞു: "എന്തുകൊണ്ടെന്നാൽ കോപം ഉണ്ടാകുന്നത് മനുഷ്യൻതന്നെ മറ്റുള്ളവരുടെമേൽ മുന്തിക്കുന്നതുകൊണ്ടാണ്."

ആരാണോ പെട്ടെന്ന് കോപത്തിൽവന്ന് അടിക്കാനും തല്ലാനും തുടങ്ങുന്നത് അവൻ ചിന്തിക്കേണ്ട സ്ഥാനമാണിത്. കുടുംബപരമായ ബന്ധങ്ങളിലുണ്ടാകുന്ന ദ്വേഷമായാലും, ഭാര്യാഭർത്താക്കന്മാരുടെ ബന്ധങ്ങളിലുണ്ടാകുന്ന ദ്വേഷമായാലും സാമൂഹികമായ ബന്ധങ്ങളിലുണ്ടാകുന്ന ദ്വേഷത്തിന്റെ പ്രകടമായാലും വേണ്ടില്ല. എല്ലായിടത്തും എവിടെയായാലും ഈ ഭാഗത്തേക്ക് ശ്രദ്ധിക്കേണ്ടതാണ്. പ്രത്യേകമായനിലയിൽ ഈ ബലിപെരുന്നാളിൽ ഈ ഭാഗത്ത് ശ്രദ്ധിക്കേണ്ടതാണ്; നമ്മൾ നമ്മുടെ ദ്വേഷത്തേയും ബലിയറുത്തിടുക. സ്വന്തം ശരീരേച്ഛയെ ബലിയറുത്തു അതിനെ ഉത്തമമാക്കുക. പറഞ്ഞു: "കോപം ഉണ്ടാകുന്നത് മനുഷ്യൻ മറ്റുള്ളവരെക്കാൾ തന്നെ സ്വയം മുന്തിക്കുന്നതുകൊണ്ടാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "എന്റെ ജമാഅത്തിലുള്ളവർ പരസ്പരം ഒരാൾ മറ്റൊരാളെ ചെറിയവനോ വലിയവനോ ആയി മനസ്സിലാക്കുകയോ ഒരാൾ മറ്റൊരാളുടെമേൽ അഹങ്കരിക്കുകയോ നിന്ദാദൃഷ്ടിയോടെ നോക്കുകയോ ചെയ്യുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല. വലിയവനാരാണെന്നും ചെറിയവനാരാണെന്നും അല്ലാഹുവാണ് അറിയുന്നത്. ഇത് ഒരുതരത്തിലുള്ള നിന്ദിക്കലാണ്. ആരുടെ ഉള്ളിലാണോ നിന്ദിക്കാനുള്ള ത്വരയുള്ളത്, ആ സ്വഭാവം വിത്തുപോലെ വളരുകയും അവന്റെ നാശത്തിന് കാരണമാകുകയും ചെയ്യുമോ എന്ന ഭയമുണ്ട്." അവിടന്ന് പറഞ്ഞു: "ചിലയാളുകൾ വലിയവരെ കാണുമ്പോൾ വലിയ ആദരവോടുകൂടി പെരുമാറാറുണ്ട്. വലിയ ആദരവോടും ബഹുമാനത്തോടുംകൂടി പെരുമാറുന്നു. എന്നാൽ, മിസ്കീന്റെ കാര്യങ്ങൾ അതേ നിസ്സഹായതയോടെ കേൾക്കുന്നവനും അവനെ സന്തോഷിപ്പിക്കുകയും അവൻ പറയുന്നതിനെ ആദരവോടെ കാണുന്നവനുമാണ് വലിയവൻ. വിഷമമുണ്ടാക്കുന്ന കാര്യങ്ങൾ പറയാതിരിക്കുക. അല്ലാഹു പറയുന്നു: വലാ തനാബസു ബിൽഅൽഖാബി ബിഅ്സൽ ഇസ്മുൽഫുസൂഖു ബഅ്ദൽഈമാനി വമൻല്ലം യതുബ് ഫ ഉലാഇക്ക ഹുമുള്ളാലിമൂൻ നിങ്ങൾ പരസ്പരം ചീത്തപ്പേരു വിളിക്കയുമരുത്. സത്യവിശ്വാസം കൈക്കൊണ്ടതിനുശേഷം അനുസരണത്തിൽ നിന്ന് അകന്നുപോകുന്നത് ചീത്തപ്പേരിനു കാരണമാകുന്നതാണ്." (49:12). ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: "നിങ്ങൾ പരസ്പരം ചീത്തപ്പേരു വിളിക്കരുത്. കുഴപ്പമുണ്ടാക്കുന്നവരുടേയും കുറ്റവാളികളുടേയും ജോലിയാണത്. ആരാണോ ആരെയെങ്കിലും നീരസപ്പെടുത്തുന്നത്, അവൻ സ്വയം ആ നീരസത്തിൽ അകപ്പെടുന്നതുവരെ മരിക്കുകയില്ല." പറഞ്ഞു: "സ്വന്തം സഹോദരങ്ങളെ നിന്ദ്യരായി മനസ്സിലാക്കരുത്. ഒരേ അരുവിയിൽനിന്ന് എല്ലാവരും ജലപാനം ചെയ്യുമ്പോൾ ആർക്കാണ് കൂടുതൽ ജലം കുടിക്കാൻ ഭാഗ്യമുണ്ടാകുന്നതെന്ന് ആരാണ് അറിയുന്നത്. ആദരവും മഹത്ത്വവും ഭൗതികമായ അടിസ്ഥാനകാര്യങ്ങളാൽ ഉണ്ടാകുകയില്ല. മുത്തഖിയാണ് അല്ലാഹുവിന്റെ പക്കൽ വലിയവൻ. ഇന്ന അക്റമക്കും ഇൻദല്ലാഹി അത്ഖാക്കും ഇന്നല്ലാഹ അലീമുൻ ഖബീർ." (49:14) (മൽഫൂദാത്ത്, വാല്യം 1, പേജ് 36. 1985 ലണ്ടൻ പതിപ്പ്)തീർച്ചയായും അല്ലാഹുവിന്റെ പക്കൽ നിങ്ങളിൽ വെച്ചേറ്റവും ബഹുമാന്യൻ നിങ്ങളിൽവച്ചേറ്റവും ഭയഭക്തിയുള്ളവനാകുന്നു. നിശ്ചയമായും അല്ലാഹു സർവജ്ഞനും സൂക്ഷ്മജ്ഞനുമാണ്.

സത്യമായ ഈശ്വരീയജ്ഞാനം വിനയത്തിൽനിന്നും എളിമയിൽനിന്നുമാണ് വരുന്നത്, അതുകൊണ്ട് മനുഷ്യൻ അങ്ങേയറ്റം വിനയത്തോടെ അല്ലാഹുവിന്റെ സന്നിധിയിൽ വീഴുകയും അവനോടു സഹായം തേടുകയും ചെയ്യേണ്ടതാണ്. ഇക്കാര്യം വിവരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്റെ പക്കൽ പരിശുദ്ധനാകുന്നതിനുള്ള ഉത്തമമാർഗമാണിത്. അതിനേക്കാൾ ഉത്തമമായ മറ്റൊരു മാർഗം ലഭിക്കുക അസംഭാവ്യമാണ്; മനുഷ്യൻ ഒരുതരത്തിലുള്ള അഹങ്കാരവും ഗർവും കാണിക്കാതിരിക്കുക; വൈജ്ഞാനികവും കുടുംബപരവും സാമ്പത്തികവുമായ ഒന്നിലും. അല്ലാഹു ആർക്കെങ്കിലും കണ്ണ് നല്കുമ്പോൾ അവൻ കാണുന്നു. ഈ അന്ധകാരങ്ങളിൽനിന്ന് മോക്ഷം നല്കുന്ന എല്ലാ വെളിച്ചവും ആകാശത്തുനിന്നാണ് വരുന്നത്. ബാഹ്യമായ കണ്ണുകൊണ്ടും നാം കാണാറുണ്ട്. വെളിച്ചം കിട്ടുമ്പോഴാണ് അത് ഉപയോഗിക്കപ്പെടുന്നത്. ആ പ്രകാശം ആകാശത്തുനിന്നുതന്നെയാണ് വരുന്നത്. മനുഷ്യൻ എപ്പോഴും ആകാശത്തുനിന്നു വരുന്ന വെളിച്ചത്തിന് ആശ്രിതനാണ്; അത് ആത്മീയമായ വെളിച്ചമോ ബാഹ്യമായ വെളിച്ചമോ ആവട്ടെ. ആകാശത്തുനിന്നുവരുന്ന സൂര്യന്റെ പ്രകാശമില്ലെങ്കിൽ കണ്ണുകൾക്ക് കാണാൻ കഴിയുകയില്ല. ഇപ്രകാരംതന്നെയാണ് എല്ലാ ഓരോതരത്തിലുള്ള അന്ധകാര

ത്തേയും അകറ്റുന്ന ആന്തരികമായ വെളിച്ചവും. മനസ്സുകളിലെ വെളിച്ചം സ്വന്തം മനസ്സുകളിലെ അന്ധകാരങ്ങളെ അകറ്റുന്നു. അതിനുപകരം തഖ്‌വയുടേയും പരിശുദ്ധിയുടേയും വെളിച്ചമുണ്ടാക്കുന്നു." മനസ്സുകളിലെ അന്ധകാരങ്ങളെ അകറ്റുന്നതിനുവേണ്ടി തഖ്‌വയുടേയും പരുശുദ്ധിയുടേയും വെളിച്ചമാണുള്ളത്. അത് മനസുകളിൽ തഖ്‌വയും പരിശുദ്ധിയുമുണ്ടാക്കുന്നു. പറഞ്ഞു: "അതും ആകാശത്തുനിന്നുതന്നെയാണ് വരുന്നത്." പറയുന്നു: "ഞാൻ സത്യമായും പറയുന്നു. മനുഷ്യന്റെ തഖ്‌വ, ഈമാൻ, ഇബാദത്ത്, ത്വഹാറത്ത് എല്ലാം ആകാശത്തുനിന്നാണ് വരുന്നത്. ഇത് അല്ലാഹുവിന്റെ കൃപയിലാണ് നിലകൊള്ളുന്നത്. അവൻ അത് നിലനിറുത്തിയാലും വേണ്ടില്ല, അകറ്റിക്കളഞ്ഞാലും വേണ്ടില്ല." പറയുന്നു: "മനുഷ്യൻ തന്റെ ആത്മാവിനെ പിടിച്ചെടുക്കപ്പെട്ടതും ഒന്നിനും കൊള്ളാത്തതുമാണെന്ന് മനസ്സിലാക്കുന്നതിന്റെ പേരാണ് സത്യമായ മഅ്‌രിഫത്ത് അഥവാ ഈശ്വരീയജ്ഞാനം." സ്വയംതന്നെ ഒന്നിനും കൊള്ളാത്തതാണെന്ന് മനസ്സിലാക്കുക. ദൈവസവിധത്തിൽ വീണ്, വിനയത്തോടും വണക്കത്തോടുംകൂടി അല്ലാഹുവിന്റെ ഫള്‌ല് തേടുക. ശരീരേച്ഛകളെ കരിച്ചുകളയുന്ന ദൈവജ്ഞാനത്തിന്റെ പ്രകാശം തേടുക. ശരീരേച്ഛകളെ കത്തിച്ചുകളയണമെങ്കിൽ, അല്ലാഹുവിനോടു ആ ദൈവജ്ഞാനത്തിന്റെ പ്രകാശം ചോദിക്കേണ്ട ആവശ്യമുണ്ട്. അത് അല്ലാഹുവിന്റെ ഫള്‌ല് കൊണ്ട് മാത്രമാണ് ലഭിക്കുന്നത്. പറയുന്നു: "ഉള്ളിൽ ഒരു വെളിച്ചവും നന്മ ചെയ്യുന്നതിനുള്ള ശക്തിയും ചൂടുമുണ്ടാക്കുന്നു." ഈ ദൈവജ്ഞാനത്തിന്റെ പ്രകാശമുണ്ടാകുകയാണെങ്കിൽ, ശരീരേച്ഛകളെ കത്തിച്ചുചാമ്പലാക്കുന്നതാണ്. ഒരു വെളിച്ചവും നന്മകൾ ചെയ്യുന്നതിന് ശക്തിയും മനസ്സിൽ ചൂടുമുണ്ടാക്കുന്നു." പിന്നീട് അവന്റെ കൃപയാൽ അവന് ഓഹരി കിട്ടാൻ സാധ്യതയുണ്ട്. ഏതെങ്കിലും നേരത്ത് ഏതെങ്കിലും തരത്തിലുള്ള വികാസവും മനഃവിശാലതയും ലഭിക്കാവുന്നതാണ്. അല്ലാഹുവിന്റെ ഈ കൃപയുണ്ടായാൽ, മനസ്സ് തുറന്നാൽ, മനസ്സിൽ പ്രകാശം നിറഞ്ഞാൽ പിന്നീട് എന്താണ് വേണ്ടത്? അതിൽ അഹങ്കരിക്കുകയും അഭിമാനംകൊള്ളുകയും ചെയ്യരുത്. പ്രത്യുത എളിമയിലും വിനയത്തിലും വീണ്ടും അഭിവൃദ്ധിപെടുക. മനുഷ്യന്റെ ഹൃദയത്തിലെ വെളിച്ചം വർധിച്ചുവർധിച്ചുപോകുന്തോറും അവനിൽ വിനയവും എളിമയും വർധിച്ചുകൊണ്ടുപോകേണ്ടതാണ്. പറഞ്ഞു: "എന്തുകൊണ്ടെന്നാൽ, എത്രത്തോളം അവൻ തന്നെ ഒന്നുമല്ലായെന്ന് മനസ്സിലാക്കുന്നുവോ അത്രത്തോളം അവസ്ഥകളും പ്രകാശങ്ങളും അല്ലാഹുവിൽനിന്നിറങ്ങുന്നതാണ്. അത് അവന് വെളിച്ചവും ശക്തിയും എത്തിക്കുന്നതായിരിക്കും. മനുഷ്യൻ ഇത് വിശ്വസിക്കുകയാണെങ്കിൽ അല്ലാഹുവിന്റെ കൃപയാൽ അവന്റെ ധാർമികാവസ്ഥ ഉത്തമമായിത്തീരുമെന്ന് പ്രതീക്ഷിക്കുന്നു. ലോകത്ത് താനെന്തൊക്കെയോ ആണെന്ന് മനസ്സിലാക്കുന്നതും അഹങ്കാരമാണ്. അത് അഹങ്കാരത്തിന്റെ അവസ്ഥ ഉണ്ടാക്കുന്നു. പിന്നീട് അവൻ മറ്റുള്ളവരുടെമേൽ ശാപം ചൊരിയുന്നു. അവനെ നിന്ദ്യനായി മനസ്സിലാക്കുന്നു." അദ്ദേഹം പറയുന്നു: "ഞാനിക്കാര്യം ആവർത്തിച്ചാവർത്തിച്ച് പറയുന്നത്, അല്ലാഹു ഈ ജമാഅത്ത് ഉണ്ടാക്കിയതിന്റെ ഉദ്ദേശ്യം ലോകത്തുനിന്ന് കളഞ്ഞുപോയതും ഇക്കാലഘട്ടത്തിൽ കാണാൻ കിട്ടാത്തതുമായ ആ യഥാർഥ ഈശ്വരീയജ്ഞാനം ആ യഥാർഥമായ തഖ്‌വയും പരിശുദ്ധിയും വീണ്ടും സ്ഥാപിക്കുക എന്നതാണ്." പറഞ്ഞു: "ലോകത്ത് അഹങ്കാരം സാധാരണയായി കഴിഞ്ഞിരിക്കുന്നു. ഉലമാ അവരുടെ അറിവിൽ അഹങ്കരിക്കുന്നു. ദരിദ്രരെ നോക്കുകയാണെങ്കിൽ അവരുടേയും അവസ്ഥ മറ്റൊരുതരത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുകയാണ്. അവർക്ക് ആത്മശുദ്ധീകരണത്തിന്റെ പണി തന്നെയില്ല. അവരുടെ ഉദ്ദേശ്യവും ലക്ഷ്യവും ശരീരത്തിൽ മാത്രം ഒതുങ്ങുന്നു. അതുകൊണ്ട് അവരുടെ കഠിനാധ്വാനവും (മുജാഹദ) അഭ്യാസങ്ങളും (രിയാള്വും) വേറെന്തോ തരത്തിലുള്ളതാണ്. ദിക്റെ അർറ തുടങ്ങിയ ദിക്ർപോലെ! അവ നുബുവ്വത്തിന്റെ അരുവിയിൽനിന്ന് അറിയാൻ കഴിയാത്തതാണ്. ഇക്കാലത്ത് വിവിധ ആളുകൾ വിവിധതരത്തിലുള്ള ദിക്റുകൾ ഉണ്ടാക്കിയിരിക്കുന്നു. സ്വയം തങ്ങളെ ഉലമാ ആയി മനസ്സിലാക്കുകയും ചെയ്യുന്നു. സ്വൂഫിയായി മനസ്സിലാക്കുന്നു. പക്ഷേ, അവിടന്ന് പറയുന്നു: നബി(സ) തിരുമേനിയിൽനിന്ന് സ്ഥാപിതമാകാത്ത ഒട്ടേറെ ബിദ്അത്തുകൾ ഇവർ ഉണ്ടാക്കിയിരിക്കുന്നു. പറഞ്ഞു: മനസ്സിനെ ശുദ്ധിയാക്കുന്നതിലേക്ക് അവർക്ക് ശ്രദ്ധതന്നെയില്ലെന്ന് ഞാൻ കാണുന്നു. വെറും ശരീരം മാത്രമാണ് ബാക്കിയായിട്ടുള്ളത്. അതിൽ ആത്മീയതയുടെ പേരും അടയാളവും പോലുമില്ല. ഈ മുജാഹദ മനസിനെ പരിശുദ്ധമാക്കുകയില്ല. യഥാർഥമായ ദൈവജ്ഞാനത്തിന്റെ പ്രകാശം പ്രദാനം ചെയ്യുകയുമില്ല. അതിനാൽ, ഇക്കാലഘട്ടം ഇപ്പോൾ തികച്ചും ശൂന്യമാണ്. ചെയ്യാൻ പറഞ്ഞിട്ടുള്ള നബിയുടെ മാർഗം പൂർണമായും ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു; അത് മറപ്പിച്ചുകളഞ്ഞിരിക്കുന്നു. ഇപ്പോൾ വീണ്ടും നുബുവ്വത്തിന്റെ കാലം വരാൻ അല്ലാഹു ഇച്ഛിച്ചു; തഖ്‌വയും പരിശുദ്ധിയും വീണ്ടും നിലവിൽ വരിക, അത് അവൻ ഈ ജമാഅത്തുമുഖേനയാണ് ആഗ്രഹിച്ചിട്ടുള്ളത്."

അതിനാൽ ജമാഅത്തംഗങ്ങളുടെ വളരെ വലിയ ഉത്തരവാദമാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രതീക്ഷിക്കുന്ന ആ തഖ്‌വ ഉണ്ടാക്കുക. അവിടന്ന് പറയുന്നു: അതിനാൽ പരിഷ്കരണത്തിന്റെ ഏതൊരു മാർഗമാണോ നബി(സ)തിരുമേനി പറഞ്ഞിട്ടുള്ളത് അതേ രീതിയിൽത്തന്നെ യഥാർഥമായ പരിഷ്കരണത്തിലേക്ക് ശ്രദ്ധിക്കുക എന്നത് (നിങ്ങൾക്ക്) നിർബന്ധമാണ്.(മൽഫൂദാത്ത്, വാള്യം 7, പേജ് 276–278. 1985 ലണ്ടൻ പതിപ്പ്)

ജമാഅത്ത് തഖ്‌വയിലൂടെ നടക്കണമെന്ന് ഉപദേശിച്ചുകൊണ്ട് ഒരു അവസരത്തിൽ അവിടന്ന് പറയുന്നു: "എന്റെ ജമാഅത്തിൽപെട്ടവരാണെന്ന് വിചാരിക്കുന്ന അല്ലയോ ജനങ്ങളേ! ഭയഭക്തിയുടെ വഴിയിൽ ചലിക്കുമ്പോൾ മാത്രമേ ഉപരിലോകത്ത് നിങ്ങൾ എന്റെ ജമാഅത്തിൽ പെട്ടവരായി ഗണിക്കപ്പെടുകയുള്ളു. അതുകൊണ്ട് നിങ്ങൾ അഞ്ചുനേര നമസ്കാരങ്ങൾ അല്ലാഹുവിനെ കാണുന്നുണ്ടെന്നോണം ഭയഭക്തിയോടും മനഃസാന്നിധ്യത്തോടുംകൂടി അനുഷ്ഠിക്കുവിൻ. നിങ്ങളുടെ നോമ്പുകളെ അല്ലാഹുവിനുവേണ്ടി സത്യഹൃദയത്തോടെ പൂർത്തിയാക്കുവിൻ. സക്കാത്ത് കൊടുക്കാൻ അർഹരായവർ സക്കാത്ത് കൊടുക്കുവിൻ. ഹജ്ജ് നിർബന്ധമായിക്കഴിഞ്ഞിട്ടുള്ളവർ തടസ്സങ്ങളൊന്നുമില്ലെങ്കിൽ ഹജ്ജ് ചെയ്യുവിൻ. നന്മകൾ, അതിനോട് ഇഷ്ടം തോന്നുമാറ് അനുവർത്തിക്കുവിൻ. തിന്മകൾ, അതിനോടു വെറുപ്പു തോന്നും വിധം കൈവെടിയുകയും ചെയ്യുവിൻ. ഭക്തിശൂന്യമായ ഒരു കർമവും ദൈവത്തോളമെത്തുകയില്ലെന്ന് നിങ്ങൾ ഓർത്തുകൊള്ളുവിൻ. എല്ലാ നന്മകളുടേയും വേര് ദൈവഭക്തിയാകുന്നു. ഈ വേര് നഷ്ടപ്പെടാത്ത കർമം നശിച്ചുപോകുന്നതല്ല."(കശ്ത്തിയെ നൂഹ്, റൂഹാനീ ഖസാഇൻ, വാള്യം 19, പേജ് 15)ഹദീഥുമുണ്ട്. ഇന്നമൽ അഅ്മാലു ബിന്നിയ്യാത്ത് (സ്വഹീഹ് ബുഖാരി) കർമങ്ങളുടെ അടിസ്ഥാനം ഉദ്ദേശ്യത്തിലാണ്. സദുദ്ദേശ്യത്തോടെ ജോലി നടക്കുകയാണെങ്കിൽ അല്ലാഹു അതിന് പ്രതിഫലം നല്കുന്നു. ഇനി ദുരുദ്ദേശ്യമാണെങ്കിൽ അതിന് ശിക്ഷയാണ് ഉണ്ടാകുക. പണ്ട് സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതുപോലെ നിങ്ങളും പലവിധ കഷ്ടപ്പാടുകളാലും പ്രതികൂല സാഹചര്യങ്ങളാലും പരീക്ഷിക്കപ്പെടേണ്ടത് ആവശ്യമാകുന്നു. നിങ്ങൾ കാലിടറിപ്പോകാതിരിക്കാൻ സൂക്ഷിച്ചുകൊള്ളുവിൻ. ആകാശവുമായി നിങ്ങൾക്ക് അടുത്തബന്ധമുണ്ടെങ്കിൽ നിങ്ങൾക്കൊരു ദോഷവും വരുത്താൻ ഭൂമിക്കാവില്ല. നിങ്ങൾക്ക് വല്ല നഷ്ടവും ഏല്ക്കുന്നുവെങ്കിൽ അത് നിങ്ങളുടെതന്നെ കൈകൾ കൊണ്ടായിരിക്കും; ശത്രുക്കളുടെ കൈകൾ കൊണ്ടായിരിക്കുകയില്ല. നിങ്ങളുടെ എല്ലാ അന്തസ്സുകളും നഷ്ടമായിക്കൊണ്ടിരുന്നാലും ശാശ്വതമായ കീർത്തി നിങ്ങൾക്ക് സ്വർഗ്ഗലോകത്ത് അല്ലാഹു നല്കുന്നതാണ്. അതുകൊണ്ട് നിങ്ങൾ അവനെ ഉപേക്ഷിക്കരുത്." അല്ലാഹുവിനെ ഉപേക്ഷിക്കരുത്. അവനുമായി എപ്പോഴും കൂടിച്ചേർന്നിരിക്കുക. അവിടന്ന് പറയുന്നു:"നോക്കൂ, നിങ്ങളുടെ ദൈവം യഥാർഥത്തിൽ നിലവിലുണ്ടെന്ന് വളരെ സന്തോഷത്തോടെ ഞാനറിയിക്കുകയാണ്. സർവ്വതും അവന്റെ സൃഷ്ടികളാണെങ്കിലും അവനെ തിരഞ്ഞെടുക്കുന്നവരെ അവനും തിരഞ്ഞെടുക്കുന്നു. അവനെ സമീപിക്കുന്നവരെ അവനും സമീപിക്കുന്നു. അവന് ബഹുമാനം കൊടുക്കുന്നവന് അവനും ബഹുമാനം കൊടുക്കുന്നു."(കശ്ത്തിയെ നൂഹ്, റൂഹാനീ ഖസാഇൻ, വാള്യം 19, പേജ് 15)

അല്ലാഹുവുമായി ബന്ധംവെച്ചാൽ അല്ലാഹു ആദരവ് നല്കും. നിങ്ങളുടെ അടുത്ത് അവൻ വരും. നിങ്ങളുടെ ദുആകൾ സ്വീകരിക്കുകയും ചെയ്യും. ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ് (അ) നമ്മളോട് പറയുന്നത്. അല്ലാഹുവിന്റെ സംരക്ഷണത്തിൽ വരുന്നവരാകാനും ആകാശവുമായി ശക്തമായ ബന്ധം സ്ഥാപിക്കുന്നവരാകാനും ഈ അവസ്ഥ നമ്മളിലോരോരുത്തരും

## കലാമുൽ ഇമാം:–

**"ദുഃഖമുണ്ടാകുമ്പോഴും വിപത്ത് വരുമ്പോഴും ക്ഷണത്തിൽ നമസ്കാരത്തിന് നിൽക്കുക എന്ന കുറിപ്പടി എപ്പോഴും ഓർത്തുകൊള്ളുകയും അതിൽനിന്ന് ഫലമെടുക്കുകയും ചെയ്തുകൊള്ളുക."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 96).**

**താലിബെ ദുആ:**
**റഹ്മാൻ ശക്കീറും കുടുബവും അഹ്മദിയ്യാ ജമാഅത്ത്, കരുളായി (കേരള)**

## കലാമുൽ ഇമാം:–

**"ആരെയെണോ ഏതെങ്കിലും കച്ചവടമോ ക്രയവിക്രയമോ അല്ലാഹുവിനെ സ്മരരിക്കുന്നതിൽനിന്ന് തടയാത്തത് അവരായിരിക്കണം നിങ്ങളുടെ മാതൃകയായിട്ടുള്ളവർ എന്ന് അല്ലാഹു പറയുന്നു."**
**(മൽഫൂദാത്ത്, വാള്യം 5, പേജ് 104)**

**താലിബെ ദുആ:**
**പരേതനായ അബ്ദുർറഹ്മാൻ തങ്ങൾ സാഹിബിന്റെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് ചാവക്കാട് (കേരള)**

കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തനിക്കുണ്ടായ ഒരു ഇൽഹാമിനെ കുറിച്ച് വളരെ വേദനയോടെ ജമാഅത്തിനെ ഉപദേശിച്ചുകൊണ്ടും തഖ്‌വയുടെ നിലവാരം ഉയർത്തുന്നതിനെ സംബന്ധിച്ചും പറയുന്നു: "ഇന്നലെ (1899 ജൂൺ 22) ഒരുപാട് പ്രാവശ്യം അല്ലാഹുവിൽനിന്ന് ഇൽഹാമുണ്ടായി: നിങ്ങൾ മുത്തഖികളാകുക. തഖ്‌വയുടെ സൂക്ഷ്മമായ വഴികളിലൂടെ നടക്കുക. അപ്പോൾ അല്ലാഹു നിങ്ങളോടൊപ്പമുണ്ടാകും." അദ്ദേഹം പറഞ്ഞു: "ഇതുമുഖേന എന്റെ മനസ്സിൽ വലിയ വേദനയുണ്ടാകുന്നു. ഞാനെന്തു ചെയ്യാനാണ്? നമ്മുടെ ജമാഅത്ത് സത്യമായ തഖ്‌വയും പരിശുദ്ധിയും സ്വായത്തമാക്കുക." വീണ്ടും പറഞ്ഞു: "ഞാൻ എത്രമാത്രം ദുആ ചെയ്യുന്നുവെന്നാൽ ദുആ ചെയ്ത് ചെയ്ത് ക്ഷീണം അതിജയിക്കുന്നു. ചിലപ്പോൾ ബോധക്ഷയവും മരണാവസ്ഥപോലും വന്നെത്തുന്നു." പറഞ്ഞു: "അല്ലാഹുവിന്റെ ദൃഷ്ടിയിൽ മുത്തഖിയാകാത്തിടത്തോളം ഒരു ജമാഅത്തും അല്ലാഹുവിന്റെ സഹായമുള്ള ജമാഅത്താകുകയില്ല."(മൽഫൂദാത്ത് വാള്യം1 പേജ് 303 1985 ലണ്ടൻ പതിപ്പ്) അതിനാൽ ഈ ഭാഗത്തേക്ക് ശ്രദ്ധ തിരിക്കേണ്ട ആവശ്യമുണ്ട്.

അല്ലാഹു നമുക്ക് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ വേദന മനസ്സിലാക്കിക്കൊണ്ട് യഥാർഥ തഖ്‌വാ നമ്മുടെ മനസ്സുകളിൽ ഉണ്ടാക്കിത്തീർക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. നമ്മുടെ ആരാധനകളും ബലികളും അല്ലാഹുവിനുവേണ്ടി മാത്രം ആയിരിക്കട്ടെ. അല്ലാഹുവിനെ കുറിച്ചുള്ള യഥാർഥ ജ്ഞാനം കരസ്ഥമാക്കാൻ നമുക്കു തൗഫീഖ് നല്കുമാറാകട്ടെ.

ഇനി നമ്മൾ ദുആ ചെയ്യുന്നതാണ്. ദുആയിൽ തടവിൽ കഴിയുന്ന അഹ്മദികളെ ഓർക്കുക. അല്ലാഹുവിനുവേണ്ടി അവർ തടവ് അനുഷ്ഠിക്കുകയാണ്. ദീനിനെക്കാൾ ദുൻയാവിനെ മുന്തിക്കുന്ന കാരണത്താൽ അവർക്ക് ഈ ത്യാഗങ്ങളിലൂടെ കടന്നുപോകേണ്ടി വന്നിരിക്കുകയാണ്. അല്ലാഹു അവരുടെ മോചത്തിനുള്ള വഴി തുറക്കുമാറാകട്ടെ. ജമാഅത്തു കാരണത്താൽ കേസിൽ അകപ്പെട്ടിരിക്കുന്നവരെ അതിൽനിന്ന് മോചിപ്പിക്കുമാറാകട്ടെ. പാക്കിസ്താനിലേയും അൽജീരിയായിലേയും പീഢനങ്ങൾ അനുഭവിക്കുന്ന ഏതു രാജ്യത്തെ അഹ്മദികൾക്കുവേണ്ടിയും ദുആ ചെയ്യുക. ജമാഅത്തിന്റെ പൊതുവായ അഭിവൃദ്ധിയുടേയും തഖ്‌വയുടേയും നിലവാരം ഉയരുന്നതിനും ഒരുപാട് ദുആ ചെയ്യുക. മുസ്‌ലിം ഉമ്മത്തിനുവേണ്ടിയും ദുആ ചെയ്യുക. അല്ലാഹു അവർക്കു ബുദ്ധി നല്കുമാറാകട്ടെ. തഖ്‌വായുടെ യഥാർഥ അർഥവും ഹജ്ജിന്റേയും ബലിയുടേയും യഥാർഥ വിഷയവും മനസ്സിലാക്കിക്കൊണ്ട് ഇവർ കാലത്തിന്റെ ഇമാമിന് ബയ്അത്ത് ചെയ്ത് അല്ലാഹുവിന്റെ തൃപ്തി കരസ്ഥമാക്കുന്നവരായിത്തീരട്ടെ. രണ്ടാമത്തെ ഖുത്ബയ്ക്കുശേഷം ദുആ ഉണ്ടായിരിക്കുന്നതാണ്.

രണ്ടാമത്തെ ഖുത്ബയ്ക്കും ദുആയ്ക്കും ശേഷം പറഞ്ഞു: എല്ലാവർക്കും ഈദു മുബാറക്. അസ്സലാമു അലയ്ക്കും വ റഹ്മത്തുല്ലാഹ്.

★★★

## ചില സംശയനിവാരണങ്ങൾ

✍ (സിയാൽക്കോട്ടുനിന്ന്) ഇവിടെ ചൊവ്വാഴ്ച മാസപ്പിറവി കണ്ടില്ല. ബുധനാഴ്ച കാണുകയും ചെയ്തു അതുകൊണ്ട് വ്യാഴാഴ്ചയായിരുന്നു ഒന്നാമത്തെ നോമ്പ്. എന്താണ് ചെയ്യേണ്ടത്?

റമദാൻ മാസത്തിനുശേഷം ആ നോമ്പ് പിടിച്ചു വീട്ടുകയാണ് വേണ്ടത്. (മൽഫൂദാത്ത് വാള്യം 9, പേജ് 437, 1984)

✍ യാത്രക്കാരനും രോഗിയും ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ?

അല്ലാഹു ശരീഅത്തിന്റെ അടിത്തറ ബലാൽക്കാരത്തിൽ വെച്ചിട്ടില്ല. കഴിവുള്ള യാത്രക്കാരനും രോഗിയും നോമ്പിനു പകരം ഫിദ്‌യഃ കൊടുക്കേണ്ടതാണ്. ഒരു അഗതിയ്ക്കു ഭക്ഷണം നൽകുക എന്നതാണ് ഫിദ്‌യഃ. (മൽഫൂദാത്ത് വാള്യം 9, പേജ് 431, 1984) ഇവിടെ രോഗി എന്നതുകൊണ്ടുള്ള ഉദ്ദേശ്യം നടപ്പു വർഷം ആരോഗ്യം തിരിച്ചു കിട്ടുമെന്ന് പ്രതീക്ഷയില്ലാത്തവനാണ്.

✍ ഫിദ്‌യഃ കൊടുക്കേണ്ട രോഗികൾ ആരൊക്കെയാണ്?

വാർധക്യം പ്രാപിച്ചവരോ നോമ്പു പിടിക്കാൻ ഒരിക്കലും സാധിക്കാത്തവരോ ആണ് ഫിദ്‌യഃ കൊടുക്കേണ്ടത്. ആരോഗ്യം വീണ്ടുകിട്ടി നോമ്പുപിടിക്കാൻ സാധിക്കുന്നവർ ഫിദ്‌യഃ കൊടുത്ത് കഴിച്ചിലാകാം എന്നു ചിന്തിക്കുന്നത് ആലസ്യത്തിന്റെ വാതിൽ തുറക്കലാണ്. അധ്വാനമില്ലാത്ത മതം നമ്മുടെ പക്കൽ മതമല്ല. ഇതേപോലെ അല്ലാഹു നൽകിയിട്ടുള്ള ഉത്തരവദിത്വങ്ങൾ ഒഴികഴിവ് പറഞ്ഞ് സ്വന്തം തലയിൽനിന്നകറ്റുന്നതും കടുംപാപമാണ്. അല്ലാഹു പറഞ്ഞിരിക്കുന്നു: 'നമ്മുടെ മാർഗത്തിൽ അത്യധ്വാനം ചെയ്യുന്നവർക്ക് സന്മാർഗം നൽകപ്പെടും. (മൽഫൂദാത്ത് വാള്യം 9, പേജ് 433, 1984)

✍ ഞാൻ ഇന്നേവരെ നോമ്പുനോറ്റിട്ടില്ല. അതിനെല്ലാം ഫിദ്‌യഃ കൊടുക്കേണ്ടതുണ്ടോ

അല്ലാഹു ഓരോരുത്തർക്കും അവർക്കു വഹിക്കാവുന്നതിനെക്കാൾ കൂടുതൽ വിഷമം കൊടുക്കുകയില്ല. കഴിവിനനുസരിച്ച് കഴിഞ്ഞുപോയതിന്റെ ഫിദ്‌യഃ കൊടുക്കുക. ഇനി എല്ലാ നോമ്പും നോല്ക്കുമെന്ന് പ്രതിജ്ഞ ചെയ്യുക.(മൽഫൂദാത്ത് വാള്യം 4, പേജ് 380, 1984)

✍ ഖാദിയാനിലെ യത്തീംഫണ്ടിലേക്ക് ഫിദ്‌യഃ അയക്കാമോ?

കാര്യം ഒന്നുതന്നെയാണ്. തദ്ദേശവാസികളായ ഏതെങ്കിലും അഗതിയ്ക്കു കൊടുക്കുകയോ യതീം - മിസ്കീൻ ഫണ്ടിലേക്ക് അയക്കുകയോ ചെയ്യാവുന്നതാണ്

✍ നോമ്പുകാരന് താടിയിലും മീശയിലും തലയിലും എണ്ണ പുരട്ടാമോ?

പുരട്ടാവുന്നതാണ്.

✍ നോമ്പുകാരന്റെ രോഗമുള്ള കണ്ണിൽ മരുന്നിറ്റിക്കുന്നത് അനുവദനീയമാണോ?

ഈ ചോദ്യംതന്നെ അപ്രസക്തമാണ്. രോഗിക്ക് നോമ്പ് പിടിക്കാൻ കല്പനയില്ല.

✍ നോമ്പുകാരന് കണ്ണിൽ സുറുമ എഴുതാമോ?

അത് വെറുക്കപ്പെട്ടതാണ്. പകൽ സുറുമ എഴുതേണ്ട ആവശ്യമെന്ത്? രാത്രിയിൽ അത് ആകാമല്ലോ?

✍ നോമ്പുകാരന് സുഗന്ധം ഉപയോഗിക്കാമോ?

ഉപയോഗിക്കാവുന്നതാണ്. (മൽഫൂദാത്ത് വാള്യം 9, പേജ് 171 - 172, 1984)

✍ മുറിയിലിരുന്ന ഞാൻ ഇടയത്താഴം കഴിക്കുകയായിരുന്നു. സമയം പോയതറിഞ്ഞില്ല. പുറത്തിറങ്ങിയപ്പോൾ വെള്ള വീശിയിരിക്കുന്നതായിക്കണ്ടു. ആ നോമ്പ് പിടിച്ചു വീട്ടണോ?

മനഃപൂർവമല്ലാത്തതുകൊണ്ട് ആവശ്യമില്ല.

✍ നോമ്പുകാരന് കണ്ണാടി നോക്കാമോ?

നോക്കാവുന്നതാണ്.

(പേജ് 1 ൽ നിന്ന്)

ന്നില്ല. അതേപ്രകാരം ഒന്നോ ഒറ്റയോ എന്ന നിലയിൽ നമ്മുടെ ജമാഅത്തിൽനിന്ന് ആർക്കെങ്കിലും മേൽപ്രസ്താവിച്ച കാരണങ്ങളാൽ പ്ലേഗ് രോഗം ബാധിക്കുകയാണെങ്കിൽത്തന്നെ പ്രസ്തുത ദിവ്യദൃഷ്ടാന്തത്തിനെ അത് ബാധിക്കുകയില്ല. ഇതൊരു മഹത്തായ ദൃഷ്ടാന്തമല്ലേ? അതായത് ഓരോ സത്യാന്വേഷിക്കും ഒരു സംശയവും അവശേഷിക്കാത്തവിധത്തിൽ ഈ പ്രവചനത്തെ അല്ലാഹു വെളിപ്പെടുത്തുമെന്ന് ഞാൻ ആവർത്തിച്ചാവർത്തിച്ച് പറയുന്നു. ഒരു മുഅ്ജിസത്ത് - അത്ഭുത പ്രവൃത്തി എന്ന നിലയിൽ അല്ലാഹു ഈ ജമാഅത്തിനോട് കാര്യങ്ങൾ ചെയ്തുവെന്ന് അവർക്ക് മനസ്സിലാകും. എന്നല്ല, ദൈവികദൃഷ്ടാന്തത്തിന്റെ ഫലമെന്നോണം പ്ലേഗ് മുഖേന ഈ ജമാഅത്ത് വളരെ വർധിക്കുകയും അസാധാരണമാംവിധം അഭിവൃദ്ധിപ്പെടുകയും ചെയ്യും. അവരുടെ ഈ അഭിവൃദ്ധി അത്ഭുതദൃഷ്ടിയോടെ നോക്കപ്പെടും. ഓരോ ഘട്ടത്തിലും പരാജയപ്പെട്ടുകൊണ്ടിരുന്ന എതിരാളികൾക്ക് - നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ ഞാൻ എഴുതിയതുപോലെ, ഈ പ്രവചനമനുസരിച്ച് അല്ലാഹു ജമാഅത്തും മറ്റുള്ള ജമാഅത്തുകളും തമ്മിലുള്ള വ്യത്യാസം കാണിച്ചില്ലെങ്കിൽ എന്നെ നിഷേധിക്കാൻ അവകാശമുണ്ടായിരിക്കും. ഇന്നുവരെയുള്ള അവരുടെ നിഷേധത്തിൽ ഒരു ശാപം മാത്രമേ അവർ വിലക്കു വാങ്ങിയിട്ടുള്ളൂ. ഉദാഹരണത്തിന് ആഥം പതിനഞ്ചു മാസത്തിനുള്ളിൽ മരിച്ചില്ലെന്ന് പറഞ്ഞ് ആവർത്തിച്ചാവർത്തിച്ച് ബഹളംകൂട്ടുന്നു. വാസ്തവത്തിൽ, അയാൾ സത്യത്തിലേക്ക് മടങ്ങുകയാണെങ്കിൽ പതിനഞ്ചു മാസത്തിനുള്ളിൽ മരിക്കുകയില്ലെന്ന് പ്രവചനം വ്യക്തമായ വാക്കുകളിൽ പറഞ്ഞിരുന്നതാണ്. അയാൾ സംവാദാവസരത്തിൽത്തന്നെ എഴുപത് മാന്യന്മാരുടെ മുമ്പിൽവച്ച് നബി(സ)യെ ദജ്ജാൽ എന്നു പറഞ്ഞതിൽനിന്ന് പശ്ചാത്തപിച്ചുമടങ്ങി! ഇതുമാത്രമല്ല, അയാൾ പതിനഞ്ചുമാസംവരെ തന്റെ മൗനവും ഭയവും കൊണ്ട് തന്റെ പശ്ചാത്താപം സ്ഥിരീകരിച്ചു കാണിക്കുകയും ചെയ്തു. പ്രവചനത്തിന്റെ അടിസ്ഥാനം അയാൾ നബി(സ)തിരുമേനിയെ ദജ്ജാൽ എന്നു വിളിച്ചുവെന്നതായിരുന്നു. അതിനാൽ, അയാൾ പശ്ചാത്താപം പ്രയോജനപ്പെടുത്തിക്കൊണ്ട് പതിനഞ്ചുമാസത്തിനുശേഷമാണ് മരിച്ചത്. എന്തായാലും അങ്ങനെ മരിച്ചു. ഇതെന്തുകൊണ്ടുണ്ടായി എന്നുവെച്ചാൽ, ഇരുകക്ഷികളിൽ ആരാണോ തന്റെ വിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ വ്യാജൻ, അവനാദ്യം മരിക്കുമെന്ന് പ്രവചനത്തിൽ വിശദീകരിച്ചിരുന്നു. അങ്ങനെ അയാൾ എനിക്കു മുമ്പേ മരിച്ചു. ഇപ്രകാരം തന്നെ അല്ലാഹു എന്നോട് പറഞ്ഞ അദൃശ്യകാര്യങ്ങളും, പിന്നീട് അതിന്റേതായ സമയത്ത് പുലർന്നതും നോക്കുകയാണെങ്കിൽ അത് പതിനായിരത്തിൽ കുറയുകയില്ല. എന്നാൽ, അവയിൽനിന്ന് വെറും നൂറ്റമ്പതെണ്ണം തെളിവുകളോടും സാക്ഷികളോടുംകൂടി അച്ചടിച്ചുകൊണ്ടിരിക്കുന്ന നുസൂലുൽ മസീഹ് എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. *(കശ്തിയെ നൂഹ് റൂഹാനീ ഖസാഇൻ വാള്യം)*

### ഹദീസുന്നബ്‌വി(സ)

**നബി(സ)തിരുമേനി പറഞ്ഞു: "ആരുടെയെങ്കിലും ദൗർബല്യം കാണുകയും അത് മറച്ചുവെക്കുകയും ചെയ്യുന്നത് ഏതെങ്കിലും പെൺകുട്ടിയെ ജീവനോടെ കുഴിച്ചുമൂടുന്നതിൽനിന്ന് പുറത്തെടുക്കുകയും അവൾക്ക് ജീവിതം നൽകുകയും ചെയ്തതുപോലെയാണ്. (സുനൻ അബീദാവൂദ്)**

**ത്വാലിബെ ദുആ:**
**പരേതയായ ടി.കെ. റാബിയ സാഹിബയുടെ കുടുംബം**
**അഹ്മദിയ്യാ ജമാഅത്ത് കരുളായി(കേരള)**

### ഹദീസുന്നബ്‌വി(സ)

**നബി(സ) പറഞ്ഞു: "നിങ്ങളുടെയടുക്കൽ ഏതെങ്കിലും ജനതയുടെ ആദരണീയവ്യക്തി വന്നാൽ അദ്ദേഹത്തെ ആദരിക്കുക." (സുനൻ ഇബ്നു മാജ)**

**ത്വാലിബെ ദുആ:**
**അംഗങ്ങൾ, അഹ്മദിയ്യാ ജമാഅത്ത് ഐരാപുരം (കേരള)**

# 2017 യൂ കെ ജൽസ സാലാനയുടെ അവസരത്തിൽ സയ്യിദുനാ ഹദ്റത്ത് അമീറുൽമുഅ്മിനീൻ അയ്യദഹുല്ലായുടെ തിരക്കുകൾ

**അഹ്മദിയ്യാ ജമാഅത്ത് മനുഷ്യകുലത്തിന് ഒരു മാതൃകയാണ്.**

**ഹുദൂറിന്റെ മഹത്ത്വം കണക്കുകൂട്ടാൻ പറ്റുകയില്ല.**

**ഹുദൂറുമായി കാണുമ്പോൾ ഒരു ആത്മീയശക്തി പ്രദാനം ചെയ്യപ്പെടുന്നു.**

● അഹ്മദിയ്യത്ത് തന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥചിത്രം. സർവ്വ ലോകവും അദ്ദേഹത്തെ സ്വീകരിക്കുമെന്നും ഒടുവിൽ അദ്ദേഹം വിജയിക്കുമെന്നും എനിക്കുറപ്പുണ്ട്. ഇവിടെ എനിക്ക് ഇസ്‌ലാമിന്റെ യഥാർഥചിത്രം കാണാൻ കഴിഞ്ഞു. ഇസ്‌ലാമിന്റെ യഥാർഥ മുഖം കാണേണ്ടത് ഓരോ മുസ്‌ലിമിന്റേയും നിർബന്ധ കടമയാണ്. ജനങ്ങളെ അഭിമുഖീകരിക്കുന്ന അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിനെ കാണുമ്പോൾ മനസ്സിൽ ഓടിയെത്തുന്ന ഏകകാര്യം ഒന്നുമാത്രമാണ്;ഈവ്യക്തിത്വം എല്ലാവരോടും സ്നേഹം, ആരോടുമില്ല വെറുപ്പ് എന്ന ആപ്തവാക്യത്തിന്റെ യഥാർഥവും കർമപരവുമായ രൂപമാണ്. **(അൽ ഹസൻ ബീ കുമാരാ സാഹിബ്, കസ്റ്റംസ് ആഫീസർ സിയറാ ലിയോൺ)**

● അഹ്മദിയ്യാ ജമാഅത്ത് എല്ലാതരം വർഗ്ഗപരമായ വിദ്വേഷത്തിൽനിന്ന് പരിശുദ്ധമാണ്. ഞാനാദ്യമായി ഖലീഫത്തുൽ മസീഹിനെ ദർശിച്ച നിമിഷം എനിക്ക് ബോധ്യമായി ഈ വ്യക്തി യഥാർഥ സമാധാനത്തിന്റെ പ്രതീകമാണെന്നും സമാധനത്തിന്റെ സംസ്ഥാപനത്തിൽ നിരതനാണെന്നും.വീണ്ടും വീണ്ടും ഈ ജൽസയിൽ പങ്കെടുക്കാൻ ഞാൻ ആഗ്രഹിക്കുന്നു.**(സാഫാ മൂൻഗാ മൂ സാഹിബ് പാരാ മൗണ്ട് ചീഫ്, സിയറാ ലിയോൺ)**

● വളരെ മുമ്പേ എനിക്ക് ജൽസ സാലാനയിൽ പങ്കെടുക്കേണ്ടതായിരുന്നു.ജൽസയുടെ അന്തരീക്ഷത്തിൽ കൃത്യമായ ചിട്ടകളും സൽസ്വഭാവങ്ങളും എല്ലാറ്റിനുമുപരിയായി ദൃശ്യമാകുന്നു.എല്ലാ ഓരോ വ്യക്തിയും ഒരുവിധ വർഗ്ഗീയ വ്യത്യാസങ്ങളും പുലർത്താതെ പരസ്പരം സലാം പറയുന്നു.ഖലീഫത്തുൽ മസീഹിനെ കാണുമ്പോൾ തോന്നുന്നത് ഉന്നതനായ ദൈവം അദ്ദേഹത്തിന് പ്രത്യേകമായ കഴിവു നൽകിയിരിക്കുന്നുവെന്നാണ്.മണിക്കൂറുകളോളം പ്രസംഗങ്ങൾ നിർവ്വഹിച്ചതിന് ശേഷവും അദ്ദേഹത്തിന്റെ മുഖത്ത് ദൃശ്യമാകുന്ന പുഞ്ചിരി വിസ്മയിപ്പിക്കുന്നതാണ്.**(വാറാ വാറാ യഗാലാ സാഹിബ് കടാലാ സാഹിബ്,പാരാമൗണ്ട് ചീഫ്,സിയറാ ലിയോൺ)**

● അഹ്മദിയ്യത്ത് തന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥ രൂപം. ഇന്ന് ഇസ്‌ലാമിന്റെ നാമം നാനാ ഭാഗത്തും തീവ്രവാദത്തോട് ചേർത്ത് പറയപ്പെടുന്നു.എന്നാൽ, അഹ്മദി ഈ മനോഭാവം തെറ്റാണെന്ന് സ്ഥാപിച്ചുകൊണ്ടിരിക്കുന്നു. ജൽസയുടെ ഏർപ്പാടുകൾ മികച്ചതായിരുന്നു.ചെറിയ ചെറിയ കുട്ടികൾ പോലും ജനങ്ങൾക്ക് സേവനം ചെയ്യുന്നതിൽ നിരതരായിരുന്നു. ഈ കാഴ്ച ആത്മാവിനെ ആനന്ദി പ്പിക്കുന്നതായിരുന്നു.അഹ്മദിയ്യാ ജമാഅത്തിന്റെ സത്യതയ്ക്കുള്ള തെളിവിന് ഈ ഒയാരു കാഴ്ച മാത്രം മതിയാകുന്നതാണ്. **(അലി കാലൂകോ സാഹിബ്, മെമ്പർ ഓഫ് പാർല്യമെണ്ട് സിയറാലിയോൺ)**

● ജമാഅത്ത് ഒരുവിധ പ്രശ്നവും സ്വഷ്ടിക്കാറില്ല. ഒരു കുഴപ്പങ്ങളും ഉണ്ടാക്കാറില്ല. സ്നേഹ സാഹോദര്യങ്ങളോടെ ജീവിച്ചു വരുന്നു. അധ്യാപനങ്ങൾ നൽകുന്നതും അതുതന്നെയാണ് .മറ്റുള്ളവർക്കു എളുപ്പം സ്വഷ്ടിക്കുന്നു. ഈ ഒരു മതത്തേയും ജമാഅത്തിനേയും മാത്രമാണ് ഉന്നതനായ ദൈവം സഹായിക്കുന്നതെന്നാണ് എനിക്ക് തോന്നുന്നത്. സർവ്വ ലോകവും അദ്ദേഹത്തെ സ്വീകരിക്കുകയും ഒടുവിൽ അദ്ദേഹംതന്നെ വിജയിക്കുകയും ചെയ്യുന്നതാണ്. **(റാകോൺടോൺഡ്റാസാകാ അർസെന സാഹിബ്,മുൻ പോലീസ് കാര്യ വകുപ്പ് മന്ത്രി,മഡഗാസ്കർ)**

**യൂ കെ ജൽസസാലാനയിൽ പങ്കെടുത്ത അതിഥികളുടെ ഹുദൂറുമായി കൂടിക്കാഴ്ച. തുടർന്ന് വിശ്വാസം ദൃഢീകരിക്കുന്ന അവരുടെ അനുഭവ വിവരണം**

(റിപ്പോർട്ട്: അബ്ദുൽമാജിദ് ത്വാഹിർ, അഡീഷണൽ വക്കീലുത്തബ്ശീർ ലണ്ടൻ)

പരിഭാഷ:മൗലവി അമീൻ മുഹമ്മദ്, മാത്ര

(തുടർച്ച).....

അപ്പോൾ ഹുദൂർ പറഞ്ഞു: സ്ത്രീകൾ വേറെയിരുന്നുകൊണ്ട് തങ്ങളുടെ പ്രോഗ്രാം ഉണ്ടാക്കാനും മുന്നോട്ടുകുതിക്കാനുമാണ് ഞങ്ങൾ ആഗ്രഹിക്കുന്നത്.

● മർയം ബോനി ജയാലു സാഹിബ അവർ മുൻവിദേശകാര്യമന്ത്രിയും രാഷ്ട്രപതിയുടെ ഉപദേഷ്ടാവും ഇപ്പോൾ സീനിയർ മിനിസ്റ്ററുടെ ഉപദേഷ്ടാവുമാണ്. തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ട് പറഞ്ഞു: എനിക്ക് ജൽസ മുഖേന അഹ്മദിയ്യാ ജമാഅത്തിനെ ആഴത്തിൽ മനസ്സിലാക്കുവാനുള്ള അവസരം കിട്ടി. ജൽസയുടെ ഏർപ്പാടുകളെല്ലാം എന്നെ ആകർഷിച്ചു. പ്രവർത്തകരുടെ നിലവാരം വളരെ ഉയർന്നതായിരുന്നു. ഉദ്യോഗസ്ഥരുടെ ആത്മാർഥത കണ്ട് എനിക്ക് അത്ഭുതം തോന്നി. ഞാൻ സംഘടനാപരമായ നിലയിൽ എല്ലാ രീതിയിലും പരിശോധന നടത്തി. പക്ഷേ, ഇത്ര വലിയ ജൽസയിൽ ഒരു കുറവും എനിക്ക് കാണാൻ കഴിഞ്ഞില്ല. എല്ലാ വിഭാഗവും ഞാൻ വിമർശന ദൃഷ്ടിയോടെ നോക്കി. പക്ഷേ, എല്ലാ വിഭാഗത്തിലും നിലവാരമുള്ള ഏർപ്പാടുകളായിരുന്നു. ജൽസയുടെ പ്രവർത്തകരിലേക്ക് നോക്കിയപ്പോൾ ചെറിയവരും വലിയവരും വൃദ്ധരും യുവാക്കളും പുരുഷന്മാരും സ്ത്രീകളും ചുരുക്കിപ്പറഞ്ഞാൽ എല്ലാ വിഭാഗത്തിൽപെട്ട ആളുകളും മറ്റുള്ളവർക്ക് സൗഢ്യം പകരാനുള്ള ശ്രമത്തിലായിരുന്നു. എല്ലാവരും തങ്ങളുടെ സുഖം മറന്നുകൊണ്ട് മറ്റുള്ളവരുടെ സുഖക്ഷേമങ്ങൾക്ക് സൗകര്യം ഉണ്ടാക്കികൊടുക്കാൻ തയ്യാറായിരുന്നു. അതിഥികളെ സേവിക്കുന്നതിൽ സന്തോഷം തോന്നുന്ന ആ മന്ദസ്മിതമായ മുഖങ്ങളെ ഞാൻ എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കുകയില്ല. ഈ മനോഹരമായ സ്മരണകൾ എന്റെ ജീവിതത്തിന്റെ ഭാഗമായിരിക്കും. ഞാൻ ആഗ്രഹിക്കുന്നത് ഈ മൂല്യങ്ങൾ ഞങ്ങളുടെ നാട്ടിലും സ്ഥാപിതമാകണമെന്നാണ്. അഹ്മദിയ്യാ ജമാഅത്ത് പഠിക്കുന്നതിനുള്ള ഒരു അക്കാഡമിയാണ്. ഇതിൽ എന്റെ രാജ്യത്തിലെ യുവാക്കളും വിദ്യാഭ്യാസം കരസ്ഥമാക്കേണ്ടതാണ്. ഞാൻ ആത്മീയമായ നിലയിൽ നോക്കുമ്പോൾ നാലുഭാഗത്തും ഒരു സാഹോദര്യത്തിന്റെ അന്തരീക്ഷമായിരുന്നു. ഇതുമുഖേന ആത്മീയതയിൽ വർധനവുണ്ടായി. ഞാൻ മുമ്പേ ഒരിക്കലും കണ്ടിട്ടില്ലാത്ത അന്തരീക്ഷമായിരുന്നു ഇത്. ഒരുപക്ഷേ എല്ലാ അതിഥികളും ആദ്യമായിട്ടായിരിക്കും ഇത്തരം അന്തരീക്ഷം കാണുന്നത്. ബെനിനിൽ ഞാൻ അഹ്മദിയ്യാ ജമാഅത്തിനെ അറിയുന്നു. അതിന്റെ സൃഷ്ടി സേവനത്തെക്കുറിച്ചും എനിക്കറിയാം. അതിന്റെ സൃഷ്ടിസേവനത്തെക്കുറിച്ചും പരിചയമുണ്ട്. പക്ഷേ, ജമാഅത്തിന്റെ യഥാർഥ ഫിലോസഫി, അധ്യാപനത്തെ ഈ ജൽസയിൽ പങ്കെടുത്തതിനുശേഷമാണ് മനസ്സിലാക്കാൻ ഭാഗ്യം കിട്ടിയത്. അതുകൊണ്ട് ഇപ്പോൾ ഞാൻ പറയുകയാണ് അഹ്മദിയ്യത്ത് അവതരിപ്പിക്കുന്ന ഇസ്‌ലാം തന്നെയാണ് ലോകത്തിന് സമാധാനം കൊടുക്കുന്നത്; ലോകത്തിന്റെ പ്രശ്നങ്ങൾക്കുള്ള പരിഹാരവും! അവർ പറഞ്ഞു: ഖലീഫത്തുൽ മസീഹിന്റെ പ്രഭാഷണങ്ങൾ എന്നിൽ അഗാധമായ സ്വാധീനം ചെലുത്തി. പ്രത്യേകിച്ചും വനിതകളോടുള്ള പ്രഭാഷണം. അത് ചിന്താഗതിയിൽ അഗാധമായ ചിത്രമാണ് കോറിയിട്ടത്. മറ്റുള്ള മുസ്‌ലിംസംഘങ്ങളുടെ പക്കൽ സ്ത്രീകൾക്ക് ഒരു അടിമയേക്കാളധികം സ്ഥാനമൊന്നുമില്ല. പക്ഷേ, ഖലീഫത്തുൽ മസീഹ് സ്ത്രീകളോടുള്ള പ്രഭാഷണത്തിൽ സ്ത്രീകളെ അധ്യാപികമാർ എന്നു പറഞ്ഞു. അവരുടെ നിർബന്ധകടമകളിൽ ഭാവിയിലെ സന്താനങ്ങൾക്ക് ശിക്ഷണവും വിദ്യാഭ്യാസവും നല്കേണ്ടതാണ്. അവരാണ് ലോകത്തിന്റെ ഭാവി. അതായത് മതത്തിന്റെ ഭാവി സ്ത്രീകളുടെ കൈകളിലാണുള്ളത്. അതായത് സ്ത്രീകൾക്ക് ദൈവം ഒരു ആരോഗ്യമുള്ളതും സമാധാനഭരിതവുമായ സമൂഹത്തെ വാർത്തെടുക്കുന്നതിനുവേണ്ടി വളരെ വലിയ ജോലി ഏല്പിച്ചിരിക്കുന്നു.

● ബെനിനിലെ നാഷണൽ ടിവിയുടെ ഡയരക്ടർ കാതറെ ജമീമ പറഞ്ഞു: അഹ്മദിയ്യാ ജമാഅത്തിന്റെ അംഗങ്ങൾ എപ്പോഴും സാഹോദര്യത്തിലും ലാളിത്യത്തിലും എന്നെ വളരെ ആകർഷിച്ചിട്ടുണ്ട്. പക്ഷേ, ഈ ജൽസയിൽ പങ്കെടുത്തുകൊണ്ട് എനിക്ക് അറിയാൻ കഴിഞ്ഞു, അതെന്തുകൊണ്ടാണെന്ന്? അതിനുകാരണം അഹ്മദിയ്യ ജമാഅത്തിന്റെ ഓരോ അംഗവും ഈ തത്ത്വത്തിന്റെ ധ്വജവാഹകരാണ്. അതായത് എല്ലാ ഓരോ അഹ്മദിയുടേയും ജീവിതം ഇതേ അടിസ്ഥാനനിയമങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു.

ബെനിൻ സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച 10.45വരെ തുടർന്നു. അവസാനം

EDITOR
H.Shamsuddin

Sub Editor : Mohammad Ismaeel
Mobile : 91 9446656123
e-mail : badarkerla@gmail.com

REGISTERED WITH THE REGISTRAR OF THE NEWSPAPER FOR INDIA AT NO PUNMAL/2016/70551

ബദ്ർ വീക്കിലി ഖാദിയാൻ The Weekly **BADAR** Qadian

Distt. Gurdaspur (Pb.) INDIA Qadian - 143516

POSTAL REG NO GDP- 44/2017-2019 Vol-3 Thursday 10 May 2018 Issue-19

MANAGER
NAWAB AHMAD
Tel : 91 1872224757
Mobile: 91 9417020616
e-mail : managerbadrqnd@gmail.com
website : www.alislam.org/badr

**ANNUAL SUBSCRIPTION** : Rs. 500/- (Per Issue : Rs. 9/-) (**WEIGHT** - 20-50 gms/issue)

സംഘാംഗങ്ങൾ ഹുദൂറുമായി ഫോട്ടോയെടുത്തു.

## ഐവറികോസ്റ്റ് സംഘവുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച

അതിനുശേഷം ഐവറികോസ്റ്റിൽനിന്നുള്ള സംഘം ഹുദൂറുമായി കൂടിക്കാഴ്ച നടത്തി.

• ഐവറികോസ്റ്റിൽനിന്ന് ഒരു അതിഥി Zakpa Dopeu സാഹിബ് വന്നിരുന്നു. അദ്ദേഹം ഐവറികോസ്റ്റിലെ സോൺ നഗരത്തിന്റെ മേയറാണ്. അദ്ദേഹം പറഞ്ഞു: ഞാൻ ആദ്യമായാണ് ഇവിടെ അഹ്മദിയ്യാ ജമാഅത്തിന്റെ ജൽസ കാണുന്നത്. വളരെ നല്ല അച്ചടക്കമായിരുന്നു. വലിയ ഓർഗനൈസായിരുന്നു. ഹുദൂർ പറഞ്ഞു: വനത്തിൽ താൽക്കാലികമായ ഒരു നഗരമുണ്ടാക്കി അതിലാണ് ഈ സൗകര്യം ചെയ്തിട്ടുള്ളത്. താൽക്കാലികമായ ഏർപ്പാടുകളിൽ ചില കുറവുകളുണ്ടാകും. അദ്ദേഹം പറഞ്ഞു: എല്ലാ ഏർപ്പാടുകളും വളരെ നല്ലതായിരുന്നു. ആയിരക്കണക്കിന് ആളുകൾക്ക് കൃത്യസമയത്ത് യാത്രാ സൗകര്യങ്ങൾ ഏർപ്പെടുത്തിയിരുന്നു. ഭക്ഷണത്തിനുള്ള ഏർപ്പാടും മനോഹരമായിരുന്നു. ഒരേസമയത്ത് ആയിരക്കണക്കിന് ആളുകൾ ഭക്ഷണം കഴിച്ചിരുന്നു. ഒരു കോലാഹലവുമുണ്ടായിരുന്നില്ല. ഞങ്ങളെ നല്ല നിലയിൽ നോക്കിയിരുന്നു. ഞങ്ങളുടെ ആവശ്യങ്ങളൊക്കെ പൂർത്തിയാക്കിയിരുന്നു. സന്നദ്ധസേവകരുടെ പ്രവർത്തനം എന്നെ വല്ലാതെ സ്വാധീനിച്ചിരുന്നു.

• അമീർ സാഹിബ് പറഞ്ഞു: മേയർ തന്റെ പ്രദേശത്ത് നടന്ന് ഖുദ്ദാമുൽഅഹ്മദിയ്യായുടെ തർബിയ്യത്ത് മീറ്റിംഗിൽ 20 ആളുകളെ അയച്ചിരുന്നു. അതിൽ അവിടെത്തെ ജൂലാ ഇമാം, എന്തിനാണ് ആളകളെ അയച്ചത്? എന്ന് ചോദിച്ച് അദ്ദേഹത്തെ എതിർത്തു. അതുകേട്ട് ഹുദൂർ പറഞ്ഞു: ഞങ്ങൾ യഥാർഥ മുസ്‌ലീംകളാണെന്നും അഹ്മദിയ്യത്ത് തന്നെയാണ് ഇസ്‌ലാമിന്റെ യഥാർഥ ചിത്രം പ്രദർശിപ്പിക്കുന്നതെന്നും ഇവിടെ വന്ന് നിങ്ങൾ കണ്ടു. ഐവറികോസ്റ്റ് അമീർ സാഹിബ് പറഞ്ഞു: ജമാഅത്ത് അദ്ദേഹത്തിന്റെ പ്രദേശത്ത് സോഷ്യൽവർക്ക് ചെയ്യുകയാണെങ്കിൽ ഇത് അദ്ദേഹത്തിന്റെ ഏരിയായ്ക്ക് വളരെ ഗുണകരമായിരിക്കും. അതു കേട്ടപ്പോൾ ഹുദൂർ പറഞ്ഞു: ഞങ്ങൾക്ക് മോഡൽ വില്ലേജ് നിർമിക്കാനാകും. അത് പരീക്ഷിച്ചുനോക്കാനും കഴിയും. നമ്മുടെ ആർക്കിടെക്റ്റ് ആൻഡ് എഞ്ചിനിയേർസ് അസോസിയേഷന് അതിന്റെ പരിശോധന നടത്താവുന്നതാണ്. ഘാനയിൽനിന്ന് പഠിച്ച് ഇറങ്ങിയിട്ടുള്ള ലോക്കൽ മിഷണറിമാരിൽ ഒരാളെ അദ്ദേഹത്തിന്റെ പ്രദേശത്ത് അയക്കാൻ ഹുദൂർ നിർദേശിച്ചു. ഹുദൂർ പറഞ്ഞു: സമാധാനസ്ഥാപനത്തിന് നമ്മൾ പരിപൂർണമായും സഹായിക്കുന്നതാണ്. അദ്ദേഹം തന്റെ അഭിപ്രായം പ്രകടിപ്പിച്ചുകൊണ്ടു പറഞ്ഞു:ഞാൻ ഇസ്‌ലാം അഹ്മദിയ്യത്ത് സ്വീകരിച്ചപ്പോൾ ജനങ്ങളിൽനിന്ന് ധാരാളം നെഗറ്റീവായിട്ടുള്ള കാര്യങ്ങൾ കേട്ടു. എനിക്ക് ഇസ്‌ലാമിനെ കുറിച്ച് വളരെ അധികം അറിവൊന്നുമുണ്ടായിരുന്നില്ല. അതുകൊണ്ട് അഹ്മദി, മുസ്‌ലിമാണോ അല്ലേ എന്ന കാര്യത്തിൽ എങ്ങനെ തീരുമാനം എടുക്കും എന്നോർത്ത് ഞാൻ വളരെ ബുദ്ധിമുട്ടിലായി. ഞാൻ അഹ്മദിയ്യത്ത് സ്വീകരിച്ചുകൊണ്ട് പാപം ചെയ്തിരിക്കുകയാണോ എന്ന് ഞാൻ ചിന്തിച്ചു. അങ്ങനെ ഞാൻ ജമാഅത്തുമായി ബന്ധപ്പെട്ടപ്പോൾ അവർ എന്നെ ജൽസസാലാനയിൽ പങ്കെടുക്കാൻ ക്ഷണിച്ചു; ഇവിടെ ജമാഅത്തിനെ അടുത്തുനിന്ന് നോക്കിക്കാണാൻ! ഞാൻ ഇവിടെ വന്നപ്പോൾ ഇസ്‌ലാമിന്റെ യഥാർഥ ചിത്രം കണ്ടു. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമിന്റെ എല്ലാ പ്രസംഗങ്ങളും അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും നാമംകൊണ്ടാണ് ആരംഭിച്ചത്. അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും നാമത്തിൽ അവസാനിപ്പിക്കുകയും ചെയ്തു. പിന്നീടു ജൽസസാലാനയുടെ അന്തരീക്ഷം കണ്ട് അഹ്മദി മുസ്‌ലിമാണോ അല്ലേ എന്ന ചോദ്യത്തിന് മറുപടിയും ലഭിച്ചു. ഞാൻ അഭിമാനത്തോടെ പറയുകയാണ്, ഞാൻ ചെയ്തത് തികച്ചും ശരിയായിരുന്നു. അഹ്മദി തന്നെയാണ് യഥാർഥ മുസ്‌ലീംകൾ. ഞാൻ ഇക്കാര്യത്തിൽ സംതൃപ്തനാണ്. അഹ്മദികളുടെ എല്ലാ പ്രവൃത്തികളും വിശുദ്ധ ഖുർആനും നബി(സ)തിരുമേനിയുടെ കല്പനകൾക്കനുസരിച്ചുമാണ്. ഇനി ഞാൻ മടങ്ങിച്ചെന്നാൽ, അഹ്മദിയ്യത്തിനെ സംബന്ധിച്ച് ജനങ്ങളോടു പറയുന്നതാണ്.

ഐവറികോസ്റ്റു സംഘത്തിന്റെ ഹുദൂറുമായുള്ള ഈ കൂടിക്കാഴ്ച പതിനൊന്നു മണിവരെയായിരുന്നു. അവസാനം അദ്ദേഹം ഹുദൂറുമൊത്ത് ഫോട്ടോ എടുക്കുന്നതിനുള്ള ഭാഗ്യവും കരസ്ഥമാക്കി.

## മൗറീഷ്യസ്(Mouritius)സംഘവുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച:

അതിനുശേഷം ഹുദൂർ മഹ്മൂദ് ഹാളിൽ വന്നു. അവിടെ മൗറീഷ്യസ് (Mouritius) സംഘവുമായുള്ള ഹുദൂറിന്റെ കൂടിക്കാഴ്ച നടന്നു. ഇപ്രാവശ്യം മൗറീഷ്യസിൽനിന്ന് നൂറുപേരടങ്ങുന്ന സംഘമാണ് വന്നത്.

• ഹുദൂർ അയ്യദഹുല്ലാഹ് സംഘാംഗങ്ങളോടു ജൽസ സാലാനയെ കുറിച്ച് ചോദിച്ചു. അംഗങ്ങൾ പറഞ്ഞു: ഈ ജൽസസാലാന ഞങ്ങൾക്ക് വളരെ അനുഗൃഹീതമായിരുന്നു. ജൽസയുടെ ഒരുക്കങ്ങളെല്ലാം നന്നായിരുന്നു. ജൽസ നടക്കുമ്പോൾ മഴയുമുണ്ടായി. പക്ഷേ, മഴ ഒരു കാര്യത്തിലും തടസമായില്ല. എല്ലാ ജോലിയും വളരെ ഭംഗിയായി നടന്നു. ജൽസയുടെ ഒരുക്കങ്ങളെല്ലാം ഞങ്ങളെ വല്ലാതെ ആകർഷിച്ചു. ഹുദൂറിന്റെ പ്രഭാഷണങ്ങൾ ഞങ്ങളെ ആഴത്തിൽ സ്വാധീനിച്ചു. ഞങ്ങളുടെ വിശ്വാസങ്ങളിലും ആത്മീയതയിലും വർധന ഉണ്ടായി. സംഘത്തിലെ അംഗങ്ങൾ തങ്ങൾക്കുവേണ്ടിയും തങ്ങളുടെ കുടുംബത്തിനുവേണ്ടിയും മക്കൾക്കുവേണ്ടിയും ദുആയ്ക്ക് അപേക്ഷിച്ചു. ഹുദൂർ കുട്ടികൾക്ക് ചോക്ലേറ്റു നല്കി. സംഘത്തിലെ അംഗങ്ങൾ കുടുംബത്തോടൊപ്പം ഫോട്ടോ എടുത്തു.

## കിരിബാറ്റി(Kiribati), മാർഷൽ ഐലൻഡ്സ് (Marshall Islands), മൈക്രോനേഷ്യ (Micronesia) എന്നീ രാജ്യങ്ങളിൽനിന്നുള്ള സംഘങ്ങളുടെ കൂടിക്കാഴ്ച:

അതുകഴിഞ്ഞ ഹുദൂർ ഓഫീസിൽ വന്നു. അവിടെ പ്രോഗ്രാമനുസരിച്ച് കിരിബാറ്റി (Kiribati), മാർഷൽ ഐലൻഡ്സ്(Marshall Islands), മൈക്രോനേഷ്യ(Micronesia) എന്നീ രാജ്യങ്ങളിൽനിന്നുള്ള സംഘങ്ങൾ ഹുദൂറുമായി കൂടിക്കാഴ്ച നടത്താൻ ഭാഗ്യം കരസ്ഥമാക്കി.

• കിരിബാറ്റിയിൽനിന്ന് രണ്ടുപേരടങ്ങുന്ന സംഘമാണ് വന്നിരുന്നത്. അവരിൽ ഒരാൾ ജമാഅത്തിന്റെ സ്വദ്ർ അബൂബക്കർ സാഹിബും ഒരു അതിഥി Teiraul Tebiria സാഹിബും ആയിരുന്നു. അദ്ദേഹം അവിടെത്തെ മുൻ പാർലമെന്റംഗവും മിനിസ്റ്റർ ഓഫ് ലേബർ ആന്റ് മിനിസ്റ്റർ ഓഫ് എജ്യൂക്കേഷനുമാണ്.

• മാർഷൽ ഐലൻഡ്സ്(Marshall Islands)ൽനിന്ന് അവിടെത്തെ മുബല്ലിഗ് ഫിറോസ് അഹ്മദ് ഹിന്ദൽ സാഹിബും നാഷണൽ സെക്രട്ടറി മാൽ ഖീവി ചലിമ സാഹിബുമാണ് ജൽസയിൽ പങ്കെടുത്തിരുന്നത്.

• മൈക്രോനേഷ്യ(Micronesia)യിൽ നിന്ന് വന്ന സംഘത്തിൽ അവിടെത്തെ മുബല്ലിഗ് ഇഹ്തിശാമുൽഹഖ് മഹ്മൂദ് കൗഥർ സാഹിബും സ്റ്റേറ്റ് സെനറ്റർ ഓണറബിൾ Ronson H. Edmond വും ഉണ്ടായിരുന്നു. ഹുദൂർ അവരോടു ജൽസയെ കുറിച്ച് ചേദിച്ചു.

ആ അതിഥികൾ പറഞ്ഞു: ജൽസയിൽ വിവിധ രാജ്യങ്ങളിൽനിന്നു ആളുകൾ സമ്മേളിച്ചിരിക്കുന്നതായി ഞങ്ങൾ കണ്ടു. എല്ലാവർക്കും വളരെ നല്ല ഏർപാടാണ് ചെയ്തിരുന്നത്. വലിയ ഓർഗനൈസഡ് ജൽസയായിരുന്നു. ജോലി ചെയ്തുകൊണ്ടിരുന്ന യുവാക്കളും കുട്ടികളും വൃദ്ധരുമെല്ലാം വലിയ സന്തോഷത്തോടെ ക്ഷീണിക്കാതെ ജോലി ചെയ്യുകയായിരുന്നു. ഹുദൂർ പറഞ്ഞു: വിവിധ രാജ്യങ്ങളിൽനിന്നുള്ള വിവിധ ജനതകളിലെ ആളുകൾ സമാധാന നിർഭരമായ രീതിയിൽ ഇവിടെ കഴിയുന്നത് നിങ്ങൾ കണ്ടു. നിങ്ങളുടെ രാജ്യങ്ങളിലും അത്തരം സമാധാനമുണ്ടാകാനും അച്ചടക്കം നിലനില്ക്കാനും ഞാൻ ദുആ ചെയ്യുന്നു. (തുടരും)

## ബയ്അത്തിന്റെ യാഥാർഥ്യം:

"ഓർമിക്കുക! വെറും ബയ്അത്തും കൈയുടെമേൽ കൈവെക്കലും ഒരു പ്രയോജനവും ചെയ്യുകയില്ല. വെള്ളം കിട്ടാതെ ദാഹംകൊണ്ട് മരണത്തോട് അടുക്കുന്ന ഒരുവനെ, അല്ലെങ്കിൽ കഠിനമായ വിശപ്പുകൊണ്ട് മരിക്കാൻ പോകുന്ന ഒരുവനെ ഒരിറ്റു വെള്ളമോ ഒരു ധാന്യമണിയോ മരണത്തിൽനിന്ന് രക്ഷിക്കുമോ? ഒരിക്കലുമില്ല. എപ്രകാരം ഈ ശരീരത്തെ രക്ഷിക്കുന്നതിന് മതിയാവോളം ഭക്ഷണവും മതിയാവോളം വെളളവും ലഭിക്കുന്നില്ലെങ്കിൽ ഹാനികരമാകുന്നുവോ അതേപ്രകാരം മുഴുനരകത്തിൽനിന്നും അല്പമാത്രമായ നന്മകൊണ്ട് നിങ്ങൾക്ക് രക്ഷപ്പെടാൻ സാധിക്കുകയില്ല. ഞങ്ങൾ കൈയുടെമേൽ കൈവച്ചിരിക്കുന്നു, ഇനി ഞങ്ങൾക്ക് വിഷമിക്കാൻ ഒന്നുമില്ല എന്ന വഞ്ചനയിൽ ഇരിക്കരുത്. സന്മാർഗവും ഒരു മരണമാണ്. ആരാണോ ഈ മരണം സ്വയം വരിക്കുന്നത് അവന് പുതിയൊരു ജീവിതം നല്കപ്പെടുന്നു. പുണ്യാത്മാക്കളുടെ വിശ്വാസവും ഇതുതന്നെയാണ്. അല്ലാഹുവും ഇതേ പ്രാരംഭാവസ്ഥയെക്കുറിച്ചു പറഞ്ഞു, **യാ അയ്യുഹല്ലദീന ആമനൂ അലയ്ക്കും അൻഫുസക്കും** അതായത് ആദ്യം തന്നത്താൻ നന്നാകുക. സ്വന്തം രോഗങ്ങൾ അകറ്റുക. മറ്റുള്ളവരെ കുറിച്ച് ചിന്തിക്കാതിരിക്കുക. അതേ. രാത്രിയിൽ തന്നത്താൻ നന്നാക്കുക. പകൽ മറ്റുള്ളവർക്കും കുറച്ച് നേർവഴി കാണിച്ചുകൊടുക്കുക. അല്ലാഹു നിങ്ങൾക്കു പൊറുത്തുതരുമാറാകട്ടെ. നിങ്ങളുടെ പാപങ്ങളിൽനിന്ന് നിങ്ങൾക്ക് മുക്തി നല്കുമാറാകട്ടെ. നിങ്ങളുടെ ബലഹീനതകളെ നിങ്ങളിൽനിന്ന് അകറ്റുമാറാകട്ടെ. സൽകർമങ്ങളിലും നന്മയിലും അഭിവൃദ്ധിപ്പെടാൻ നിങ്ങൾക്കു തൗഫീഖ് നല്കുമാറാകട്ടെ. ആമീൻ.(തഫ്സീർ ഹദ്റത്ത് മസീഹ് മൗഊദ്(അ) വാല്യം 2, പേജ് 55)

Printed & Published by: Jameel Ahmed Nasir on behalf of Nigran Board of Badar. Name of Owner: Nigran Board of Badar. And printed at Fazle-Umar Printing Press.
Harchowal Road, Qadian, Distt. Gurdaspur-143516, Punjab. And published at office of the Weekly Badar Mohallah - Ahmadiyya, Qadian Distt. Gsp-143516, Punjab. India. Editor: H.Shamsuddin